# കതിരൊളി

പഠിക്കുക

പഠിപ്പിക്കുക

ORGAN OF THE ADHYAYANAMANDALAM

പുസ്തകം 3 ലക്കം 3

# ഉള്ളടക്കം


പേജ്.

1. ക്രൈസ്തവനും കൗദാശിക ജീവിതവും 161
എം. ജെ. തേക്കനാൽ

2. നമ്മുടെ കർബാന നൂററാണ്ടുകളിലൂടെ 168
(റവ. ഡോ. ലൂക്കോസ് സീ. എം. ഐ. )

3. ചരിത്രവും ചിന്തയും I83
(ആർ. സി. വരീക്കയിൽ)

4. ലോകമതങ്ങളും എക്കുമെനിസവും 190
(ബീഡ്. ഗ്രിഫീത്ത്സ്,)

5. ഇസ്രായേലിനു് ദൈവം കൊടുത്ത നാട്ട് 203
(റവ. ഫാ. ഫ്ളോറിൻ സി. എം. ഐ)

6. വിശുദ്ധ ലിഖിതവും പാരമ്പര്യവും 215
(ഫാ. ഡാനീയൽ തോട്ടക്കര സീ. എം. ഐ.)

7. കത്തോലിക്കരുടെ കഥകൾ 220
(കെ. എൻ. ജെ.)

8. മനുഷ്യൻെറ മൗലികാവകാശങ്ങൾ 235
(തോമസ് കണയംപ്ളാവൻ എം. എ.)

# കതിരൊളി

[ഒരു ത്രൈമാസിക പ്രസിദ്ധീകരണം]

പുസ്തകം 3 1964 ഫെബ്രുവരി 15 ലക്കം 3

# ക്രൈസ്തവനും കൗദാശിക ജീവിതവും

## [ചരിത്രപരമായ ഒരവലോകനം]

ക്രിസ്ത്യാനി എന്ന പേരു് ഈ ലോകത്തിൽ ലഭിക്കാവുന്നതിൽ വച്ചേററവും മഹനീയമായ ഔദ്യോഗിക സ്ഥാനപ്പേരാണു്. കാരണമുണ്ടു്: മനുഷ്യവംശത്തിന്റെ പാപക്കറകൾ മുഴുവൻ മായിച്ചു കളയുന്നതിനു വേണ്ടി പീഢകൾ സഹിച്ചു കുരിശിൽ മരിച്ചു പരിത്രാണകർമ്മം പരിപൂർണ്ണമാക്കിയ ക്രിസ്തുവിനെ അനുഗമിക്കുന്നവനാണു ക്രിസ്ത്യാനി. ക്രിസ്തു കുരിശിൽ പരിപൂർണ്ണമാക്കിയ പരിഹാര ബലിയും ഇഹത്തിൽ സ്ഥാപിച്ച സഭയുംവഴി അവിടുത്തെ മൗതിക ശരീരത്തിന്റെ അംഗങ്ങളാകുന്നതിനു് ഓരോ ക്രൈസ്തവനും ഭാഗധേയം സിദ്ധിച്ചിരിക്കുന്നു. അതാണു് ഒരു ക്രൈസ്തവന്റെ അത്യുന്നത മഹിമ. ക്രൈസ്തവന്റെ ജീവിതം ക്രിസ്തുവിന്റെ മൗതികശരീരത്തിലുള്ള ജീവിതമാണു്. ക്രൈസ്തവ ജീവിതത്തെ ചൈതന്യധന്യമാക്കുന്നതിനു വേണ്ടി ദിവ്യരക്ഷകനായ ക്രിസ്തുതന്നെ നിരവധി ജീവതസരണികളെ അതിലേയ്ക്കു തിരിച്ചു വിട്ടിട്ടുണ്ടു്. മൗതിക ശരീരത്തിലുള്ള ജീവിതത്തെ വരപ്രസാദ ധാരവഴി ധന്യധന്യമാക്കുന്ന കൂദാശകളാണു് പ്രസ്തുത ജീവതസരണികൾ. നിലയ്ക്കാത്ത ആ ജീവജലം പാനം ചെയ്യുകയേ വേണ്ടൂ, ഒരു ക്രൈസ്തവന്റെ ജീവിതം കൗദാശിക ജീവിതമാക്കുന്നതിനും ക്രിസ്തുവിന്റെ മൗതിക ശരീരമാകുന്ന സഭയോടു് ഒന്നുചേർന്നുകൊണ്ടു് തിരുക്കർമ്മ ജീവിതം (liturgical life) നയിക്കുന്നതിനും, ഒരു ക്രൈസ്തവന്റെ ദൈവവിളിതന്നെ അതാണു്. കൂദാശകളുടെ കേന്ദ്രം വി. കുർബാനയാകയാൽ ഈ കൗദാശിക ജീവിതത്തെ ഈ ലേഖനത്തിന്റെ പല ഭാഗത്തും ദിവ്യബലിയോടു് അനുബന്ധിച്ചു പരാമർശിച്ചിട്ടുണ്ടു്.

## ഒരു തിരിഞ്ഞുനോട്ടം

ചരിത്രത്തിന്റെ പഴയ ഏട്ടുകളിലേയ്ക്കു നമുക്കൊന്നു തിരിഞ്ഞുനോക്കാം. കൗദാശിക ജീവിതത്തിനു പരമ പ്രാധാന്യം നൽകിയിരുന്ന ഒരു കാലഘട്ടമായിരുന്നു സഭയുടെ ആദ്യത്തെ നാലഞ്ചു നൂറ്റാണ്ടുകൾ. മൗതിക ശരീരമായ സഭയോട് ഒന്നുചേർന്നുകൊണ്ടുള്ള ഒരു കൗദാശിക ജീവിതമായിരുന്നു വിശ്വാസികൾ നയിച്ചുപോന്നത്. അപ്പസ്തോലിക പിതാക്കന്മാരുടെ കാലത്തെ ആചാര രീതികളിലേയ്ക്ക് ഒന്നു കണ്ണോടിച്ചാൽ മതി ഈ യാഥാർത്ഥ്യം മനസ്സിലാക്കുവാൻ. ഉദാഹരണമായി, വിശ്വാസികൾ അന്ന് തിരുക്കർമ്മശുശ്രൂഷയിൽ പങ്കുകൊണ്ടിരുന്ന രീതിതന്നെയെടുക്കാം. കാർമ്മികനായ പുരോഹിതനോടൊത്തു സജീവ ഭാഗഭാഗിത്വമായിരുന്നു വിശ്വാസികൾ വഹിച്ചിരുന്നത്. തങ്ങൾ ചൊല്ലുന്ന പ്രാർത്ഥനകൾക്കു പുറമെ കാർമ്മികൻ ചൊല്ലുന്ന ഓരോ പ്രാർത്ഥനയ്ക്കും "ആമ്മേൻ" എന്ന് അവർ പ്രത്യുത്തരിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം വിശ്വാസികൾ പ്രാർത്ഥനാനിരതരായി തിരുക്കർമ്മ ശുശ്രൂഷയിൽ പങ്കുകൊണ്ടിരുന്നു. തിരുക്കർമ്മ ശുശ്രൂഷകൾ മാതൃഭാഷയിലായിരുന്നുതാനും. തിരുക്കർമ്മശുശ്രൂഷ നടത്തപ്പെടുന്ന അൾത്താരയും പ്രസ്തുത ശുശ്രൂഷയിൽ പങ്കുകൊള്ളുന്ന വിശ്വാസികളുടെ ഗണവും തമ്മിൽ അഭേദ്യമായ ഒരൈക്യം സൃഷ്ടിക്കാൻ പോരുന്ന തരത്തിലായിരുന്നു ശുശ്രൂഷകൾ മിക്കതും (1). ദിവ്യബലിയെ സംബന്ധിച്ചിടത്തോളം അതിൽ പങ്കുകൊള്ളുന്നവരെല്ലാം ദിവ്യകാരുണ്യം സ്വീകരിക്കുക ബലിയുടെ പൂർത്തീകരണത്തിന് അനുപേക്ഷണീയമായി കരുതിപ്പോന്നു.

## കാലങ്ങൾ പിന്നിട്ടപ്പോൾ

ക്രൈസ്തവ സമൂഹങ്ങളിലും വ്യക്തികളിലും കൗദാശിക ജീവിതം ക്രമേണ നിഷ്പ്രഭമാകുവാൻ തുടങ്ങി. ചരിത്രസാക്ഷ്യങ്ങളെ ആസ്പദമാക്കി കണക്കുകൂട്ടുമ്പോൾ 6-ാം നൂറ്റാണ്ടു മുതൽ 11-ാം നൂറ്റാണ്ടു വരെയുള്ള കാലഘട്ടത്തിലാണ് ഇതു സംഭവിച്ചതെന്നു കാണാം. സ്കൊളാസ്റ്റിക് തത്വചിന്തയും സ്കൊളാസ്റ്റിക് ദൈവവിജ്ഞാനീയവും രൂപം പൂണ്ടതോടെയാണ് (1100) മൗതികശരീരത്തിലെ അംഗത്വത്തെപ്പറ്റി പുതിയ കാഴ്ചപ്പാടുകൾ പൊന്തിവന്നതും വ്യക്തികൾ കൂടുതൽ ഉണർവ്വുള്ളവരായതും. മങ്ങിത്തുടങ്ങിയ ക്രൈസ്തവജീവിതത്തിൽ എണ്ണ പകർന്നു തിരിനീട്ടി അതിനെ വീണ്ടും സജീവമാക്കിയതു സെന്റ് തോമസ് അക്വിനാസിന്റെ മഹത്തായ ചിന്താസരണിയായിരുന്നു. അന്നുവരെ നിഗൂഢമായി കണക്കാക്കിയിരുന്ന ദൈവാവിഷ്കൃത സത്യങ്ങൾ സ്കൊളാസ്റ്റിസിസത്തിന്റെ ആവിർഭാവത്തോടെ കൂടുതൽ ജാജ്ജ്വല്യമാനമായി. ക്രൈസ്തവ ജീവിതത്തെപ്പറ്റി പ്രഗാഢം പഠിക്കുവാൻ സഹായകങ്ങളായ നല്ല തത്വങ്ങളും ആശയങ്ങളും അക്വിനാസ് സംഭാവന ചെയ്തു. അങ്ങനെ, ക്രിസ്തീയ ചിന്തയ്ക്ക് അദ്ദേ

---

(1) Cf. Diekmann, Godfrey O.S.B., "Come, Let us Worship"

ഹം അട്ടക്കം രൂപവും നൽകി. ക്രമേണ ബുദ്ധിജീവികളുടെയിടയിൽ ക്രൈസ്തവജീവിതാദർശനത്തിനും പ്രവർത്തന രീതിക്കും മെച്ചപ്പെട്ടൊരു സ്വാഗതം ലഭിച്ചു.

കാലചക്രം പിന്നെയും തിരിഞ്ഞപ്പോൾ ജീവിതത്തിൽ വന്നുകൂടിയ വ്യതിയാനങ്ങൾ കൗദാശിക ജീവിതത്തേയും സ്വാധീനിക്കുകയുണ്ടായി. തിരുക്കർമ്മ ശുശ്രൂഷ പ്രഥമവും പ്രധാനവുമായി പുരോഹിതന്റെ ഒരു പ്രവൃത്തിയെന്ന നിലയിൽ ഒററപ്പെട്ടുപോയി. വിശ്വാസികളുടെ സജീവഭാഗഭാഗിത്വത്തിനുള്ള സാധ്യതകൾ കുറഞ്ഞു. പുരോഹിതനോടൊത്തു വിശ്വാസികളും ചൊല്ലിയിരുന്ന ദിവ്യകാരുണ്യപ്രാർത്ഥന (Eucharistic Prayer) തുടങ്ങിയവ കാർമ്മികൻ തനിയേ ചൊല്ലുക എന്ന രീതി ലത്തീൻറീത്തിലും മററും നടപ്പിലായി. അങ്ങനെ, ബലിപീഠവും വിശ്വാസികളും തമ്മിൽ അകന്നു. അഭികാമ്യങ്ങളായ പലേ പുരാതനാചാരങ്ങളും വിസ്മൃതിയിലാഴുവാൻ തുടങ്ങി.

### ആരാണുത്തരവാദി?

അനഭികാമ്യങ്ങളായ ഇത്തരം വ്യത്യാസങ്ങൾ എങ്ങനെ സംഭവിച്ചു? ആരാണിവയ്ക്കുത്തരവാദി? ഏവംവിധങ്ങളായ നിരവധി ചോദ്യങ്ങൾക്കു ഉത്തരം കണ്ടുപിടിക്കുക വിഷമമുള്ള സംഗതിയാണ്. ഭാഗികങ്ങളായ പലേ കാരണങ്ങൾ ഉന്നയിക്കുവാൻ സാധിക്കും. അവ ഏററിയ പങ്കും ഏകപക്ഷീയങ്ങളോ അപൂർണ്ണങ്ങളോ ആണ്. പൗരസ്ത്യദേശത്തെ കൈയ്യടക്കിയ ആര്യനിസം, ഏകസ്വഭാവവാദം (monophysiticism) തുടങ്ങിയ വിശ്വാസ വൈരുദ്ധ്യങ്ങളും പാശ്ചാത്യ ദേശത്തുണ്ടായ വിസിഗോത്തിക് (Visigotts) ആക്രമണങ്ങളും പ്രസ്തുത സംഭവ വികാസങ്ങൾക്കു കളമൊരുക്കിയെന്നു പറയുന്നതായിരിക്കും കൂടുതൽ ശരി.

### ഭാഷാപ്രശ്നം

പാശ്ചാത്യദേശത്ത് ആദ്യനൂററാണ്ടുകളിൽ ഗ്രീക്കുഭാഷയായിരുന്നു പ്രചുരപ്രചാരത്തിലിരുന്നത്. അതുകൊണ്ട് തിരുക്കർമ്മശുശ്രൂഷയും ഗ്രീക്കുഭാഷയിലത്രെ നടത്തിയിരുന്നതു്. കാലക്രമേണ പലേ പരിവർത്തനങ്ങളും ഉണ്ടായി. ഭാഷകൾ പലതും ചരമഗതി പ്രാപിക്കുകയും പുതുതായി പലതും ജന്മമെടുക്കുകയും ചെയ്തു. പുതുതായി വന്ന ഭാഷകൾ ജനതാമദ്ധ്യത്തിൽ വലിയ സ്വാധീനം കരസ്ഥമാക്കി. ഏതാണ്ട് മൂന്നാം ശതകത്തിന്റെ ആരംഭത്തോടെ വമ്പിച്ച ഒരു വ്യതിയാനം നാം കാണുന്നു. ഗ്രീക്കുഭാഷയിൽ നിന്നു തിരുക്കർമ്മ വിധികൾ ലത്തീൻഭാഷയിലേയ്ക്കു മാറിയതാണതു്. ഈ വ്യതിയാനത്തിനു പ്രധാന കാരണം, ഗ്രീക്കുഭാഷ ഭൂരിഭാഗം ആളുകൾക്കും അജ്ഞാതമായിപ്പരിണമിച്ചുവെന്നതു തന്നെ. പക്ഷേ, മാറിമറിഞ്ഞുകൊണ്ടിരിക്കുന്ന സംസ്കാര വിശേഷതകളും ഉദിച്ചസ്തമിച്ചുകൊണ്ടിരിക്കുന്ന ഭാഷാഗോത്രങ്ങളും പുതിയ പ്രശ്നങ്ങളെ പുറത്തു കൊണ്ടുവന്നു. ഏതാണ്ട് ഒരഞ്ചു നൂററാണ്ടു കഴിഞ്ഞപ്പോഴേയ്ക്കു്, ലത്തീൻഭാഷതന്നെ പൊതുജീവിതത്തിൽ

നിന്നു് അന്തർദ്ധാനം ചെയ്യുവാൻ തുടങ്ങി. ചുരുക്കിപ്പറഞ്ഞാൽ, വൈദികഗണത്തിനും ഉന്നതവിദ്യാഭ്യാസം ലഭിച്ച ചിലർക്കും മാത്രം കൈകാര്യം ചെയ്യാവുന്ന ഒരു ഭാഷയായി അതു പരിണമിച്ചു. എന്നിട്ടും അതു നിലനിന്നു. തിരുകർമ്മ ശുശ്രൂഷയിൽ എന്താണ്ടൊരു ഐകരൂപ്യം വരുത്തുവാൻ കൂടി ആയിരിക്കാം അന്നത്തെ ക്രൈസ്തവസാമ്രാട്ടുകളും ലത്തീൻഭാഷയ്ക്കു് സാർവത്രികാംഗീകാരം നൽകിയതു്. അങ്ങനെ, പാശ്ചാത്യ റീത്തിലെ ആരാധനാഭാഷ, ലത്തീനായി സ്ഥിരീകരിക്കപ്പെട്ടു ഇപ്പോഴും അതങ്ങനെ നിലകൊള്ളുകയും ചെയ്യുന്നു.

## ആധുനികകാലത്തേ വിപത്തു്.

സാമൂഹ്യവും സാംസ്കാരികവുമായ വിവിധ രംഗങ്ങളിൽ ആധുനികജീവിതം അടിക്കടി മുന്നേറുകയാണു്. മനുഷ്യമനസ്സിഷ്കത്തിന്റെ സമൃക്കായ വികാസം ലോകജനതയെ ആകമാനം പ്രകാശിപ്പിക്കുകയും പ്രഃചോദിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. മനുഷ്യൻ ഇന്നു് ബുദ്ധിജീവിതത്തിൽത്തന്നെ നൂറുനൂറു പരിവർത്തനദശകൾ പിന്നിട്ടിരിക്കുകയാണു്. ശാസ്ത്രീയവിചാരം മാത്രമല്ല, ദാർശനികചിന്തയും വിവിധ ജീവിതതലങ്ങളിൽ പുതിയൊരു പ്രസരിപ്പുണ്ടാക്കിക്കൊണ്ടിരിക്കുന്നു. ചിന്തിച്ചു ചിന്തിച്ചു മാർഗ്ഗഭ്രംശം സംഭവിച്ചവരും ഇല്ലാതില്ല. ഓക്കാം ( William Ockham ) പ്രഭൃതികളുടെ നോമിനലിസവും ( Nominalism ) മറ്റും ഇത്തരത്തിലുള്ള വഴിപിഴച്ച ചിന്തയുടെ പരിണതഫലമായിരുന്നു. യുക്തിയും വിശ്വാസവും ഒരിക്കലും പൊരുത്തപ്പെടാത്ത രണ്ടു യാഥാർത്ഥ്യങ്ങളായി ചിത്രീകരിക്കുകയും സാർവ്വത്രികമായവ ( Universals ) യെ നിഷേധിക്കുകയുമാണു് നോമിനലിസത്തിന്റെ സ്വഭാവം. ഇത്തരത്തിലുള്ള പ്രസ്ഥാനങ്ങൾ കൗദാശികജീവിതത്തിനു വലിയൊരിടിവു വരുത്തിവച്ചിട്ടുണ്ടു്. സമൂഹപരമായ തിരുക്കർമ്മാനുഷ്ഠാനങ്ങളെയൊക്കെ താറടിച്ചുകാണിക്കുവാനുള്ള നോമിനലിസ്റ്റു പ്രവണത മനുഷ്യജീവിതത്തിൽ സ്വാധീനം ചെലുത്താതിരുന്നിട്ടില്ല. (1) സാർവ്വത്രികമായിട്ടുള്ളവയൊക്കെ അപ്പാടെ നിഷേധിക്കുകയും വ്യക്തിഗതവാദ ( Individualism ) ത്തെ പൂവിട്ടുപൂജിക്കുകയുമാണു് ഓക്കാമും അനുയായികളും ചെയ്തതു്. വ്യക്തിഗതമായ ഭക്താനുഷ്ഠാനങ്ങൾക്കുമാത്രം പരിഗണന നല്കുകയെന്നതായിരുന്നു നോമിനലിസത്തിന്റെ ആദർശം. പില്ക്കാലത്തു ലൂതറും അനുയായികളും മുഴക്കിയ സമരഭേരി ഇതിന്റെ ഒരാവർത്തനമായിരുന്നുവെന്നു പറയാം. കുറേക്കൂടി വിപുലമായ തോതിലുള്ള ഒരു പ്രക്ഷോഭണസംരംഭമായിരുന്നു അതെന്നൊരു സവിശേഷതയുണ്ടെന്നു മാത്രം.

## ലൂതർപ്രഭൃതികൾക്കുശേഷം.

16—ാം നൂററാണ്ടിൽ മാർട്ടിൻ ലൂതർ സംഘടിതമതത്തിനെതിരായി വിപ്ളവകാഹളം മുഴക്കി. വ്യവസ്ഥാപിതമതവും സംഘാതമായ കർമ്മാ-

(1) Cf. Bouyer, "Spirit and forms of Protestantism"

നുഷ്ഠാനവിധികളും ലൂതറിന്റെ ദൃഷ്ടിയിൽ ഒരധികപ്പററായിരുന്നു. ഓരോ മനുഷ്യനും വ്യക്തിഗതമായ മതമാകാം എന്നൊരു പുതിയ തീസ്സിസ് ലൂതറും അനുയായികളും അവതരിപ്പിച്ചു. അതിനെത്തുടൎന്നുണ്ടായ പ്രത്യാഘാ-തങ്ങൾ കൗദാശികജീവിതത്തിലും കോളിളക്കം സൃഷ്ടിച്ചു. വിശ്വാസികളെല്ലാവരും ഒരുമിച്ചുകൂടിയുള്ള പണ്ടത്തെ സമൂഹപ്രാൎത്ഥനകൾക്കും അനുഷ്ഠാനങ്ങൾക്കും ഉലച്ചിൽ തട്ടി. കൗദാശികജീവിതരംഗം ആകപ്പാടെ നിഷ്ക്രിയമായിത്തീൎന്നു. ആധികാരികമല്ലാത്ത നിരവധി പ്രാൎത്ഥനപ്പുസ്തകങ്ങളും മററും ലൂതറും അനുയായികളും പ്രസിദ്ധപ്പെടുത്തി. വ്യക്തി-ഗത പ്രാൎത്ഥനാരീതികൾക്കുമാത്രം പ്രാധാന്യം നല്കി, സമൂഹപരമായ ഭക്താനുഷ്ഠാനങ്ങളെ നിരുത്സാഹപ്പെടുത്തി. 16—ാം നൂററാണ്ടിലെ 'ലിററർജിക്കൽ പ്രസ്ഥാന'ത്തെ സ്വേച്ഛാനുസൃതമായ ഒരു പന്ഥാവിലേയ്ക്കു തിരിച്ചുവിടുവാനായിരുന്നു ലൂതർ യത്നിച്ചതു്. സഭയുടെ കാഴ്ചപ്പാടിലൂടെയുള്ള പ്ലാനും പദ്ധതിയുമെല്ലാം അദ്ദേഹം അവഗണിക്കുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്തു. എന്നാൽ, കത്തിയണഞ്ഞുതുടങ്ങിയ വിശ്വാസദീപത്തെ സജീവമാക്കുന്നതിനു സഭയുടെ വീരപ്രേഷിതർ അക്കാലത്തു് അ-ശ്രാന്തം പരിശ്രമിക്കുകതന്നെ ചെയ്തു. രൂപതാടിസ്ഥാനത്തിലുള്ള പ്രാദേശികസമ്മേളനങ്ങളും മററും ലൂതറൻ വെല്ലുവിളിക്കു കുറെയൊക്കെ പരിഹാരമാൎഗ്ഗം നിൎദ്ദേശിക്കുകയുണ്ടായി. എല്ലാത്തിനുമുപരിയായി വിശ്വാസദീപ്തി പ്രസരിച്ചു് കൗദാശികജീവിതത്തിനു പുത്തൻ ചൈതന്യം കൈവന്നതു് ത്രെന്തോസ് സൂനഹദോസ് വഴിയാണു്. കൗദാശികജീവിതത്തിനു് ഉണർവ്വും ഉത്തേജനവും നല്കുന്ന പരിപാടികൾ സൂനഹദോസ് ആസൂത്രണം ചെയ്തു. മനുഷ്യമനസ്സിനെ ബാധിച്ചിരുന്ന മൂടൽമഞ്ഞു സൂനഹദോസ് ചർച്ചകളുടെ വെളിച്ചത്തിൽ ഏതാണ്ടു് ഇല്ലാതായി. മുൻവിധികളും അന്ധവിശ്വാസങ്ങളും ഉപേക്ഷിച്ചു മൗതികശരീരത്തിലെ അംഗത്വം മനസ്സിലാ-ക്കി ജീവിതത്തെ കൗദാശികജീവിതമാക്കിപ്പകൎത്തുവാൻ സഭാസന്താനങ്ങൾക്കു് അതു പ്രേരണ നല്കി. കൗദാശികജീവിതത്തിൽ വിശ്വാസികളുടെ ഭാഗഭാഗിത്വം സജീവമാക്കുന്നതിനുതകുന്ന പലേ നല്ല കാൎയ്യങ്ങളും സൂനഹ-ദോസ് നടപ്പിലാക്കി. പാശ്ചാത്യറീത്തിലെ ബലിയിൽ വിശ്വാസികളുടെ ഭാഗഭാഗിത്വം സജീവമാക്കുവാൻ വേണ്ടി ഒരു കുർബ്ബാനപ്പുസ്തകം ( Missal ) തയ്യാറാക്കിയതുതന്നെ അക്കാലസാഹചര്യങ്ങളിൽ ഒരു വലിയ സഹായമായിരുന്നു. വെറും, യാന്ത്രികമായി വിശ്വാസികൾ ബലിയിൽ സംബന്ധിക്കുക എന്ന ദുരവസ്ഥ ഇതോടെ തെല്ലൊന്നു പരിഹരിക്കപ്പെട്ടു.

### ഒരു പുത്തൻ ഉണർവ്വ്.

കാലത്തിന്റെ പരിവൎത്തനങ്ങൾക്കൊത്തു സഭയിലും കൗദാശികജീവിതത്തിലും വന്നുകൊണ്ടിരിക്കുന്ന ചലനങ്ങൾ സൂക്ഷ്മനിരീക്ഷണം ചെയ്യു-മ്പോൾ വലിയ മാററങ്ങൾ ഈ അടുത്തകാലത്തു് ഉണ്ടായിട്ടുള്ളതായിക്കാണാം. കൗദാശികജീവിതത്തിൽ വിശ്വാസികൾക്കുള്ള വൎദ്ധിച്ച അഭിനിവേശവും ആദരവുമാണു് ഇതു വെളിപ്പെടുത്തുക അപ്പസ്തോലികകാലത്തെ മഹത്താ

യ ആചാരാനുഷ്ഠാനങ്ങളിലേയ്ക്കു തിരിച്ചുപോകുവാനുള്ള ആഗ്രഹം ജനഹൃദയങ്ങളിൽ കുടികൊള്ളുന്നുണ്ട്. 13-ാം ലെയോ മാർപ്പാപ്പായുടെ കാലം മുതൽക്കാണു് മഹത്തായ ഈ ആശയം രൂപം കൊണ്ടതു്. അന്നുമുതലുള്ള കാലത്തെ "The Period of the return to the liturgy" എന്നാണു വിളിക്കുന്നതു്. കൗദാശികജീവിതത്തെ വിഘ്നപ്പെടുത്തുവാൻ കിണഞ്ഞു പരിശ്രമിക്കുന്ന വിരുദ്ധശക്തികൾക്കൊരു തിരിച്ചടിയായിരുന്നു ഇതു്. മാതൃഭാഷയിൽ തിരുക്കർമ്മശുശ്രൂഷകൾ നടത്തിക്കാണുവാൻ കൊതിക്കുന്ന ഇന്നത്തെ വിശ്വാസികളുടെ അഭിലാഷം ഈ വസ്തുതയല്ലേ വിളിച്ചറിയിക്കുന്നതു്? പൗരസ്ത്യറീത്തുകളിൽ പലതിലും ആരാധനാഭാഷ മാതൃഭാഷതന്നെയാണു്. പുരാതനമായ നല്ല ആചാരാനുഷ്ഠാനങ്ങൾ മിക്കവയും പാലിച്ചുകൊണ്ടു വരുന്നവയുമാണു പൗരസ്ത്യറീത്തുകൾ. പോരെങ്കിൽ ആധുനികാലത്തുണ്ടായിട്ടുള്ള അഭിനിവേശത്തിനനുസൃതം വിശ്വാസികളുടെ സജീവഭാഗഭാഗിത്വത്തിനുള്ള സാദ്ധ്യതകൾ വിപുലമാക്കിക്കൊടുക്കുവാൻ പോരുന്നതാണു സഭാധികാരികളുടെ നിലപാടും. 11-ാം പിയൂസ് മാർപ്പാപ്പായുടെ "മിസ്സരേൻറിസ്സീമൂസ് റെഡെംതോർ" (Misserentissimus Redemptor, May 8, 1926) പീയൂസ് 12-ാമൻ പാപ്പായുടെ "മേഡിയാത്തോർ ഡേയി," (Mediator Dei, Nov 20, 1947) തുടങ്ങിയ ചാക്രികലേഖനങ്ങൾ ഈ വസ്തുതയല്ലേ വിളിച്ചറിയിക്കുന്നതു? കൗദാശിക ജീവിതത്തിൻെറ പ്രാധാന്യത്തെപ്പറ്റി അവ ഉദ്ഘോഷിക്കുന്നു നമ്മുടെ പ്രായോഗിക ജീവിതത്തിനു ചൂടും വെളിച്ചവും ലഭിക്കുന്നതു കൗദാശികജീവിതത്തിൽ നിന്നായിരിക്കണം. അതായതു്, ആത്മനിഷ്ഠമായ കൃത്യങ്ങൾ വസ്തുനിഷ്ഠമായവയിൽ അധിഷ്ഠിതമായിരിക്കണം. ഇവ രണ്ടും തമ്മിൽ യാതൊരു വൈരുദ്ധ്യവുമില്ലെന്നു മാത്രമല്ല, ദിവ്യബലിയിലുള്ള ഭാഗഭാഗിത്വവും കൂദാശകളുടെ സ്വീകരണവും കൂടാതെയുള്ള ആത്മനിഷ്ഠമായ ഭക്തി ഫലശൂന്യവുമത്രേ (1). കാരണം, ബലി വരപ്രസാദത്തിൻെറ ഉറവിടവും കൂദാശകൾ സ്രോതസ്സുകളുമാണു്.

കേരളത്തെസ്സംബന്ധിച്ചു പറയുകയാണെങ്കിൽ, സീറോ-മലങ്കര റീത്തിലെ തിരുക്കർമ്മശുശ്രൂഷ ആരംഭകാലം മുതൽക്കേ മാതൃഭാഷയിലാണെന്നുള്ള വസ്തുത തികച്ചും സ്മരണീയമാണു്. തിരുക്കർമ്മജീവിതത്തിലുള്ള സജീവഭാഗഭാഗിത്വത്തെ പരിപുഷ്ടമാക്കുന്നതിനു സീറോ-മലബാർ റീത്തു പുനരുദ്ധാരണം വളരെയധികം സഹായകമായിട്ടുണ്ടു്. പുനരുദ്ധരിച്ച കുർബാനക്രമത്തിലെ ബലിയർപ്പണം ദേശീയഭാഷയിലാണെന്നുള്ളതു് എത്ര ആശ്വാസദായകമല്ല! ജനങ്ങളെ കൂടുതൽ സജീവമായി കൗദാശികജീവിതത്തിൽ ഭാഗഭാക്കുകളാക്കുന്നതിനുള്ള തീവ്രയത്നങ്ങൾ ആഗോളവ്യാപകമായ ലത്തീൻറീത്തിലും ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണു്. കാലത്തിൻെറ ആവശ്യങ്ങൾ മനസ്സിലാക്കി വേണ്ടതു ചെയ്യുവാൻ തയ്യാറാകണമെന്നു

(1) Cf, Mediator Dei, ns. 28, 35

രണ്ടാം വത്തിക്കാൻ സൂനഹദോസിൽ മുഴങ്ങിക്കേൾക്കുന്ന ശബ്ദം ഒരു ആദ്ധ്യാത്മിക പുനരുത്ഥാനത്തിന്റെ നാന്ദിയായിത്തന്നെ കരുതണം.

ജ്ഞാനസ്നാനമെന്ന ദിവ്യകൂദാശവഴി ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയിലെ അംഗങ്ങളായിത്തീരുന്നുവെന്ന കാരണത്താൽത്തന്നെ ഓരോ വിശ്വാസിക്കും സഭയോടൊത്തു ചിന്തിക്കുന്നതിനും സഭയുടെ ആദർശങ്ങൾക്കനുസരണം ജീവിക്കുന്നതിനും അവളുടെ ഭക്തകൃത്യങ്ങളിലും ആരാധനാനുഷ്ഠാനങ്ങളിലും സജീവമായി പങ്കുകൊള്ളുന്നതിനും അവകാശവും കടമയുമുണ്ട്. ജ്ഞാനസ്നാനമാകുന്ന ദിവ്യകൂദാശയെ "അൽമായന്റെ പൗരോഹിത്യം" (1) എന്ന പരിപാവന സംജ്ഞയാൽ വി. ജറോം വിശേഷിപ്പിച്ചിരിക്കുന്നതും ഇക്കാരണത്താലായിരിക്കണം. ശിഷ്യപ്രധാനന്റെ വാക്കുകളും ഇത്തരുണത്തിൽ ശ്രദ്ധാർഹമാണ്: "നിങ്ങൾ ആചാര്യത്വം നിർവഹിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട വംശവും വിശുദ്ധ ജനവും രക്ഷിക്കപ്പെട്ട ഗണവുമാകുന്നു" (2).

## കൗദാശികജീവിതം

പരമമായ അർത്ഥത്തിൽ കൂദാശ എന്നു പറയുന്നതു ദിവ്യബലിയാണ്. കാരണം, ദിവ്യബലിയാണ് ക്രിസ്തുമതത്തിന്റെ സാരസംഗ്രഹം. ആകയാൽ കൗദാശികജീവിതം ദിവ്യബലിയിലുള്ള ജീവിതമാണ്. ഇന്നു സഭയിൽ ഏററവും ഉൽബുദ്ധമായിരിക്കുന്ന വിചാരഗതിയും കൗദാശിക ജീവിതത്തെക്കുറിക്കുന്നതാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രഥമസമ്മേളനത്തിലെ ചർച്ചാവിഷയങ്ങളിൽ കൗദാശിക ജീവിതവും ഉൾപ്പെട്ടിരുന്നുവെന്ന വസ്തുതതന്നെ ഈ നിഗമനത്തിന് ഈടുകൂട്ടുന്നു. ആരാധനക്രമത്തിൽ ദേശീയഭാഷകൾ ഉപയോഗിക്കുന്ന കാര്യത്തിൽ സഭാപിതാക്കന്മാർ പൊതുവേ താല്പര്യം കാണിക്കുകയുണ്ടായി. അങ്ങനെ ഭാഷാപ്രശ്നം ആസന്നഭാവിയിൽ ഏറെക്കുറെ പരിഹൃതമാകുവാൻ പോകുകയാണ്. ആരാധനക്രമത്തെ അതിന്റെ പൂർവ്വികസ്ഥിതിയിൽ—പുരാതന നൈർമ്മല്യത്തിൽ—പുനസ്ഥാപിക്കുക, കൂട്ടപ്രാർത്ഥനകളിലും ഗീതങ്ങളിലുമെല്ലാം മാതൃഭാഷയ്ക്കു മുൻഗണന നല്കുക തുടങ്ങിയ കാര്യങ്ങൾ പ്രാധാന്യമുള്ളവയാണ്. ധന്യവും പുരാതനവുമായ ആരാധനാനുഷ്ഠാനങ്ങൾ അവയുടെ പൗരാണിക സവിശേഷതകൾക്കിളക്കം തട്ടാതെ, അന്യൂനം കാത്തുസൂക്ഷിക്കുന്നതിനു പരിശുദ്ധ സിംഹാസനം സദാ സന്നദ്ധമാണ്. ഇത്തരുണത്തിൽ നാം നമ്മുടെ കടമ മനസ്സിലാക്കി പ്രവത്തിക്കുക, കൗദാശികജീവിതം പ്രവൃത്ത്യുന്മുഖവും സമ്പൂർണ്ണവുമാകുമെന്നതു തീർച്ച.

എം. ജെ. തേക്കനാൽ

---

(1) Cf. Migne, Contra Luciferians'— 4, P. L. 23, 158.

(2) പത്രോ. 2, 9.

# നമ്മുടെ കുർബാന നൂറ്റാണ്ടുകളിലൂടെ

മിശിഹാ അർപ്പിച്ച ഒന്നാമത്തെ കുർബാന അപ്പസ്തോലികകാലത്തും രണ്ടും, മൂന്നും, നാലും, നൂറ്റാണ്ടുകളിലും കുർബാനയ്ക്കു വന്നിട്ടുള്ള പരിണാമങ്ങൾ—റീത്തുകൾ—കുർബാനയുടെ വളർച്ച— അനഫോറകൾ— ആധുനികരൂപം തുടങ്ങി കുർബാനയെപ്പറ്റി വസ്തുനിഷ്ഠമായും ഗവേഷണാത്മകമായുമുള്ള ഒരു ആധികാരിക പഠനം.

റവ. ഡോ. ലൂക്കാസ് സി. എം. ഐ.

## ഒന്നാമത്തെ കുർബാന

എല്ലാവർക്കും അറിയാവുന്ന ഒരു വസ്തുതയാണ് നമ്മുടെ കർത്താവീശോമിശിഹാ പീഡാനുഭവത്തിനുമുമ്പ് സെഹിയോൻ ശാലയിൽ വെച്ചർപ്പിച്ചതാണ് ഒന്നാമത്തെ കുർബാനയെന്ന്, സെഹിയോൻ ശാലയിൽവച്ച് മിശിഹാ അർപ്പിച്ചത് യഹൂദമുറപ്രകാരമുള്ള പെസഹാ വിരുന്നായിരുന്നു. അതിനാൽ ഒന്നാമത്തെ കുർബാനയുടെ വിശദാംശങ്ങൾ അറിയണമെങ്കിൽ യഹൂദന്മാരുടെ പെസഹാതിരുനാളിന്റെ ക്രമങ്ങൾ അറിഞ്ഞെമതിയാവൂ.

## യഹൂദന്മാരുടെ പെസഹാതിരുന്നാൾ

ഈജിപ്തിൽ നിന്ന് ഇസ്രായേൽ ജനം വിമോചിക്കപ്പെട്ടതിന്റെ സ്മാരകമായിട്ടാണ് പെസഹാതിരുനാൾ യഹൂദരുടെയിടയിൽ രൂപമെടുത്തത് (1) ഇതു ഭക്ഷണപാനീയങ്ങളോടുകൂടിയ ഒരു വിരുന്നായിരുന്നു. ഈ വിരുന്നിലെ ചടങ്ങുകളാകട്ടെ വിവിധങ്ങളാണ്. ഏഴു വ്യത്യസ്തപ്പെട്ട ഘടകങ്ങൾ അതിൽ കാണുവാൻ സാധിക്കും.

1) കൂടിയിരിക്കുന്ന ജനങ്ങളെല്ലാം സ്വസ്ഥാനങ്ങളിൽ ആസനസ്ഥരായതിനുശേഷം പാത്രങ്ങളിൽ വീഞ്ഞു നിറച്ച് ഒരു പ്രാർത്ഥനയോടുകൂടി അതനുഭവിക്കുന്നു.

---

(1) പുറപ്പാട്, അ. 12-13 കാണുക.

2) സംഘാദ്ധ്യക്ഷൻെറ പക്കൽ സൂചനാപരമായി ഏതാനംപുല്ലുവർഗ്ഗങ്ങളും പുളിപ്പില്ലാത്ത രണ്ടപ്പവും കൊണ്ടുവരുന്നു. സൂചനാപരമായി ഇപ്പ്രാവശ്യം പുല്ലുവർഗ്ഗങ്ങളിൽ നിന്നുമാത്രം സംഘാദ്ധ്യക്ഷൻ സ്വല്പം രുചിക്കുന്നു. മററുള്ളവർക്കും രുചിക്കുന്നതിനായികൊടുക്കുന്നു.

3) അതിനുശേഷം പാത്രങ്ങളിൽ വീണ്ടും വീഞ്ഞുയിറച്ച് പ്രാർത്ഥനയോടുകൂടി എല്ലാവരും അതിൽ നിന്ന് അനുഭവിക്കുന്നു.

4) പിന്നീട് എല്ലാവരും കൈകൾ കഴുകിയതിനുശേഷം, സംഘാദ്ധ്യക്ഷൻ തൻെറ അടുക്കൽ കൊണ്ടുവന്ന അപ്പങ്ങളിൽ ഒന്നെടുത്തുയർത്തി അതിൻെറ സൂചനാർത്ഥത്തെ എല്ലാവരെയും മനസ്സിലാക്കികൊടുക്കുന്നു. അനന്തരം പ്രാർത്ഥനയോടുകൂടി ആശീർവ്വദിച്ചു മുറിച്ച് എല്ലാവർക്കും വിഭജിക്കുന്നു.

5) തുടർന്ന് നടക്കുന്നത് സാധാരണ രീതിയിലുള്ള ഭക്ഷണമാണ്. എല്ലാവരും തൃപ്തിയായി ഭക്ഷിക്കുന്നു.

6) ഭക്ഷണത്തിനുശേഷം എല്ലാവരും കൈകൾകഴുകിക്കഴിയുമ്പോൾ പാത്രങ്ങളിൽ വീഞ്ഞുനിറക്കുന്നു, സ്വല്പം വെള്ളവും അതിൽ കലർത്തുന്നു. ആശീർവാദപ്രാർത്ഥനയോടുകൂടി അതും അനുഭവിക്കുന്നു.

7) അവസാനമായി പാത്രങ്ങളിൽ വീണ്ടും വീഞ്ഞുനിറച്ച് പ്രാർത്ഥനയോടുകൂടി അതനുഭവിച്ചശേഷം "ഹല്ലേൽ" പാടി എല്ലാവരും പിരിയുന്നു. (2)

യഹൂദന്മാരുടെ ഈ ആചാരമുറകളുടെ വെളിച്ചത്തിൽ വേണം നമ്മുടെ കർത്താവിൻെറ ഒടുവിലത്തെ അത്താഴത്തെക്കുറിച്ചുള്ള വിവരണം സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നതു മനസ്സിലാക്കുവാൻ.

(2) Manseus S. J. Institutiones de Ritibus Orientalibus II P. P. 408 sq.

| | |
|---|---|
| (ലൂക്കാ—അ. 22—വാക്യം 17)<br>"അവൻ പാനപാത്രം എടുത്തു സ്തോത്രം ചെയ്തു അരുളിച്ചെയ്തു:<br>"ഇതു വാങ്ങി നിങ്ങൾ തമ്മിൽ ഭാഗിക്കുവിൻ" | മേൽ 3–ാം ഖണ്ഡികയിൽ വിവരിച്ചിരിക്കുന്ന യഹൂദവിരുന്നിൻെറ ഭാഗമാണിതു്. |
| (Ibid, വാക്യം 19)<br>"പിന്നെ അവൻ അപ്പമെടുത്തു സ്തോത്രംചെയ്തു മുറിച്ചു് അവക്കു കൊടുത്തുകൊണ്ടരുളിച്ചെയ്തു: "ഇതു നിങ്ങൾക്കായി നൽകപ്പെടുന്ന എൻെറ ശരീരമാകുന്നു. ഇതു് എൻെറ ഓമ്മയ്ക്കായി നിങ്ങൾ ചെയ്യുവിൻ" | മേൽ4—ാം ഖണ്ഡികയിൽ കുറിച്ചിരിക്കുന്ന ചടങ്ങിനു പകരം മ്ശിഹാ അനുഷ്ഠിച്ചതാണിതു്.<br><br>യഹൂദമുറ അനുസരിച്ചു് അപ്പം ഉയത്തി, മുറിച്ചു്, അതു വിഭജിച്ചുവെങ്കിലും അതിൻെറ സൂചനം യഹൂദമുറകളിൽ കേട്ടിട്ടുള്ള ഒന്നായിരുന്നില്ല: "നിങ്ങൾക്കുവേണ്ടി നൽകപ്പെടുന്ന (അപ്പിക്കപ്പെടുന്ന) എൻെറ ശരീരമാകുന്നുഇതു്." യഹൂദമുറകളിൽ ഈ സ്ഥാനത്തു വേറെ പ്രാത്ഥനകളുണ്ടായിരുന്നു. അതിവിടെയില്ല.<br><br>"ഇതെൻെറ ഓർമ്മയ്ക്കായി ചെയ്യുവിൻ" എന്നു് മിശിഹായുടെ ഒരാജ്ഞയും പുതുതായി ഇവിടെ കാണുന്നുണ്ടു്. |
| വാക്യം 20—a.<br>"അവൻ അത്താഴം കഴിച്ച ശേഷം..." | മേൽ 5—ാം ഖണ്ഡികയിൽ കുറിച്ചിരിക്കുന്ന യഹൂദമുറയനുസരിച്ചുള്ള പൂണ്ണഭക്ഷണത്തെയാണു് ഇവിടെ സൂചിപ്പിക്കുന്നതു്. |

വാക്യം 20—b

"ഇങ്ങനെതന്നെ പാനപാത്രത്തെപ്പററിയും അവൻ അരുളിച്ചെയ്തു "ഈ പാനപാത്രം നിങ്ങൾക്കു വേണ്ടി ചിന്തപ്പെട്ടുന്ന എന്റെ രക്തം കൊണ്ടുള്ള പുതിയ നിയമം ആകുന്നു."

[ഈ ഭാഗം ശ്രദ്ധേയമാണ്. ഭക്ഷണത്തിനു ശേഷം യഹൂദമുറ അനുസരിച്ച്, പാനപാത്രത്തിൽ വീഞ്ഞു നിറച്ചു കുടിച്ചിരുന്നുവെങ്കിലും, ഇവിടെ ഉച്ചരിക്കുന്നവാക്യങ്ങളും, ഉന്നയിക്കുന്ന സംപനയും, യഹൂദമുറകളിൽനിന്നു വിഭിന്നമാണ്. ഇതോടുകൂടിയാണ് കുർബാനയുടെ സ്ഥാപനം പൂർത്തിയാകുന്നതു്.]

ഇങ്ങനെ പെസഹാവിരുന്നിനിടയിൽ മിശിഹാ പരിശുദ്ധ കുർബാന—അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ സ്വശരീരരക്തങ്ങൾ നൽകിക്കൊണ്ടു്, ആദ്യമായി അപ്പിച്ചു. അതാവർത്തിക്കുന്നതിനു നമ്മോടാജ്ഞാപിച്ചുകൊണ്ടു് പ. കുർബാന ശാശ്വതമായി സ്ഥാപിക്കുകയും ചെയ്തു. (2a)

**കുർബാന അപ്പസ്തോലിക കാലങ്ങളിൽ:**

അപ്പസ്തോലിക നടപടികളിൽ കുർബാനയുടെ അനുഷ്ഠാനത്തെക്കുറിച്ചു് പറഞ്ഞിരിക്കുന്നതു് "അപ്പംമുറിയ്ക്കൽ" എന്നാണ്. (3)

എന്നാൽ എങ്ങിനെയാണ് ഈ "അപ്പംമുറിയ്ക്കൽ" നിർവ്വഹിച്ചിരുന്നതെന്നു് വേദപുസ്തകങ്ങളിൽ വ്യക്തമായി പറഞ്ഞിട്ടില്ല. പക്ഷേ വി. പൗലോസ് തന്റെ ലേഖനങ്ങളിൽ ഇതു സം

---

(2 a) ഇപ്പോൾ സമ്മേളിച്ചിരിക്കുന്ന 2—ാം വത്തിക്കാൻ സൂനഹദോസ്, കഴിഞ്ഞ ഒക്ടോബർ 8—ാം തീയതിയിലെ സമ്മേളനത്തിൽ കുർബാനയെക്കുറിച്ചു ചേർത്തിരിക്കുന്നവിശദീകരണം പ്രകൃതത്തിൽ സ്മരണീയമാണു്.
"പ. കുർബാന തിരുസഭയെ ഏല്പിച്ചിരിക്കുന്ന ബലിയും, നമ്മുടെ കർത്താവിന്റെ പാടുപീഡകളുടെയും മരണത്തിന്റെയും ഓർമ്മയും, ഐക്യത്തിന്റെ ചിഹ്നവും, പെസഹാവിരുന്നും ആണു്" (Examiner, 1963, Oct 19, P. 673)

(3) നടപടി 2, 42; 2, 46; 20,7
1 കൊറി, 10, 16-മുതലായവ കാണുക.

ബന്ധിച്ച് ചില സൂചനകൾ നൽകുന്നുണ്ട്.

"നിങ്ങൾ ഒരുമിച്ചുകൂട്ടുമ്പോൾ നമ്മുടെ കർത്താവിൻെറ ദിവസത്തിനനുയോജിക്കുന്ന വിധത്തിലല്ല നിങ്ങൾ ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്യുന്നത്."

"മറിച്ച് ഓരോരുത്തനും അവനവൻെറ അത്താഴം മുൻകൂട്ടികഴിക്കുന്നു......ഇങ്ങനെ ഒരുത്തൻ വിശന്നും മറെറാരുത്തൻ ലഹരിപിടിച്ചും ഇരിക്കുന്നു." (4)

അപ്പംമുറിക്കൽ ഒരു വിരുന്നിനോടനുബന്ധിച്ച നടത്തിയിരുന്നു എന്നനുമാനിക്കുവാൻ സാധിക്കും ഈ വാക്യങ്ങളിൽനിന്നു്.

ഇവിടെ സൂചിപ്പിക്കുന്ന "വിരുന്നു" യഹൂദരുടെ പെസഹാവിരുന്നായിരിക്കുമോ? അല്ല എന്നുവേണം വിചാരിക്കുവാൻ. കാരണം പെസഹാവിരുന്നു് യഹൂദമുറ അനുസരിച്ചേ നടത്തിയിരുന്നുള്ളു. അതു ദിവസേന ആവർത്തിക്കുന്നതിനു് അത്ര എളുപ്പവുമല്ലായിരുന്നു. കാരണം അത്ര ബഹുലമായിരുന്നു അതിലെചടങ്ങുകൾ. യഹൂദരുടെയിടയിൽ മതാനുഷ്ഠാനത്തോടു ബന്ധപ്പെട്ട വേറെയുമുണ്ടായിരുന്നു വിരുന്നുകൾ. ഉദാ. എല്ലാ ശാബതത്തിലും ആചരിച്ചിരുന്നു ഇപ്രകാരമൊരു വിരുന്നു്. അപ്പസ്തോലിക കാലങ്ങളിൽ നടത്തിയ അപ്പം മുറിക്കൽ ഇതുപോലെയുള്ള വല്ല വിരുന്നിനോടു കൂടി ഘടിപ്പിച്ചിരിക്കാനാണെളുപ്പം. വിരുന്നിനോടനുബന്ധിച്ച് "അപ്പംമുറിക്കൽ" നടത്തിയിരുന്നതിനാലായിരിക്കണം ആദ്യ കാലങ്ങളിൽ "അഗപ്പെ" (5)(സ്നേഹത് വിരുന്നു്) എന്ന പേരിനാൽ അപ്പംമുറിക്കൽ ശുശ്രൂഷ അഥവാ പ. കർബാന അറിയപ്പെട്ടിരുന്നതു്.

ഏതായാലും അധികകാലതാമസമെന്യേ വിരുന്നിൽ നിന്നു് "അപ്പംമുറിക്കൽ ശുശ്രൂഷ അഥവാ കർബാനയർപ്പണം മാററി എന്നു വിചാരിക്കുവാൻ ന്യായമുണ്ടു്. ഇതിനുള്ള കാരണം വി. പൗലോസിൻെറ ലേഖനത്തിൽ ചൂണ്ടിക്കാണിക്കുന്നവയായിരിക്കണം. (6)

---

(4) 1 Cor 11,20-21

5) അലക്സാണ്ട്റിയായിലെ ക്ലെമിസ്, ഒറിജിൻ, ഹിപ്പോളിററസ് മുതലായവരുടെ കൃതികളിൽ "അഗപ്പെ" എന്നപദമാണു് പ. കർബാനയെക്കുറിച്ചുപയോഗിച്ചു കാണുന്നതു്.

(6) 1 കൊറി, 11, 17—34

ഒന്നാം നൂററാണ്ടവസാനിച്ചതോട്ടുകൂടിയെങ്കിലും ഇവ വേർപെടുത്തി എന്നു വിചാരിക്കണം. (7) വിരുന്നിൻെറ സ്ഥാനത്തു സുദീർഘമായ ഒരു കൃതജ്ഞതാപ്രാർത്ഥന (Eucharistic prayer) യാണു് സ്ഥലം പിടിച്ചതു്. (8) ഈ പ്രാർത്ഥനയുടെ ഇടയ്ക്കാണു് കൂദാശവാക്യങ്ങൾ ചേർത്തിരിക്കുന്നതു്. "അപ്പംമുറിക്കലും "സ്നേഹത്ത് വിരുന്നും" ഇങ്ങനെയായിരിക്കണം Eucharistia" (കൃതജ്ഞത) ആയിമാറിയതു്. പന്ത്രണ്ടു ശ്ലീഹന്മാരുടെ പഠനം (Didache) എന്നറിയപ്പെട്ടുന്ന കൃതിയിൽതന്നെ ഈ പേരുമാററം കാണുന്നുണ്ടു് (9)ഏതായാലും രണ്ടാം നൂററാണ്ടിൻെറ ആരംഭത്തിൽ "Eucharistia" എന്നപേരു സഭയിൽ സർവ്വസാധാരണമായി.

## കുർബാന രണ്ടാം നൂററാണ്ടിൽ

വി. ജസ്റ്റിൻെറ (10) വിവരണമാണു് ഇതിൽ നമ്മുടെ പ്രധാനമായ ആധാരം. വി. ജസ്റ്റിൻ കുർബാനയെക്കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നതിങ്ങനെയാണു്.

"ഞായറാഴ്ച ദിവസം പട്ടണങ്ങളിലും ഗ്രാമങ്ങളിലും താമസിക്കുന്നവർ ഒരു പൊതു ആഘോഷത്തിനായി ഒരുമിച്ചുകൂട്ടും. അപ്പോൾ അപ്പസ്തോലന്മാരുടെ ഓർമ്മക്കുറിപ്പുകളും പ്രവാചകന്മാരുടെ എഴുത്തുകളും സമയം അനുവദിക്കുന്നതുപോലെ വായിക്കുന്നു. വായനക്കാരൻ വായിച്ചുകഴിയുമ്പോൾ സംഘപ്രമാണി വായിച്ചുകേട്ട സംഗതികളെ ആസ്പദമാക്കി സന്മാർഗ്ഗനിഷ്ഠയെക്കുറിച്ച് ഒരുപദേശം പറയുന്നു. പിന്നീടു് എല്ലാവരും എഴുന്നേററു നിന്നുകൊണ്ടു് പ്രാർത്ഥനകൾ ചൊല്ലുന്നു. പ്രാർത്ഥന കഴിയുമ്പോൾ മുമ്പു പ

---

(7) Jungmann, S.J; The Early liturgy, P. 34

(8) ഇന്നു് എല്ലാ റീത്തുകളിലും തന്നെ കുർബാനയിൽ "കൃതജ്ഞതാപ്രാർത്ഥന" എന്നൊരു ഭാഗമുണ്ടു്. കൃതജ്ഞതയുടെ ആശയം പ്രാർത്ഥനയിൽ ഉള്ളതിനാലായിരിക്കണം "കൃതജ്ഞതാപ്രാർത്ഥന" എന്നിതിനു പേരു വന്നതു്.

(9) Didache 9, 1-കാണുക. 1–ാം നൂററാണ്ടിൻെറ അവസാനത്തോടുകൂടി എഴുതിയ ഒരു കൃതിയാണിതു് എന്നു കണക്കാക്കപ്പെടുന്നു.

(10) വി. ജസ്റ്റിൻ 2–ാം നൂററാണ്ടിൻെറ മദ്ധ്യത്തിലാണു് "Apologia" എന്ന തൻെറകൃതി എഴുതുന്നതു്. പ്രസ്തുത കൃതിയിൽ കുർബാനയെക്കുറിച്ചു രണ്ടു വിവരണം നൽകുന്നുണ്ടു്.

റഞ്ഞിട്ടുള്ളതുപോലെ അപ്പവും സ്വല്പം വെള്ളംകലത്തിയ വീഞ്ഞും കൊണ്ടുവരുന്നു. സംഘാദ്ധ്യക്ഷൻ തന്നാലാവതുപോലെ (11) അതിന്മേൽ കൃതജ്ഞതാ പ്രാർത്ഥന ചൊല്ലുന്നു. ജനങ്ങൾ എല്ലാവരും ചേർന്ന് ആമ്മേൻ ഉത്തരിക്കുന്നു.

പിന്നീട്ട് അവിടെ കൂടിയിരിക്കുന്ന എല്ലാവക്കും കൂദാശചെയ്യപ്പെട്ടവ വിതരണം ചെയ്യുന്നു. സംഘത്തിൽ ഹാജരില്ലാത്തവക്ക ഡീക്കന്മാർ കൊണ്ടുപോയി കൊടുക്കുകയും ചെയ്യുന്നു. (12)

വി. ജസ്റ്റിൻെറ വിവരണത്തിലടങ്ങിയിരിക്കുന്ന കുർബാനയിൽ വ്യക്തമായി കാണുന്ന ഭാഗങ്ങൾ ഇവയാണ്:

1) വേദപുസ്തകവായന
2) പ്രസംഗം (12a)
3) പൊതുപ്രാർത്ഥനകൾ
4) അപ്പവും വീഞ്ഞും അടങ്ങിയ കാഴ്ചകൾ
5) കാഴ്ചകളിന്മേൽ കൃതജ്ഞതാപ്രാർത്ഥന.
6) ജനങ്ങൾ "ആമ്മേൻ" ഉത്തരിക്കുന്നു
7) കൂദാശചെയ്യപ്പെട്ടവ വിതരണം ചെയ്യപ്പെടുന്നു.

കാഴ്ചകളിന്മേൽ ചൊല്ലുന്ന കൃതജ്ഞതാപ്രാർത്ഥന എന്താണെന്നു് ഈ അവസരത്തിൽ ജസ്റ്റിൻ പറയുന്നില്ല. പക്ഷെ അടുത്ത അദ്ധ്യായത്തിൽ അതേപ്പററി പറയുന്നുണ്ട്. മ്ശിഹായുടെതന്നെ വാക്യങ്ങളാണവ. ഈ വാക്യങ്ങൾ ഉച്ചരിച്ചുകഴിയുമ്പോൾ കാഴ്ചകളിൽ വസ്തുഭേദം സംഭവിക്കുന്നുണ്ടെന്നും പ്രസ്തുതഭാഗത്തിൽ തന്നെ വി. ജസ്റ്റിൻ പറയുന്നുണ്ട്. (13)

---

(11) പ്രാർത്ഥനകൾ മനപ്പാഠമാക്കി, അഥവാ എഴുതിയിട്ടുള്ളതു് അതേ വാക്കുകളിൽ തന്നെ ചൊല്ലുന്നില്ല എന്നു സാരം.

(12) Apologia I, 65

(12a) ഇതിൽ നിന്നും മനസ്സിലാകുന്ന വേദപുസ്തകവായനക്കുശേഷം ഇന്നു ഞായറാഴ്ചകളിൽ പതിവുള്ള പ്രസംഗം വളരെ പുരാതനമായ ഒരു നടപ്പാണെന്നും, ഘടനാപരമായി കുർബാനയുടെ ഒരവശ്യഭാഗമാണെന്നും. ഇതിനാലാണു് രണ്ടാം വത്തിക്കാൻ സൂനഹദോസിൽ, കഴിഞ്ഞ Oct. 9-ാം തീയതിയിലെ സമ്മേളനത്തിൽ നിശ്ചയിച്ചതു്: "പ്രസംഗം ഘടനാപരമായി കുർബ്ബാനയുടെ ഒരവശ്യമായി ചേക്കണമെന്നു്" (Examiner, Oct. 19, 1963, P. 681)

(13) Apologia I, 66

## കർബാന മൂന്നാം നൂററാണ്ടിൽ

വി. ഹിപ്പോളിററസിൻെറ പേരിൽ അറിയപ്പെടുന്ന "അപ്പ സ്തോലികനടപടികൾ" (Apostolic Constitutions) എന്ന രേഖയാണു് ഇക്കാലത്തെ നമ്മുടെ ആധാരം.

ഇക്കാലത്തെ കർബാനയിൽ വന്നിട്ടുള്ള ഏററവും പ്രധാന മായ വ്യത്യാസം കർബാന മുഴുവൻ ഒരു പ്രാർത്ഥനയായിട്ടു പരി ഗണിച്ചു തുടങ്ങി എന്നതാണു്. അവസാനം മാത്രമെ ജനങ്ങൾ ആമ്മേൻ ഉത്തരിച്ചിരുന്നൊള്ളു. കർബാനയുടെ ഇടയ്ക്കു് ജന ങ്ങൾ എന്തെങ്കിലും പാടുകയാകട്ടെ ഉത്തരിക്കയാകട്ടെ ചെയ്തിരു ന്നില്ല. (14)

ഇതുവരെയും കർബാനയിൽ ഇല്ലായിരുന്ന പുതിയ ചില ഭാഗങ്ങളും കർബാനയിൽ ചേർത്തതായി കാണുന്നുണ്ടു് ഈ രേഖ യിൽ.

കൃതജ്ഞതാ പ്രാർത്ഥനയ്ക്കുശേഷം അനം നേസീസ് (അനു സ്മരണം) എപ്പിക്ലേസിസ് (പരിശുദ്ധാത്മപികൊയി പ്രാർത്ഥ ന). എന്നിങ്ങനെ രണ്ടു പ്രാർത്ഥനകൾ കർബാനസ്വീകരണ ത്തിനു മുമ്പായി ഇക്കാലത്തു ചേർത്തുകാണുന്നു.

ഇങ്ങനെ മൂന്നാം നൂററാണ്ടവസാനത്തിൽ കർബാനയിൽ ഉ ണ്ടായിരുന്ന ഭാഗങ്ങൾ ഇവയാണു്.

വായനകൾ
പ്രസംഗം
സമാധാനാശംസ
കാഴ്ചവയ്പ്
കൃതജ്ഞതാപ്രാർത്ഥന (ഇതിനിടയ്ക്കു് കൂദാശവാക്യങ്ങൾ)
അനുസ്മരണപ്രാർത്ഥന
പരിശുദ്ധാത്മപികൊയി പ്രാർത്ഥന
കർബാന സ്വീകരണം.

## കർബാന നാലാം നൂററാണ്ടിൽ

കർബാനയിൽ ഘടനാപരമായി പുതിയഭാഗങ്ങൾ പലതും ഇതിനകം വികസിച്ചിരുന്നു. പക്ഷെ പ്രാർത്ഥനകളുടെ ഉള്ളടക്ക

14) Jungmann, The Early liturgy, P. 52 ff.

ത്തെ സംബന്ധിച്ച് ഒരു പൊതു ആശയം മാത്രമേ നിർണ്ണയിച്ചിരുന്നൊള്ളു മൂന്നാം നൂററാണ്ടിൽ. ഈ വസ്തുത സംബന്ധിച്ച് വി. ഹിപ്പോളിററസിൻെറ തന്നെ ഒരു രേഖയിൽ കാണുന്നതിപ്രകാരമാണ്.

"......മെത്രാൻ മേൽപറഞ്ഞ മാതൃകയിൽ കൃതജ്ഞതാപ്രാത്ഥന (കുർബാനയെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്) ചൊല്ലുന്നു. അവ മനഃപാഠമാക്കി അതേ വാക്കുകളിൽ തന്നെ ആവത്തിക്കണമെന്നു നിർബന്ധമില്ല. ഓരോരുത്തനും അവൻെറ കഴിവുപോലെ പ്രാത്ഥിക്കട്ടെ".

രേഖയിൽ തുടരുന്നു: "മഹനീയവും ഉന്നതവുമായ രീതിയിൽ ഒരാൾക്കു പ്രാത്ഥിക്കാൻ സാധിക്കുമെങ്കിൽ അതു നന്ന്. ക്ലിപ്തമായ രീതിയിൽ എഴുതപ്പെട്ടിട്ടുള്ള ഒരു പ്രാത്ഥന മനഃപാഠമാക്കി അതാവത്തിക്കുന്നതിനാണ് ഒരാൾക്കിഷ്ടമെങ്കിൽ ആരും അതിനെ തടയരുത്. ഏതായാലും വിശ്വാസ വിഷയത്തിൽ തെററു വരാതിരിക്കുവാൻ സൂക്ഷിക്കണം."(15)

ഈ അവസ്ഥ നാലാം നൂററാണ്ടോടുകൂടി മാറിത്തുടങ്ങി എന്നു പറയാം. 393—ൽ ഹിപ്പോയിൽ സമ്മേളിച്ച ഒരു സിനഡിൽ ഒരു നിർദ്ദേശം കാണുന്നുണ്ട്. "പ്രാത്ഥനയിൽ പിതാവിൻെറ സ്ഥാനത്തു പുത്രനേയൊ പുത്രൻെറ സ്ഥാനത്തു പിതാവിനേയോ വെയ്ക്കരുത്. അൾത്താരയിൽ വെച്ചുള്ള പ്രാത്ഥന എപ്പോഴും പിതാവായ ദൈവത്തോടായിരിക്കണം". (16)

ആര്യനിസത്തിൻെറ അന്തരീക്ഷത്തിൽ ത്രീത്വത്തെ സംബന്ധിക്കുന്ന തെററുകൾ പ്രാത്ഥനയിൽ നുഴഞ്ഞു കയറാതിരിക്കുവാനുള്ള മുൻകരുതലായിരുന്നു ഇതു്.

ഏതായാലും ഈ നാൾതുടങ്ങി പ്രാത്ഥനകളുടെ ആശയം മാത്രം നിർദ്ദേശിക്കുന്ന രീതിവിട്ട് നിർദ്ദിഷ്ട പ്രാർത്ഥനതന്നെ നിർബന്ധിച്ചു തുടങ്ങി.

മുൻപറഞ്ഞ സിനഡിൽതന്നെ കാണുന്ന വേറൊരു നിർദ്ദേശം: "ഒരു മെത്രാൻ ഒരയൽ മെത്രാൻെറ പക്കൽ നിന്നും പ്രാർ

(15) Gregory Dix, Shape of the liturgy, 2nd ed. (Westminister, 1945) P. 19

(16) Mansi, III, Col 884, 895, 922

ത്ഥനകൾ സ്വഉപയോഗത്തിനായി പകർത്തുമ്പോൾ വിശ്വാസ വിഷയത്തിൽ തെററുകൾ ഉണ്ടോ എന്നു പണ്ഡിതന്മാരുമായി ആലോചിച്ചു നോക്കട്ടെ" എന്നാണു്.

ഇതിനും പുറമെ കുർബാനയിൽ ചില പുതിയ ഭാഗങ്ങൾക്കൂടി ഇക്കാലത്തു ചേർത്തു കാണുന്നുണ്ടു്.

1. കുർബാനയുടെ ആരംഭത്തിലെ ജ്ഞാനസ്നാനാർത്ഥികൾക്കായുള്ള ഭാഗം പൂർണ്ണമായി രൂപംകൊള്ളുന്നതു് ഈ നൂററാണ്ടിന്റെ ആരംഭത്തിലാണു്. (17)

2. വേദപുസ്തകവായനക്കു മുമ്പും പിമ്പും ചില പാട്ടുകളും പ്രാർത്ഥനകളും പുതുതായി ചേർത്തു. (18)

3. കൃതജ്ഞതാപ്രാർത്ഥനയുടെ ഇടയ്ക്കു് "Sanctus" എന്ന ഗീതവും, പ്രാർത്ഥനയും പ്രത്യക്ഷപ്പെടുന്നതും ഇക്കാലത്താണു്.

4. കുർബാനയിൽ വൈദികനോടൊത്തു് ജനങ്ങൾക്കുമുണ്ടു് ഒരു പങ്കു നിർവ്വഹിക്കാൻ. ഡീക്കനാണു് ജനങ്ങൾക്കു് ഈ വിഷയത്തിൽ നേതൃത്വം നൽകുവാനുള്ളതു്. ഇതും ക്രമമായി രൂപംകൊള്ളുന്നതു് ഈ നൂററാണ്ടിലാണു്.

**കുർബാനയുടെ വളർച്ച മൂന്നു ഭാഗങ്ങളിലായി.**

നാം അനുധാവനം ചെയ്ത കുർബാനയുടെ വളർച്ച സൂക്ഷ്മമായി പരിശോധിച്ചാൽ കാണാം മൂന്നു ഭാഗങ്ങളായിട്ടാണു് അതു പൂർത്തിയായതെന്നു്. കൃതജ്ഞതാപ്രാർത്ഥന ഉൾക്കൊള്ളുന്ന മദ്ധ്യഭാഗമാണു് അതിൽ പ്രാധാന്യമർഹിക്കുന്നതു്. ബലി അർപ്പണം എന്നർത്ഥമുള്ള "അനാഫൊറ" എന്ന ഗ്രീക്കു പദത്താലത്രേ ഇതറിയപ്പെടുന്നതു്. (19). അനാഫൊറാക്കു മുമ്പും, പിമ്പുമുണ്ടു് ഓരോ ഭാഗം. അനാഫൊറാക്കു മുമ്പുള്ള ഭാഗം വിശ്വാസാർത്ഥികളെ പ്രധാനമായി ഉദ്ദേശിച്ചാണു് ക്രമ

---

(17) Ibid

(18) നമ്മുടെ റാസകുർബാനയിൽ വായനയ്ക്കു മുമ്പും പിമ്പും ഈ പ്രാർത്ഥനകളും പാട്ടുകളും കാണാം.

(19) ലത്തീൻ റീത്തിൽ "Canon of the mass" എന്നു പറയുന്ന ഭാഗമാണു് പൗരസ്ത്യറീത്തുകളിൽ "അനാഫൊറാ" എന്ന ഗ്രീക്കു പദം കൊണ്ടുദ്ദേശിക്കുന്നതു്.

പ്പെട്ടത്തിയിരിക്കുന്നതു്. അനാഫൊരാസ്സു ശേഷമുള്ള ഭാഗത്തു് പരിശുദ്ധ കർബാന സ്വീകരണമാണു്.

ഈ മൂന്നിൽ അനാഫൊരാസ്സു മുമ്പും പിമ്പുമുള്ള ഭാഗങ്ങൾ ഓരോ റീത്തിനും പ്രത്യേകമായി അതാതു സഭാകേന്ദ്രത്തിൽ തന്നെ രൂപംമെട്ടത്തിട്ടുള്ളതാണു്. എന്നാൽ മദ്ധ്യഭാഗമായ അനാഫൊരാ അങ്ങിനെയല്ല. കൂദാശവാക്യങ്ങൾ അടങ്ങിയ കൃതജ്ഞതാപ്രാർത്ഥന, "അനംനേസിസ്" അഥവാ അനുസ്മരണപ്രാർത്ഥന, "എപ്പിക്ലേസിസ്" അഥവാ പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന ഇവയാണു് ഇതിന്റെ ഉള്ളടക്കം, അതാതു സഭാകേന്ദ്രത്തിന്റെ (20.) മേൽനോട്ടത്തിൽ അനാഫൊര വളർന്നുവന്നുവെങ്കിലും അതിന്റെ കർത്താക്കൾ പുണ്യകീർത്തിയുള്ള ചില പിതാക്കന്മാരാണു്.

അനാഫൊരാസ്സു മുമ്പും പിമ്പുമുള്ള ഭാഗങ്ങൾ അതാതു റീത്തിന്റേതായി ഒന്നുമാത്രമുണ്ടായിരുന്നപ്പോൾ, തങ്ങൾക്കു സ്വീകാര്യരായിരുന്ന വിശുദ്ധപിതാക്കന്മാരാൽ എഴുതപ്പെട്ട ഒന്നിലധികം അനാഫൊരാ ഓരോ റീത്തിലും ഉണ്ടായിരുന്നു. ഇങ്ങനെയാണു് ചില റീത്തുകളിൽ ഒന്നിലധികം അനാഫൊരാകൾ (21.) നടപ്പിൽ വരുന്നതിനു കാരണമായതു്. ഈ അനാഫൊരാകൾ ആണ്ടുവട്ടത്തിൽ അവർ മാറിമാറി ഉപയോഗിക്കുന്നു. (22.)

## വിവിധ അനാഫൊരാകൾ.

മേൽ പറഞ്ഞ രീതിയിൽ പൗരസ്ത്യറീത്തുകളിൽ എല്ലാം തന്നെ ഒന്നിലധികം അനാഫൊരാകൾ സ്വീകരിച്ചിട്ടുണ്ടു്.

സീറോ അന്തിയോക്യൻ റീത്തിൽ സ്വീകരിച്ചിട്ടുള്ള 38 അ

(20) കതിരൊളി, വാല്യം 3, ലക്കം 1, പു. 32 മുതൽ കാണുക.

(21) ചില റീത്തുകളിൽ ഒന്നിലധികം കർബാനകൾ ഉണ്ടു് എന്നു പറയുന്നതു് ഈ അർത്ഥത്തിലേ മനസ്സിലാക്കേണ്ടു. അനാഫൊര മാത്രമേ വാസ്തത്തിൽ മാറുന്നുള്ളു. അനാഫൊരാസ്സു മുമ്പും പിമ്പുമുള്ള ഭാഗങ്ങൾ ഒരു റീത്തിൽ എന്നും ഒന്നുതന്നെയായിരിക്കും.

(22) പരിശുദ്ധ കർബാനയെ പൊതുവായി വീക്ഷിക്കുമ്പോൾ 4—ാം നൂററാണ്ടുവരെയുള്ള വളർച്ചയെക്കുറിച്ചുമാത്രമേ പ്രതിപാദിക്കുവാനുള്ളു. 4—ാം നൂററാണ്ടോട്ടുകൂടി പല റീത്തുകളായി തിരിഞ്ഞു. അതിനു ശേഷമുള്ള വളർച്ച അറിയണമെങ്കിൽ അതാതു റീത്തിൽ പരിശോധിക്കേണ്ടിയിരിക്കുന്നു.

നാഫൊരാകൾ "റിനൌഡോട്ട്" (Renaudot) തൻെറ കൃതിയിൽ ഉദ്ധരിക്കുന്നുണ്ട്. (23).

1—വി. യാക്കോബിൻെറ വലുത്.
2—വി. യാക്കോബിൻെറ ചെറുത്.
3—സിസ്ററസ് പാപ്പായുടേതു്.
4—വി. പത്രോസ് അപ്പോസ്തലൻെറ ഒന്നാമത്തേതു്.
5—ടി രണ്ടാമത്തേതു്.
6—വി. യോഹന്നാൻ ഏവൻഗേലിസ്തായുടേതു്.
7—വി. പന്ത്രണ്ടപ്പോസ്തലന്മാരുടേതു്.
8—വി. മർക്കോസ് ഏവൻഗേലിസ്തായുടേതു്.
9—വി. ക്ലോമിസ് പാപ്പായുടേതു്.
10—വി. ദിയനാസിയോസിൻേറതു്.
11—വി. ഇഗ്നേഷ്യസിൻേറതു്.
12—വി. ജൂലിയസ് പാപ്പായുടേതു്.
13—അന്തിയോക്യ പാത്രിയക്കീസ് വി. എവുസ്താസിയൂസിൻേറതു്.
14—വി. യോഹന്നാൻ ക്രിസോസ്തോമസിൻേറതു്.
15—വി. യോഹന്നാൻേറതു്,
16—കാതോലിക്കോസ് ബാവ വി. മറൂത്തായുടേതു്.
17—വി. കൂറില്ലോസിൻേറതു്.
18—അലക്സാണ്ട്റിയായിലെ പാത്രിയക്കീസ് ദിയസ്ക്കോറോസിൻേറതു്.
19—വി. ഫിലക്സേനോസിൻെറ ഒന്നാമത്തേതു്. (24).
20—ടി രണ്ടാമത്തേതു്.
21—വി. സെവരീനോസിൻേറതു്.
22—വി. യാക്കോബ് ബുർദാനായുടേതു്.
23—മെത്രാൻ വി. മത്തായിയുടേതു്.
24—വി. യാക്കോബ് മെത്രാൻേറയും, സറൂഗിലെ വി.

(23) *Renaudot*, Liturgiarum Orientalium Collectio, Vols. 2.

(24) അനാഫൊരായുടെ പേരു് അതിൻെറ മൂലരേഖകളിൽ അറിയപ്പെട്ടുന്നതുപോലെ ഉദ്ധരിക്കുകമാത്രമേ ഇവിടെ ചെയ്യുന്നുള്ളൂ. വിശുദ്ധ പദം ആ പേരുകളോടുകൂടി ചേർത്തിരിക്കുന്നതു് കത്തോലിക്കാസഭയിൽ നാമകരണം ചെയ്തിട്ടുള്ള വിശുദ്ധർ ആയിരിക്കണമെന്നില്ല.

യാക്കോബിൻേറതും.

25—എദേസായിലെ മെത്രാൻ വി. യാക്കോബിൻേറതു്.

26—ഓറെശ്ലേമിലെ വി. തോമായുടേതു്.

27—കേപ്പായുടെ പുത്രൻ വി. മോസസിൻേറതു്.

28—ബാഗ്ദാദിലെ മെത്രാൻ വി. പിലക്സേനോസിൻേറതു്.

29—പാത്രിയക്കീസ് വി. യോഹന്നാനാൽ ക്രമീകരിക്കപ്പെട്ട വി. മല്പാന്മാരുടേതു്.

30—ബാസോറിലെ വി. യോഹന്നാൻേറതു്.

31—അന്തിയോക്യ പാത്രിയക്കീസ് വി. മൈക്കിളിൻേറതു്.

32—ബർസലിബി ദിയനാസിയോസ് മെത്രാൻേറതു്,

33—കിഴക്കിൻെറ കാതോലിക്കാ വി. ഗ്രിഗരിയുടേതു്.

34—വി. യോഹന്നാൻ പാത്രിയക്കീസിൻേറതു്.

35—വി. ദിയസ്കോറോസ് മെത്രാൻേറതു്.

36—അന്തിയോക്യാ പാത്രിയക്കീസ് വി. യോഹന്നാൻേറതു്.

37—അന്തിയോക്യാ പാത്രിയക്കീസ് വി. ഇഗ്നേഷിയസിൻേറതു്.

38—വി. ബസിലിയോസിൻേറതു്.

ഈ 38 അനാഫൊറാകളും ഇന്നു പയോഗത്തിലില്ല. യാക്കോബ്യർ ഇതിൽ 18 എണ്ണം, മാറിമാറി ഉപയോഗിക്കത്തക്കവണ്ണം ക്രമപ്പെടുത്തിയിട്ടുണ്ടു്. കേരളത്തിലെ യാക്കോബ്യരെ സംബന്ധിച്ചിടത്തോളം ഇതിൽ ഏഴെണ്ണം മാത്രമേ പ്രസിദ്ധം ചെയ്തു കാണുന്നുള്ളു. മലങ്കരറീത്തിൽപ്പെട്ട കത്തോലിക്കരും ഈ ഏഴ് അനാഫൊറാകൾ സ്വീകരിച്ചിട്ടുണ്ടു്, ഉപയോഗത്തിനായി.

സീറോ മാറോനീത്താറീത്തിൽ എത്ര അനാഫൊറകൾ ഉണ്ടെന്നു കൃത്യമായി പറയാൻ സാധിക്കയില്ല. കാരണം പല രേഖകളിൽ പല വിധത്തിൽ കാണുന്നുണ്ടു്. ചില രേഖകളിൽ 22 അനാഫൊറകൾ അവർ സ്വീകരിച്ചിട്ടുള്ളതായി കാണുന്നു. ഏതായാലും അവരുടെ സാധാരണ ഉപയോഗത്തിലിരിക്കുന്നതു് റോമൻ സഭയിലെ അനാഫൊറായുടെ ഒരു സുറിയാനി തർജ്ജമയാണു്. കൽദായറീത്തിൽ 3 അനാഫൊറകളാണു് സ്വീകരിച്ചിരിക്കുന്നതു്,

1 — ആദയ്മാറി എന്ന വിശുദ്ധ പ്രേഷിതരുടെ.

2—തിയഡോറിൻെറ പേരിൽ അറിയപ്പെടുന്ന 2—ാം കർബാന. (25).

3—നേസ്തോറിയസിൻെറ പേരിൽ അറിയപ്പെടുന്ന 3—ാം കർബാന. (26).

കൽദായർ (കത്തോലിക്കരും നെസ്തോറിയരും) ഇവ മൂന്നും മാറിമാറി ഉപയോഗിക്കുന്നുണ്ട്.

സിറോമലബാർ റീത്തിൽ ഇവയിൽ ആദ്യത്തേതു മാത്രമേ ഇപ്പോൾ ഉപയോഗിക്കുന്നുള്ളു, ഒരു കാലത്തു് ഇവ മൂന്നും ഉപയോഗിച്ചിരുന്നതായി രേഖയുണ്ട്. (27).

കോപ്റ്ററിക്ക് റീത്തിൽ 4 അനാഫൊരകളാണു് സ്വീകരിച്ചിട്ടുള്ളതു്.

1—വി. ബസിലിയോസിൻേറതു്.

2—വി. ഗ്രിഗരിയുടേതു്.

3 — വി. കുറില്ലോസിൻേറതു്.

4—വി. മർക്കോസ് ഏവൻഗേലീസ്തായുടേതു്.

എത്തിയോപ്യൻ റീത്തിൽ 18 അനാഫൊരകളാണു് സ്വീകരിച്ചിരിക്കുന്നതു്.

1—വി. അപ്പോസ്തലന്മാരുടേതു്.

2—ന. കർത്താവിൻേറതു്.

3—വി. ഹെറിയാക്കൂസ് ബാവാ ക്രമപ്പെടുത്തിയ പ. കന്യകമറിയത്തിൻേറതു്.

---

(25) ഈ കർബാന തെയഡോറിനാൽ തന്നെ എഴുതപ്പെട്ടതോ എന്നു ഖണ്ഡിതമായി പറയുവാൻ നിവൃത്തിയില്ല.

ഏതായാലും തെയഡോറിൻെറ അബദ്ധ പഠനങ്ങൾ ഈ അനാഫൊരായിൽ കാണുന്നില്ല.

(26) ഇതു നെസ്തോറിയസിൻെറ പേരിൽ അറിയപ്പെടുന്നെങ്കിലും ഇതിൻെറ കർത്താവു് നെസ്തോറീസുതന്നെയോ എന്നും സംശയിക്കുന്നവരുമുണ്ട്.

വി. യോഹന്നാൻ ക്രീസോസ്തോമസ്, അഥവാ നെസ്തോറിയസിൻെറ ശിഷ്യരിൽ ഒരാൾ എഴുതിയതു് എന്നു പറയുന്നവരുമുണ്ട്. ( Renaudot op. cit. Vol II P. 639— ).

(27) ഉദയംപേരൂർ സൂനഹദോസ് 2—ഉം 3—ഉം അനാഫൊരകൾ ഉപയോഗിക്കുന്നതു മുടക്കിയതായി സൂനഹദോസിൻെറ ഡെക്രേത്തുകളിൽ വായിക്കുന്നു.

4—വി. ഗീവർഗ്ഗീസ് ക്രമപ്പെടുത്തിയ പ. കന്യകമറിയത്തിന്റേതു്.

5—ഇടിയുടെ പുത്രനായ വി. യോഹന്നാന്റേതു്.

6—ന. കർത്താവിന്റെ സഹോദരനായ വി. യാക്കോബിന്റേതു്.

7—ന. പിതാവു് വി. മർക്കോസ് (28) ഏവൻഗേലിസ്ഥായുടേതു്.

8—318 സഭാപിതാക്കന്മാരുടേതു്. (29).

9—വി. അത്തനാസ്സിയൂസിന്റേതു്.

10—വി. ബസിലിയൂസിന്റേതു്.

11—നീസ്സായിലെ വി. ഗ്രിഗരിയുടേതു്.

12—വി. എപ്പിഫാനിയൂസിന്റേതു്.

13—വി. യോഹന്നാൻ ക്രിസോസ്തോമസിന്റേതു്.

14—അലക്സാണ്ട്റിയായിലെ വി. കുറില്ലോസിന്റേതു്.

15—സറൂഗിലെ വി. യാക്കോബിന്റേതു്.

16—അലക്സാണ്ട്റിയായിലെ വി. ദിയസ്കോറോസിന്റേതു്.

17—അർമേനിയായിലെ വി. ഗ്രഗരിയുടേതു്.

18—അലക്സാണ്ട്റിയായിലെ വി. കുറില്ലോസിന്റെ രണ്ടാമത്തേതു്.

കൊൺസ്റ്റാന്റിനോപ്പോളിറ്റൻ റീത്തിൽ: 3 അനാഫൊറാകളാണു് ഈ റീത്തിൽ സ്വീകരിച്ചിട്ടുള്ളതു്.

1—വി. യോഹന്നാൻ ക്രിസോസ്തോമസിന്റേതു്.

2—വി. ബസിലിയൂസിന്റേതു്.

3—വി. യാക്കോബിന്റേതു്.

അർമേനിയൻ റീത്തിൽ: ഒരനാഫൊറമാത്രമേ ഈ റീത്തിൽ ഉള്ളു.

മാർ ഗ്രിഗോറിയോസിന്റെ പേരിൽ അറിയപ്പെടുന്ന അനാഫൊറയാണിതു്.

---

(28) എത്തിയോപ്യൻ, കോപ്റ്റിക്ക സഭകളുടെ സ്ഥാപകൻ വി. മർക്കോസ് ആണെന്നാണു് പാരമ്പര്യം.

(29) നിക്യസൂനഹദോസിൽ 318 പിതാക്കന്മാരാണു് സംബന്ധിച്ചതു് എന്നൊരു പാരമ്പര്യം ഉണ്ടു്.

# ചരിത്രവും ചിന്തയും

ചരിത്രത്തിൽ ഉയർന്നു പൊന്തുന്ന ചിന്തകൾ പലതാണു്. മനുഷ്യൻ എവിടെ നിന്നു വന്നു? എങ്ങോട്ടുപോകുന്നു? പരക്കെ മുഴങ്ങുന്ന ഈ ചോദ്യത്തിനു് സമാധാനം പറയാൻ പൗരസ്ത്യപാശ്ചാത്യചിന്തകരിലനേകർ ശ്രമിച്ചിട്ടുണ്ടു്. എന്നാൽ ഇതിനു മതിയായ സമാധാനം അവതരിപ്പിക്കാൻ കഴിഞ്ഞതോ ക്രിസ്തുവിനു മാത്രവും.

ആർ. സി. വരിക്കയിൽ

*

ചരിത്രത്തിൽ പൊടിച്ചുയരുകയും പൊലിഞ്ഞുമറയുകയും ചെയ്യുന്ന ഒരായിരം ചിന്താഗതികളുണ്ടു്. അവയിലൊന്നാണു് ചരിത്രത്തെക്കുറിച്ചുതന്നെയുള്ള ചിന്ത. നാമിവിടെ കാണുവാനൊരുമ്പെടുന്നതു് പ്രസ്തുതചിന്തയുടെ ചില നിഗമനങ്ങളാണു്.

ചരിത്രത്തിനു പ്രത്യേകിച്ചൊരർത്ഥമുണ്ടോ? കായൽക്കരയിലെ കാററുംകൊണ്ടു് കൊച്ചിൻ പാക്കിലെ കുററിപ്പുല്ലിലൂടെ നടക്കുന്ന ഒരു ഗ്രാമീണയുവാവിനെ അത്ഭുതപ്പെടുത്തുന്ന പല കാഴ്ചകളുണ്ടു്. അവയിലൊന്നാണു് നൻപും കഴുക്കോലുമില്ലാതെ, തീയും പുകയുമില്ലാതെ, നീന്തിയകലുന്ന പത്തേമാരികൾ. വേമ്പനാടൻ കാട്ടുന്ന വെപ്രാളങ്ങൾക്കിടയിൽക്കൂടി ഈ തടിയൻവള്ളങ്ങളെ വലിച്ചുകൊണ്ടുപോകുന്നതാരാണു്? ഒരിക്കൽ ആ യുവാവിനു മനസ്സിലാകും ബലവാനായ ഒരു സ്റ്റീംബോട്ടു മുമ്പേ കുതിക്കുന്നതായി. കുറേക്കൂടി സൂക്ഷിച്ചാൽ നമ്മുടെ തടിയൻവള്ളങ്ങളും യാന്ത്രികശക്തിയുള്ള ആ ടഗ്ഗും തമ്മിൽ കയറോ ചങ്ങലയോ വഴി ബന്ധമുണ്ടെന്നും മനസ്സിലാകും.

ഇനി ചരിത്രത്തിലേക്കു നോക്കുക. സാമ്രാജ്യങ്ങളുടെ യുദ്ധപ്രഖ്യാപനം മുതൽ വയലിൽ വിരിയുന്ന പുല്ലിലെ പുഷ്പംവരെ ചരിത്രത്തിലൂടെ നീന്തിനീന്തി മറയുന്നു. അവയുടെ പ്രത്യാഘാതങ്ങൾ മാത്രം അവ ശേഷിക്കുന്നു. ഈ വരവും പോക്കും നോക്കിനിന്നുകൊണ്ടു് കൊച്ചിൻ പാക്കിലെ ഗ്രാമീണയുവാവിനെപ്പോലെ ചിലർ അന്ധാളിക്കും "എങ്ങുന്നു വന്നാലും എങ്ങോട്ടു

പോയാലും ഇങ്ങുള്ള ജീവിതം എത്ര ക്രൂരം!" ഇതേയവർക്ക പറയാനുള്ളൂ. തീവണ്ടി കണ്ടിട്ട മലവണ്ടാണെന്നു നിശ്ചയിച്ചതു പോലെ വളരെ വിചിത്രമായ വ്യാഖ്യാനങ്ങളാണു വേറൊരു കൂട്ടരുടെ സംഭാവന. ഇത്തരം സിദ്ധാന്തങ്ങളിലേക്കും അല്പം കണ്ണോടിക്കാം.

ക്രൈസ്തവേതരസിദ്ധാന്തങ്ങൾ. ചരിത്രത്തിനൊരർത്ഥം കൊടുത്തു് അതിനെ വ്യാഖ്യാനിക്കണമെങ്കിൽ മൂന്നു കാര്യങ്ങൾ നമ്മുടെ ബോധത്തിലുറച്ചു നില്ക്കണം, എങ്ങുനിന്നു വരുന്നു, എന്തുകൊണ്ടുവരുന്നു, എങ്ങോട്ടുപോകുന്നു എന്നിങ്ങനെയുള്ള പ്രശ്നത്രയത്തിനു മറുപടി പറയാത്ത ഏതൊരു വ്യാഖ്യാനവും 'അരപ്പണി'യാണു്.

ചിന്താജീവിതത്തിൻെറ കൗമാരം വിരിഞ്ഞതു് യവനസംസ്കാരത്തിലാണല്ലൊ. യവനചിന്തകരിലഗ്രഗണ്യൻ അരിസ്റ്റോട്ടൽ തന്നെ. ബുദ്ധിരാക്ഷസനെന്നോ ഉജ്ജ്വലതാരമെന്നോ ഒക്കെ വിളിക്കപ്പെടാവുന്ന ഈ മഹാനുഭാവൻെറ മറുപടി 'അരപ്പണി'യാണു്. ചരിത്രസംഭവങ്ങൾ മൊട്ടിട്ടവാനുള്ള കാരണം അദ്ദേഹം പറയുന്നുണ്ടു്. ചലിക്കുന്ന ഏതിനും ചൈതന്യം നല്കുന്ന ഒരു അചഞ്ചലശക്തി, ചൈതന്യത്തിൻെറ ഒരു മൂർത്തീഭാവം, നമ്മുടെ ഭാഷയിൽ ദൈവം, സ്ഥിതിചെയ്യുന്നുവെന്നും ഈ അനന്തപൂർണ്ണിമയെ അറിയുവാനും സ്നേഹിക്കുവാനും വേണ്ടി മററുള്ളവ ചലിക്കുന്നു എന്നും അരിസ്റ്റോട്ടൽ പറഞ്ഞുവച്ചു. അദ്ദേഹത്തിൻെറ വീക്ഷണത്തിൽ പ്രപഞ്ചത്തെ ചലിപ്പിക്കുന്നതു ഒരു തരം മാലാഖാമാരാണു്. ഈ മാലാഖാമാർ ശാരീരികമായി ചലിക്കുന്നില്ല. പക്ഷേ, മാനസികമായി ചലിക്കുന്നു. അതായതു് ദൈവത്തെ അറിയുവാനും സ്നേഹിക്കുവാനും ആഗ്രഹിക്കുന്നു. ചുരുക്കത്തിൽ അനന്തസൗന്ദര്യമായ ദൈവത്തിൻെറ ആകർഷണത്താൽ സകല ചരാചരങ്ങളും വട്ടം തിരിയുന്നു. ഈ ചുററിത്തിരിയലാണു ചരിത്രം. പക്ഷേ ഇതെന്നു തുടങ്ങിയെന്നോ വിവിധ നിലയിലുള്ള ഈ വസ്തുക്കൾക്കും പരസ്പരമുള്ള ബന്ധമെന്താണെന്നോ അരിസ്റ്റോട്ടൽ മനസ്സിലാക്കിയില്ല.

യവനചിന്തകളോടു് അല്പം അടുത്തു നില്ക്കുന്ന ഒന്നാണു് ആർഷഭാരതത്തിൻെറ സംഭാവനകൾ. അവിടെയും കഥയൊട്ടും

മെച്ചമല്ല. പ്രവൃത്തിയുടെ ഫലമായി കർമ്മം, കർമ്മത്തിൻെറ ഫലമായി ജനനം. ആദ്യമുണ്ടായതു കർമ്മമാണോ ജനനമാണോ? അതിനു മറുപടിയില്ല. അപ്പോൾ ഭാരതീയമതത്തിൽ ചരിത്രം ഒരു വിഷമവൃത്തമാണു്. അതിനൊരർത്ഥം കല്പിക്കുവാനോ, അതിനെ സ്നേഹിക്കുവാനോ സാദ്ധ്യമല്ല. കഴിവതും വേഗം വിട്ടുമാറേണ്ട ഒരു ഭീകര രംഗമാണു ചരിത്രം. അടുത്തതായി കാണുന്നതു മദ്ധ്യശതകങ്ങളിൽ യൂറോപ്പിൽ നാമ്പെടുത്ത ദാർശനികചിന്തകളാണു്. ഈ ദർശനമാകട്ടെ, നാമിപ്പോൾ കണ്ടുകഴിഞ്ഞ യവനചിന്തകളുടെ വേരിൽ നിന്നു തളിർത്തതാണു്. അതുകൊണ്ടു് ഒരു പുതിയ സന്ദേശം ഈ മേഖലയിലും കേൾക്കാനില്ല.

നവോത്ഥാനത്തിൻെറ കാലമാണു യൂറോപ്പിനെ സംബന്ധിച്ച പിന്നീടു പ്രധാനം. നവോത്ഥാനത്തിനു കാഹളമൂതിയതു് ഡാൻെറയുടെ ഗാനമാധുരിയായിരുന്നു. ഡാൻെറയുടെ വീക്ഷണത്തിലും ചരിത്രത്തിൻെറ ഒരു ഭാഗം, അതായതു സ്വാഭാവികഗുണങ്ങളുടെ വളർച്ച ഈ ലോകം കൊണ്ടവസാനിക്കുന്നു. മരണാനന്തരജീവിതവുമായി സ്വാഭാവികഗുണങ്ങൾക്കു വലിയ ബന്ധമില്ല. ലിവി, ടാസിററസ്സ്, പ്ളൂട്ടാർക്ക് തുടങ്ങിയ നവോത്ഥാനത്തിൻെറ പ്രണേതാക്കളെല്ലാം ചരിത്രത്തിനുകൊടുത്ത വ്യാഖ്യാനം ക്രൈസ്തവേതരവും അപൂർണ്ണവുമായിരുന്നു.

വീണ്ടും ചരിത്രത്തെ വീക്ഷിക്കുന്നു, ജർമ്മൻ ചിന്തകന്മാർ. അവർ പരാജയം സമ്മതിച്ചില്ല. ചരിത്രത്തിൻെറ ആദിയും അന്തവുമെല്ലാം അവർ വിശദീകരിക്കുന്നതായി ഭാവിച്ചു. അവരിൽ സുപ്രധാനികളാണു് ഫിററ്സ്സ്, ഷെല്ലിംഗ്, ഹേഗൽ തുടങ്ങിയ ചിന്മാത്രവാദികൾ. അരൂപിയായ ഒരു സത്ത സ്വയം വികസിച്ചു പുരോഗമിക്കുന്നതിൻെറ ഫലമാണത്രെ ചരിത്രം. അനന്തവും അരൂപിയുമായ ഒന്നു് എന്തുകൊണ്ടു് പലതായിക്കാണപ്പെടുന്നു, എന്തുകൊണ്ടു പരിണാമം പ്രാപിക്കുന്നു എന്ന ചോദ്യത്തിനു മറുപടിയരുളാൻ അവൎക്കു കഴിഞ്ഞതുമില്ല.

കാറൽമാർക്സ് ചരിത്രത്തിനു കൊടുത്ത വ്യാഖ്യാനവും നമുക്കറിയാം. പദാർത്ഥം മാത്രമാണു സത്യമെന്നും പദാർത്ഥത്തിൻെറ വിവിധരൂപത്തിലുള്ള പുരോഗമനമാണു ചരിത്രമെന്നും അദ്ദേഹം സമർത്ഥിച്ചു. ഈ പുരോഗമനം സമത്വസുന്ദരമായ

പ്രോലട്ടേറിയൻ വ്യവസ്ഥിതിയിൽ അവസാനിക്കുമത്രേ. ഈ വാദത്തിനു വിലയിരുത്തുവാൻ സാമാന്യമാക്കും ഇന്നു കഴിയുന്നതാണല്ലോ. ഇത്രയും പറഞ്ഞതു് ചരിത്രം ഒരു പ്രശ്നമാണെന്നും ഈ പ്രശ്നത്തിനു വിവിധ മറുപടികളുണ്ടെന്നും കാണിക്കുവാൻ വേണ്ടിമാത്രമാണു്.

ക്രൈസ്തവസിദ്ധാന്തം. ക്രിസ്തുവിന്റെ അനുയായികൾക്കു ചരിത്രം ഒരു വട്ടംചുററലോ അനിശ്ചിതപരിണാമമോ അല്ല. സംസാരസാഗരത്തിലൂടെ നീന്തിത്തുടിക്കുന്ന ഓരോ സംഭവത്തേയും വലിച്ചുകൊണ്ടുപോകുന്ന ആ വലിയ സ്റ്റീംബോട്ടു കണ്ടുപിടിച്ചതു ക്രിസ്ത്യാനികളാണു്. ചരിത്രത്തിൽ നടക്കുന്നതെല്ലാം ക്രിസ്തുവഴിയും ക്രിസ്തുവിനുവേണ്ടിയുമാണു്. ചരിത്രത്തിലെ പ്രധാന നായകൻ അങ്ങാണു്. അങ്ങയുടെ മഹത്വത്തിനുവേണ്ടിയാണു് പക്ഷികൾ പാടുന്നതും പൂക്കൾ വിരിയുന്നതും ഇളം കാററടിക്കുന്നതും എല്ലാമെല്ലാം. ഈ സിദ്ധാന്തം ഒരു സുപ്രഭാതത്തിൽ പലസ്തീനായുടെ ഹൃദയത്തിൽ നിന്നുകൊണ്ടു് മിശിഹാ വിളിച്ചു പറഞ്ഞതല്ല. അതു സഹസ്രാബ്ദങ്ങളായി യഹൂദജനതയിൽ മങ്ങിയും തെളിഞ്ഞും പോന്ന ഒരു ധാരണയാണു്. അതുകൊണ്ടു യഹൂദന്മാർ ചരിത്രത്തിനു കൊടുത്തിരുന്ന അർത്ഥമെന്താണെന്നു നോക്കാതെ ക്രൈസ്തവസിദ്ധാന്തം വ്യക്തമാകില്ല.

ചരിത്രം യഹൂദചിന്തയിൽ. യഹൂദന്മാർ വളരെയധികം ചിന്തിച്ചിട്ടില്ല. ചരിത്രത്തെക്കുറിച്ചു് അവർക്കുണ്ടായിരുന്ന ആശയങ്ങൾ ചിന്താസന്തതികളെന്നതിലും അധികമായി അനുഭവങ്ങളുടെ ആകെത്തുകയാണു്. എന്തൊക്കെയായിരുന്നു പഴയ നിയമത്തിലെ അനുഭവങ്ങൾ ? അവയെ സംഗ്രഹിച്ചിങ്ങനെ പറയാം. ദൈവം മനുഷ്യനെ വിളിക്കുന്നു, അവനുമായി ഉടമ്പടി ചെയ്യുന്നു. ഈ ഉടമ്പടി പാലിക്കുമ്പോൾ നന്മയും ലംഘിക്കുമ്പോൾ തിന്മയും പകരം ലഭിക്കുന്നു. പല പ്രാവശ്യം ഈ കരാറിനെ ദൈവം അനുസ്മരിപ്പിക്കുന്നു. ചിലപ്പോൾ കരാറൊന്നു നവീകരിക്കുന്നു. ഈ ഗതിവിഗതികളുടെ അങ്ങേ തലയ്ക്കൽ കാണുന്നതു ദൈവരാജ്യമാണു്; മഹത്വത്തിന്റെ മഹാരാജ്യം, സൗഭാഗ്യത്തിന്റെ നിത്യസങ്കേതം. ആ യഹൂദരാജ്യത്തിലേയ്ക്കുള്ള ഒരു പ്രയാണമായിരുന്നു യഹൂദവീക്ഷണത്തിലെ ചരിത്രം. പ്രസ്തുത പ്രയാണത്തെ നിയന്ത്രിക്കുന്നതു നാഥനായ ദൈവവും. വേറൊരുവാക്കിൽ സുനിശ്ചിതമായ ഒരന്ത്യത്തിലേയ്ക്കു്—ദൈവരാജ്യത്തിലേയ്ക്കു്—

നീണ്ടുപോകുന്ന രാജപാതയാണ് കാലം അഥവാ ചരിത്രം. ആ രാജപാതയിൽ ഓരോ മാർബിൾ ശിലകൾപട്ടുക്കുകയാണ് ഓരോ ചരിത്രസംഭവവും.

പുതിയ നിയമത്തിലേയ്ക്കു്. ചരിത്രസംഭവങ്ങളിൽ ലോകൈകശില്പിയുടെ കൈവരൽപാട്ടുകളാണു് യഹൂദജനത കണ്ടിരുന്നതു്, ശരിതന്നെ. പക്ഷേ, എല്ലാ കാലങ്ങളിലും എല്ലാ സംഭവങ്ങൾക്കും ഒരേ വിലകല്പിക്കുന്നതായി നാം കാണുന്നില്ല. ചില പ്രത്യേകസംഭവങ്ങളെ മാത്രമാണു് ആദ്യകാലങ്ങളിൽ ദൈവതൃക്കരങ്ങളുടെ ഫലമായി കണക്കാക്കുന്നതു്. സൃഷ്ടി മുതൽ അബ്രാഹത്തിൻെറ തിരഞ്ഞെടുപ്പുവരെയുള്ള കാലയളവിലേയ്ക്കു നോക്കുക. ആദത്തെ സൃഷ്ടിക്കുന്നു, കായിനെ ശിക്ഷിക്കുന്നു, ഹേനോക്കിനെ സ്വർഗ്ഗത്തിലേയ്ക്കെടുക്കുന്നു, ജലപ്രളയം അനുവദിക്കുന്നു, എന്നിങ്ങനെ ഏതാനും സംഭവങ്ങൾക്കു മാത്രമാണു പ്രത്യേകവില. എന്നാൽ അബ്രാഹത്തെ 'ഊർ കൽദയോരും' എന്ന സ്ഥലത്തു നിന്നു തിരഞ്ഞെടുത്തു് കനാനിലേയ്ക്കു നയിക്കുന്നതോടെ രംഗങ്ങൾ കുറേക്കൂടി പ്രകാശമാനമാകുന്നു. പണ്ടു പറുദീസായിൽ വച്ചു നടത്തിയ ഉടമ്പടി അബ്രാഹവുമായി ദൈവം നവീകരിക്കുന്നു. വാഗ്ദാനത്തിൻെറ നാട്ടിൽ അബ്രാഹത്തെ സ്ഥാപിക്കുന്നു. ഈജിപ്തിൽ നിന്നു ഇസ്രായേൽ ജനതയെ മോചിപ്പിക്കുന്നു. പിന്നീടാകട്ടെ, ദൈവതൃക്കരം മനുഷ്യമക്കളെ സ്പർശിക്കുന്നതിൻെറ ഉദാഹരണങ്ങൾ വളരെ വദ്ധിക്കുന്നു. ക്രമേണ യഹൂദജനതയ്ക്കു സംഭവിക്കുന്നതെല്ലാം ഉടമ്പടിയുടെ ദൈവം നൽകുന്ന ശിക്ഷ അല്ലെങ്കിൽ രക്ഷമാത്രമാണെന്നു വരുന്നു. പുറപ്പാടിൻെറ പുസ്തകത്തിൽ ( 19/5 ) അവിടുന്നരുളിച്ചെയ്യുന്നു, "നിങ്ങൾ എൻെറ വചനം ശ്രവിക്കുകയും, എൻെറ ഉടമ്പടി മാമിക്കുകയും ചെയ്താൽ, നിങ്ങൾ എല്ലാ ജനങ്ങൾക്കുമുപരി എൻെറ പ്രത്യേക സ്വത്തായിരിക്കും" എന്നു്. മറിച്ചു ചെയ്താൽ നൽകുന്ന ശിക്ഷയെക്കുറിച്ചു് പ്രവാചകഗ്രന്ഥങ്ങളിലെല്ലാം, പ്രത്യേകിച്ചു ഹോസക്കിയേൽ, ജെറേമ്മിയാസ് എന്നിവരുടെ പ്രവചനങ്ങളിൽ ശക്തിയായ ഭാഷയിൽ തന്നെ ദൈവം സംസാരിക്കുന്നു.

ചരിത്രത്തിൽ സദാ വ്യാപരിക്കുന്ന ദൈവതൃക്കരങ്ങളെ ഏററം കൂടുതലായനുസ്മരിക്കുന്നതു ദാവീദിൻെറ സങ്കീർത്തനങ്ങളാണെന്നു തോന്നിപ്പോകും. ഭാവഗാനങ്ങളിൽ മാത്രമല്ല, സ്വന്തം

ജീവിതത്തിന്റെ കഷ്ടവശങ്ങളിലും ദാവീദിന്റെ നേത്രങ്ങൾ പ്രകൃതിനാഥനിൽതന്നെയുറച്ചുനിന്നതായി നമുക്കറിയാം. അബ്ശാലോമിനെ ഭയന്നു പ്രയാണം ചെയ്യുമ്പോൾ ഒരു ദുഷ്ടസേവകൻ ദാവീദിനെ അപമാനിച്ചതായി നാം വായിക്കുന്നുണ്ട്. പക്ഷേ, ആ സേവകനെയുപദ്രവിക്കുവാൻ അദ്ദേഹം സമ്മതിച്ചില്ല. ദൈവമാണ് അവനെക്കൊണ്ടിതു ചെയ്യിക്കുന്നത് എന്നായിരുന്നല്ലോ ദാവീദിന്റെ പ്രസ്താവന. അതോ പുതിയനിയമത്തോട സമീപിക്കുംതോറും ചരിത്രത്തിന്റെ നിയന്താവായി ദൈവത്തെ ദർശിക്കുവാനുള്ള കഴിവ് നൈസർഗ്ഗികമായി വർദ്ധിക്കുന്നു.

<u>പുതിയ നിയമത്തിൽ.</u> പഴയനിയമത്തിൽ മൊട്ടിട്ട പലതും മനുഷ്യാവതാരത്തോടുകൂടിയാണു വിരിയുന്നതെന്നു നമുക്കറിയാം. ചരിത്രത്തെ വീക്ഷിക്കുന്നതിലും ഇപ്രകാരമൊരു വളർച്ചയും വികാസവും കാണാം. ഒന്നാമതായി മനുഷ്യാവതാരം ആവിഷ്ക്കരണത്തിന്റെ മകുടം ചാർത്തലായിരുന്നു. എബ്രായർക്കുള്ള ലേഖനത്തിൽ വി. പൗലോസ് പറയുന്നു, പണ്ടു പ്രവാചകന്മാർ വഴി നമ്മുടെ പിതാക്കളോടു സംസാരിച്ച ദൈവം ഇക്കാലങ്ങളിൽ അവിടത്തെ പുത്രൻ വഴി നമ്മോടു സംസാരിച്ചു എന്ന്. ( എബ്രാ. 1/1 ) അതോ, പിതാവിന്റെ തിരുമടിയിൽ നിന്നു ഭൂമിയിലേക്കു വന്ന പുത്രൻ കാര്യങ്ങൾ കുറേക്കൂടി വിശദമാക്കി; അല്ല, ഏററവും വിശദമാക്കി.

ഇനിയും യഹൂദർക്കു മാത്രമല്ല, സകല ജാതികൾക്കും ചരിത്രത്തിനു നൽകുവാൻ ഒരർത്ഥമേയുള്ളു, മിശിഹായുടെ മഹത്വം. പഴയനിയമം ക്രിസ്തുവിനുവേണ്ടിയായിരുന്നു. ( റോമാ. 10/4 ). ഇനിമേലാകട്ടെ ക്രിസ്തുവിനെ ശ്രവിക്കാത്ത ഏവനും ഭൂമുഖത്തു നിന്നു തുത്തുമാററപ്പെടും. ( നടപടി 3/25 ). കാരണം, ക്രിസ്തു സകല സൃഷ്ടികളുടേയും പ്രഥമജാതനാണ്. ( കൊളോ 1/15 ). ഈ പ്രഥമജാതനിൽ മാത്രമാണ് മററു സകലത്തിനെയും പിതാവു ദർശിക്കുക. അതുകൊണ്ടു സകലതും ക്രിസ്തുവിൽ സംജീവനം ചെയ്യപ്പെടണം. അതുകൊണ്ട് ക്രിസ്തുവിനെ പരിഗണിക്കാത്ത യാതൊന്നും പ്രപഞ്ചത്തിലില്ല. ഒന്നുകിൽ അങ്ങോട്ടുചേർന്നു മഹത്വപ്പെടുന്നവ, അല്ലെങ്കിൽ അങ്ങിൽനിന്നകന്നു നശിക്കുന്നവ. അങ്ങനെ ചരിത്രത്തിന്റെ ആദിയും അന്തവും ഒരാളിലൊതുങ്ങുന്നു.

ചരിത്രവും മനുഷ്യനും. ചരിത്രത്തെക്കുറിച്ചുള്ള ക്രിസ്തീയ സിദ്ധാന്തം വ്യക്തമായി. മിശിഹായുടെ മഹത്വത്തിനുവേണ്ടി ദൈവത്തിൽ നിന്നു പുറപ്പെട്ടു ദൈവത്തിലേയ്ക്കു പോകുന്ന സംഭവപരമ്പരയാണു ചരിത്രം. ഇതും സാമാന്യ മനുഷ്യനുമായി എന്താണു ബന്ധം ? അതിന്റെ മറുപടി പ്രത്യേകിച്ചു പറയാനില്ല. രക്ഷപെടുവാനാഗ്രഹിക്കുന്ന മനുഷ്യരുടെ, മൗതികശരീരത്തിന്റെ, ശിരസ്സാണു ക്രിസ്തു. അങ്ങു മുന്തിരിവള്ളിയും നാം ശിഖരങ്ങളുമാണ്. ശിരസ്സിന്റെ മഹത്വം അവയവങ്ങളുടെ മഹത്വമല്ലേ? മുന്തിരിയുടെ തഴപ്പ് ശിഖരങ്ങളിലേയ്ക്കല്ലേ പ്രവഹിക്കുക. അതുകൊണ്ടു ചരിത്രത്തിൽ നടക്കുന്നവയെല്ലാം, ഒരു വിധത്തിൽ തിന്മകൾ പോലും, മനുഷ്യമഹത്വത്തിന്റെ നിദാനങ്ങളാണ്. ലോകത്തെ ജയിച്ചടക്കുവാനും പണുതുയർത്തുവാനും മനുഷ്യകരങ്ങളെ ചലിപ്പിക്കുവാൻ ഇതിലുപരി ഒരു പ്രേരണാശക്തി ആവശ്യമില്ല, സംഭവ്യവുമല്ല. തിരുസഭയുടെ പ്രവർത്തനങ്ങളെ മുന്നോട്ടു തള്ളുന്ന ആവിയന്ത്രമാണ് ഈ സത്യം. ക്രിസ്തുവിനെക്കുറിച്ചുള്ള സ്നേഹം നമ്മെ നിർബന്ധിക്കുമ്പോൾ ഒരു വിധത്തിൽ നമ്മുടെ തന്നെ മഹത്വത്തോടുള്ള സ്നേഹമാണ് പ്രവൃത്തിമുഖരാകുവാൻ നമ്മെ നിർബന്ധിക്കുന്നതു്. ഇനിയും ചരിത്രത്തിന്റെ ആദിയും അന്തവും അറിയാതെ നിരാശരാകേണ്ട കാര്യം നമുക്കില്ല. “ എങ്ങുന്നു വന്നാലും എങ്ങോട്ടു പോയാലും ഇങ്ങുള്ള ജീവിതം എത്ര ക്രൂരം! ” എന്നു കേഴുവാൻ ക്രിസ്ത്യാനിക്കു സാദ്ധ്യവുമല്ല.

---

# ലോകമതങ്ങളും എക്കുമെനിസവും

**ദേശിയോദ്ബുദ്ധമാണ് ആധുനിക നൂററാണ്ട്. സഭ ഒരു പ്രത്യേക സംസ്ക്കാരത്തോടും സ്വാർത്ഥപരമായി ഒട്ടിനില്ക്കുകയില്ല. നിഷ്കൃഷ്ടമായ വിചിന്തനത്തിൽ ലോകമതങ്ങളിലൊന്നെന്നുമാത്രമേ സഭയ്ക്കു സ്വന്തമായി അഭിമാനിക്കാനുള്ളു. ക്രിസ്തുമതത്തിനു ലോകമതങ്ങളുമായുള്ള ആഭിമുഖ്യം ദൈവശാസ്ത്രത്തിൽ അഭിനവമായ വികാസത്തിനും വളർച്ചയ്ക്കും ഒട്ടേറെ സഹായകമായിരിക്കും.**

ബീഡ് ഗ്രിഫിത്ത്സ്
കുരിശുമല ആശ്രമം

## ആമുഖം.

സുപ്രസിദ്ധ യഹൂദ പണ്ഡിതനായ മിസ്റ്റർ ഡേവിഡ് ഡാൻസിംഗ് 'Commentary' എന്ന ഇംഗ്ലീഷ് മാസികയിൽ ഇദാനീന്തനകാലത്തെ ക്രിസ്തുമതത്തെ അപഗ്രഥിച്ചുകൊണ്ടു സാരഗർഭവും ചിന്തോദ്ദീപകവുമായ ഒരു ലേഖനം എഴുതിയിരുന്നു. തികച്ചും പരിഗണനാർഹമായ ഒരു തീസീസ്സാണ് അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നതു്. അതിന്റെ ഉള്ളടക്കം ഏതാണ്ടിപ്രകാരമാണ്: ക്രിസ്തുമതം ഇന്നു കൈവരിച്ചിരിക്കുന്ന അഭിവൃദ്ധിക്കു പ്രഥമവും പ്രധാനവുമായകാരണം സാമ്രാജ്യ ശക്തികളുമായുള്ള അതിന്റെ വേഴ്ചകളും കൂട്ടുകെട്ടുമാണ്. പണ്ടു റോമാസാമ്രാജ്യശക്തിയും പിന്നീടു പാശ്ചാത്യയൂറോപ്യൻ ശക്തിയും ക്രിസ്തുമതത്തെ പരിപോഷിപ്പിച്ചുപോന്നു. ഈ രണ്ടു സാമ്രാജ്യമേൽക്കോയ്മകളോടും ഉററബന്ധം പുലത്തിയതിന്റെ ഫലമെന്നല്ലാതെ സാർവ്വത്രികമായ യാതൊരാകർഷണശക്തിയുമല്ല ഇത്രവമ്പിച്ചതോതിൽ വിശ്വവ്യാപക പുരോഗതി സമ്പാദിക്കാൻ ക്രിസ്തുമതത്തെ പ്രാപ്തമാക്കിയതു്. കഴിഞ്ഞ നാനൂറുകൊല്ലങ്ങളിൽ ക്രിസ്തുമതത്തിനു വിദൂരപൂർവ്വരാജ്യങ്ങളിലേക്കുണ്ടായ വികാസം പാശ്ചാത്യരുടെ കൊളോണിയൽ വികാസവുമായി സഗാഢം ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ, പാശ്ചാത്യ കോയ്മകളുടെ അധിവാഴ്ച അസ്തമിച്ചുവരുന്ന കാലമാണിതു്. ആയതിനാൽ, നാളത്തെ ന

വയുഗത്തിൽ ക്രിസ്തുമതത്തിൻെറ സ്വാധീനതാശക്തി ക്ഷയിച്ചിരിക്കും. 'പാശ്ചാത്യപ്രാഭവത്തിൻെറ അസ്തമനകാലം' (Post western era) എന്നാണ് ഈ നൂററാണ്ടിനെ അദ്ദേഹം വിശേഷിപ്പിച്ചിരിക്കുന്നതു്.

ഡാൻസിംഗിൻെറ കാഴ്ചപ്പാട്

മി. ഡേവിഡ് ഡാൻസിംഗിൻെറ അപഗ്രഥനം എൻെറ ഈ ചെറിയ ലേഖനത്തിൽ വിവരിക്കുവാൻ കൊള്ളുന്നതിനേക്കാൾ വളരെയധികം വികസ്വരവും അതേസമയം സരളവുമാണ്. ആധുനികകാലത്തെ ക്രിസ്തുമതത്തിൻെറ അസ്തിത്വത്തിലേയ്ക്കു സൂക്ഷ്മമായ ഒരുൾക്കാഴ്ച അദ്ദേഹം ആവിഷ്ക്കരിച്ചിരിക്കുന്നു— പ്രത്യേകിച്ചു ലോകമതങ്ങളുമായുള്ള അതിൻെറ സാമീപ്യത്തിൻേറയും സഹവർത്തിത്വത്തിൻേറയും വെളിച്ചത്തിൽ. നമ്മുടെ ശ്രദ്ധയെ വളരെയധികം സമാകർഷിക്കേണ്ട ഒരു പ്രശ്നമാണിതു്. കാരണം, ഏഷ്യനാഫ്റിക്കൻ ഭൂഖണ്ഡങ്ങളിൽ തികച്ചും നവീനവും വ്യത്യസ്തവുമായ ഒരു ലോകത്തെ ക്രിസ്തുമതമിന്നു് അഭിമുഖീകരിക്കുകയാണു്. ഭാവിയാണെങ്കിൽ തികച്ചും അനിശ്ചിതവും. എന്നാൽ, ഒരു കാര്യം പ്രഥമതഃ വ്യക്തമാക്കേണ്ടതുണ്ട്. മി. ഡാൻസിംഗിൻെറ പ്രസ്താവനകൾ കുറെയൊക്കെ അബദ്ധജടിലവും അതിശയോക്തിപരവുമാണെന്നു തറച്ചുപറയാതെ നിവ്വാഹമില്ല. വസ്തുതകളെ ശരിയായരൂപത്തിൽ നമുക്കു ദർശിക്കണമെങ്കിൽ അദ്ദേഹത്തിൻെറ വികലമായ ചരിത്രവീക്ഷണം തിരുത്തപ്പെട്ടുകതന്നെ വേണം.

ഒന്നാമതായി നമുക്കു ചോദിക്കുവാനുള്ളതു് ഇതാണ്: നാലു മുതൽ ആറുവരെയുള്ള നൂററാണ്ടുകളിൽ—അതിനുമുമ്പു മതപീഡനകാലമായിരുന്നല്ലോ—ക്രിസ്തുമതത്തിനുണ്ടായ അഭ്യുദയം റോമൻ അധികാരവാഴ്ചയുടെ അനുഭാവഫലമായിട്ടായിരുന്നോ ? റോമാസാമ്റാജ്യം അധഃപതനത്തിൻെറ പടുകുഴിയിലേയ്ക്കു നീങ്ങിക്കൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നില്ലേ വാസ്തവത്തിലതു് ? അക്കാലത്തെക്കുറിച്ചുള്ള നിർദ്ദിഷ്ടമായ ചരിത്രപഠനം, ക്രിസ്തുമതത്തിൻെറ ആത്മീയവും ബൗദ്ധികവുമായ മഹിമാവുകളാണ് പ്രധാനമായി അതിൻെറ ഉദ്ഗമനത്തിനു വേഗത കൂട്ടിയതെന്ന യാഥാർത്ഥ്യം നമുക്കു വെളിപ്പെട്ടുത്താതിരിക്കുകയില്ല. റോമൻ

അധികാരശക്തികളുടെ പിൻതാങ്ങ് അശേഷമില്ലായിരുന്നുവെന്നു പറയുന്നതു് അവാസ്തവമാണു്. അക്കാര്യത്തിൽ സഭയ്ക്കു വലിയൊരു കടപ്പാടുമുണ്ടു്. എങ്കിലും വിശുദ്ധന്മാരായ അത്തനാസിയോസ്, ജോൺ ക്രിസോസ്തോം, ബേസിൽ, അംബ്രോസ്, അഗസ്ററിൻ തുടങ്ങിയ മഹാരഥന്മാരുടെ ജീവിതംതന്നെ വിളിച്ചറിയിക്കുന്നതുപോലെ, അവരാണു സഭയുടെ അതുല്യപ്രഭാവത്തിനും അതിർത്തിവികസനത്തിനും കാരണഭൂതർ.

എന്നാൽ, ചരിത്രത്തിൻെറ തെററായ ഒരദ്ധ്യായമാണു് മി. ഡാൻസിംഗു വായിക്കുന്നതു്. ആറുമുതൽ പതിനേഴുവരെയുള്ള നൂററാണ്ടുകളിൽ ക്രിസ്തുമതം അധികമൊന്നും പുരോഗമിച്ചില്ലെന്നു് അദ്ദേഹം പ്രസ്താവിക്കുന്നു. ഈ പ്രസ്താവം മുഴുവൻ ശരിയാണോ? പ്രസ്തുത നൂററാണ്ടുകളിൽ ബനഡിക്ററയിൽ സന്യാസികളുടെ നിസ്തന്ദ്രപരിശ്രമഫലമായി യൂറോപ്പിൻെറ പടിഞ്ഞാറൻദിക്കുകളിൽ ക്രിസ്തുമതം പടന്നു് പന്തലിച്ചതു് വ്യക്തമായ ചരിത്രപാഠങ്ങളല്ലേ? ഇംഗ്ലണ്ടു്, ജർമ്മനി, ഹോളണ്ടു്, ബെൽജിയം, സ്വിററ്സർലണ്ടു്, നോർവേ, സ്വീഡൻ തുടങ്ങിയ രാജ്യങ്ങളിലെല്ലാം ക്രിസ്തീയ സുവിശേഷത്തിൻെറ നവ്യപ്രകാശം കടന്നുചെന്നതു് അക്കാലത്താണു്. ആയിടയ്ക്കുതന്നെയാണു് വി. സിറിൽ മെത്തോഡിയസ് തുടങ്ങിയ ക്രിസ്തീയപ്രമുഖന്മാർ സ്ളാവു ജനതയിലേയ്ക്കു സുവിശേഷം സംവഹിച്ചതും ചെക്കോസ്ളോവാക്കിയാ, പോളണ്ടു്, ഹംഗറി, റഷ്യ തുടങ്ങിയ രാജ്യങ്ങൾ ക്രിസ്തുമതാവലംബികളായതും. ചുരുക്കത്തിൽ, യൂറോപ്പു ഭൂഖണ്ഡം മുഴുവൻ ക്രിസ്തീയ വിശ്വാസത്തിൻെറ ഊർജ്ജപ്രസരമേററ കാലഘട്ടം അതായിരുന്നു. ഇതൊന്നും റോമാസാമ്രാജ്യത്തിൻെറയോ മറേറതെങ്കിലും സാമ്രാജ്യച്ചെങ്കോലിൻേറയോ ആദരവോട്ടം ആശീർവാദത്തോട്ടം കൂടിയല്ലായിരുന്നുവെന്നതും പരമാത്ഥമാണു്. എന്നാലും ഇതിലൊക്കെ രാഷ്ട്രീയ കൈകടത്തലുകൾ ഒട്ടും ഉണ്ടായിട്ടില്ലെന്നു തീത്തു പറയുകവയ്യ. അവയേക്കാളുപരി സന്യാസാശ്രമങ്ങളുടെ ആദ്ധ്യാത്മികശക്തിയും നേതൃസാരഥ്യവുമാണു് ആ സംരംഭങ്ങളുടെ എല്ലാം പിന്നിലുണ്ടായിരുന്ന ആവേശശക്തി. വി. കൊളുംബെ, കൊളംബാനൂസ്, ബൊനിഫസ്, ആൻസ്കാർ തുടങ്ങിയ സാരഥികൾ ആ പുരോഗതിക്കു കടിഞ്ഞാൺ പിടിക്കുകയും ചെയ്തു.

മി. ഡാൻസിംഗിനു ഗർഹണീയമായൊരബദ്ധം പിണഞ്ഞിരിക്കുന്നുവെന്നു പറയാതെ തരമില്ല. മി. ജെ. എച്ച്. നിക്കോൾസൻെറ "ക്രിസ്തുമതചരിത്രം" എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, 1550—ലെ ക്രിസ്ത്യൻ ജനസംഖ്യയും 500—ാമാണ്ടിലെ ക്രിസ്ത്യൻ ജനസംഖ്യയും ഏതാണ്ടു സമമാണെന്ന്, എന്ന മിഥ്യാനിഗമനത്തിൽ ഡാൻസിംഗും നിപതിച്ചിരിക്കുന്നു. ആ കണക്കുകൂട്ടൽ ശരിയാണെങ്കിൽത്തന്നെ, ക്രിസ്തുമതം, യൂറോപ്പിൽ ഉൽക്കർഷത്തിൻെറ ഉച്ചകോടിയിലേയ്ക്കു കുതിച്ചുകയറിയ കാലങ്ങളിൽ അതിൻെറ തറവാടായിരുന്ന പാലസ്റ്റെയിൻ, സിറിയ, ഈജിപ്റ്റ്, മെസപ്പൊട്ടേമിയ, പേർഷ്യ തുടങ്ങിയ കിഴക്കൻ പ്രദേശങ്ങളിൽ മുഹമ്മദീയാക്രമണത്തിൻെറ ദുരന്തഫലമായി അത് അധോഗതിയിലേയ്ക്കു നിപതിക്കുകയാണുണ്ടായതെന്ന ചരിത്രപാഠം മറന്നുപോകരുത്. പ്രസ്തുത നൂറ്റാണ്ടുകളിൽ ക്രിസ്തുമതം പാശ്ചാത്യപരിവേഷത്തിൽ യൂറോപ്പിലാകെ ആവിഷ്കരിക്കപ്പെട്ടെങ്കിൽ, അതിൻെറ പൂർവ്വഭാഷയും ശീലവും പൗരസ്ത്യഭാവത്തിലായിരുന്നുവെന്നു നാം ഓർക്കണം. പാലസ്റ്റൈനിൽ ആരംഭിച്ച ഒരു പൗരസ്ത്യമതമായ ക്രിസ്തുമതം ആദ്യമാദ്യം വദ്ധിച്ച വേഗതയോടെ വികാസം പ്രാപിച്ചതു് യൂറോപ്പിലെന്നതിനേക്കാൾ ഏഷ്യയിലായിരുന്നുവെന്ന നഗ്നസത്യം നമ്മിൽ പലരും വിസ്മരിക്കാറുണ്ട്. ആദ്യത്തെ അഞ്ചുനൂററാണ്ടുകളിൽ സിറിയ, മെസപ്പൊട്ടേമിയ, പേർഷ്യ തുടങ്ങിയ നാടുകളിൽ അതീവമനോഹരങ്ങളായ ക്രൈസ്തവദൈവാലയങ്ങൾ പൊന്തിനിന്നിരുന്നു. ആറാം നൂറ്റാണ്ടോടുകൂടിയാണ് ഏഷ്യയിലാകെ—ഇൻഡ്യാ, ചൈനാ തുടങ്ങിയ പൂർവ്വദേശങ്ങളിലുൾപ്പെടെ—നെസ്റ്റോറിയനിസത്തിൻെറ ദിഗ്‌വിജയമുണ്ടായതു്. ഒരു കാലത്തു്, വമ്പിച്ച ചൈനാസാമ്രാജ്യത്തെപ്പോലും സമാകർഷിച്ച് ഈ പുതിയ വേദജ്ഞാനമാർഗ്ഗത്തിലേയ്ക്കു മാനസാന്തരപ്പെടുത്തുമെന്ന പതനത്തിൽ വരെ നെസ്തോറിയനിസം ചെന്നെത്തുകയുണ്ടായി.

**ദേശീയത വളരുന്നു.**

ആധുനികകാലത്തേ ക്രിസ്തുമതത്തിൻെറ വികാസാഭിവൃദ്ധിയെക്കുറിച്ചുപറയുന്ന വേളയിൽ മി. ഡാൻസിംഗു കെട്ടുറപ്പുള്ള ഉറച്ച അടിസ്ഥാനങ്ങളിലാണു കാലൂന്നിയിരിക്കുന്നതെന്നു സമ്മതിക്കണം. ഇക്കാലത്തു് ഏഷ്യാ, ആഫ്റിക്കാ തുടങ്ങിയ വൻ

5

കരകളിൽ ക്രിസ്തുമതത്തിനുണ്ടായ പ്രചുരപ്രചാരം കൊളോണിയൽ ശക്തികളുടെ സഹായത്തിലും സപ്പോർട്ടിലുമാണെന്ന വസ്തുത അനിഷേധ്യമാണ്. എന്നിട്ടും ചൈനയിൽ മത്തേയോറിച്ചിയും ഇൻഡ്യയിൽ റോബർട്ട ഡിനോബിലിയും തദ്ദേശസംസ്ക്കാരങ്ങളെ ക്രൈസ്തവീകരിക്കുവാൻ നിസ്തന്ദ്രപരിശ്രമം ചെയ്തവരാണ്. സഭ ഒരു പ്രത്യേകസംസ്ക്കാരത്തോടും സാത്മ്യമായി ഒട്ടിനിൽക്കുന്നതല്ലെന്നും പാശ്ചാത്യദേശങ്ങളിലെന്നതിനേക്കാൾ ഒട്ടും കുറയാത്തരീതിയിൽ പൗരസ്ത്യദേശങ്ങളിൽ അതിനധിവാസമുറപ്പിക്കാൻ സൗകര്യമുണ്ടെന്നുമവർ കാട്ടിത്തന്നു.

അടുത്തകാലങ്ങളിൽ, പ്രത്യേകിച്ചു നമ്മുടെ ഈ നൂററാണ്ടിൽ, ദേശീയാവബോധവും സനിഷ്ക്കർഷയും ഉദാത്തമായ വേഗതസമ്പാദിച്ചിട്ടുണ്ട്. എല്ലാ രാജ്യക്കാരും ഏതദ്ദേശീയ വൈദികരെയാണ് ഇന്നു കൂടുതൽ സ്വാഗതം ചെയ്യുക. ഏഷ്യയിലും ആഫ്റിക്കയിലും നാട്ടുകാരായ മെത്രാന്മാരും കർദ്ദിനാളന്മാരും ഉണ്ടായിവരികയാണ്. ( ചരിത്രത്തിലാദ്യമായി ഒരാഫ്റിക്കൻ കർദ്ദിനാളിനേയും ഒരു ഫിലിപ്പൈൻ കർദ്ദിനാളിനേയും പരിശുദ്ധ ജോൺ മാർപ്പാപ്പ നിയോഗിച്ച വസ്തുത കൃതജ്ഞതാപൂർവ്വം സ്മരിക്കാം ). ഇപ്പോഴും യൂറോപ്യൻ സപ്പോർട്ടിലാണു ഈ രാജ്യങ്ങളിൽ ക്രിസ്തുമതം കഴിഞ്ഞുകൂട്ടുന്നതെന്നു പറയുന്നതു പരമാബദ്ധമാണല്ലോ. മി. ഡാൻസിംഗിനും അക്കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. ഇൻഡ്യയെത്തന്നെ എടുത്താൽ അവിടെ ജോലിചെയ്യുന്ന ഭൂരിഭാഗം വൈദികരും ഇൻഡ്യാക്കാരാണ്. തങ്ങളുടേതായ അപ്പസ്തോലികോദ്യമത്തിൽ സർവ്വദാ വ്യാപൃതരാണിന്നവർ. ഏതദ്ദേശീയവൈദികപരിചരണത്തിൽ സഭയിന്നു കുതിച്ചുകുതിച്ചു മുന്നേറുകയാണ്, ഏഷ്യനാഫ്റിക്കൻ ഭൂമേഖലകളിൽ. കൂടാതെ യൂറോപ്യൻ സഹകരണം ഒന്നിനൊന്നു അപ്രാപ്യമാവുകയും. എന്നാൽ, പ്രസ്തുത രാജ്യങ്ങളിൽ ക്രിസ്ത്യാനികൾ വെറും ന്യൂനപക്ഷമാണെന്നുകൂടി ധരിക്കേണ്ടിയിരിക്കുന്നു. ചൈനപോലുള്ള രാജ്യങ്ങളിലാകട്ടെ അവരുടെ സ്ഥായിയായ അസ്തിത്വംതന്നെ അപകടകരവും ആകാംക്ഷാഭരിതവുമായിത്തീർന്നിരിക്കുകയാണ്. തന്നെയുമല്ല, ആനുപാതികമായിപ്പറഞ്ഞാൽ, ആദിവാസികൾക്കിടയിലാണു മിഷൻ പ്രവർത്തനമധികവും. അതൊരു യാഥാർത്ഥ്യമാണ്. ലോകമതങ്ങളായ ഇസ്ലാംമതം, യഹൂദമതം, ബുദ്ധമതം, ഹിന്ദുമതം മുതലായ

മതങ്ങളുമായി ഏററുമുട്ടേണ്ട സന്ദർഭങ്ങളിൽ ക്രിസ്തുമതത്തിനു ലഭ്യമാവുന്ന സ്ഥാനം തികച്ചും അപ്രധാനവും അഗണ്യവുമല്ലേ എന്നാണു മി. ഡാൻസിംഗു ചോദിക്കുന്നതു്. എന്നാൽ, ഈ ചോദ്യം അതിൻെറ മുഖവിലയ്ക്കുതന്നെ സമ്മതിച്ചുകൊടുക്കാമോ? വളരെ ഗൗരവാവഹമായ ഒരു പ്രശ്നം തന്നെയാണിതു്. മേല്പറഞ്ഞ രാജ്യങ്ങളുമായി അല്പമെങ്കിലും പരിചയം ലഭിക്കാനിടവന്നിട്ടുള്ള ആരും മി. ഡാൻസിംഗിൻെറ അഭിമതം നിരുപാധികം നിഷേധിക്കാൻ മുതിരുമെന്നു തോന്നുന്നില്ല.

ഇന്നു സംജാതമാകുന്ന നവയുഗത്തിൽ സഭയുടെ ഭാവിയെക്കുറിച്ചു് പ്രത്യാശവച്ചുപുലർത്തുന്ന ആരും അഭിമുഖീകരിക്കാനുള്ള ഒരു പ്രശ്നമാണതെന്നു ഞാൻ വിശ്വസിക്കുന്നു. പൗരാണികങ്ങളായ ഹൈന്ദവ ഇസ്ലാമിക, ബൗദ്ധികസംസ്കാരങ്ങളുടെ സവിധേ സഭ മുന്നോട്ടില്ലെന്നുമാത്രമല്ല ആ മതങ്ങൾ അനിരുദ്ധാവേശത്തോടെ പുനരുത്ഥാനം ചെയ്യുകയാണെന്നുകൂടി ധരിക്കണം. അവയുടെ പുനരുജ്ജീവനം ഊർജ്ജസ്വലമാണു്. ആഫ്രിക്കയിൽ കുറച്ചു കാലംകൊണ്ടു് ഇസ്ലാമിനുണ്ടായ അഭ്യുത്ഥാനം എത്ര ഗംഭീരമായിരിക്കുന്നു!- ഹൈന്ദവ ബൗദ്ധമതങ്ങൾ യൂറോപ്പ്, അമേരിക്ക തുടങ്ങിയ പാശ്ചാത്യരാജ്യങ്ങളിലേയ്ക്കുകൂടി തങ്ങളുടെ മിഷനറി സന്യാസിമാരെ അയച്ചുതുടങ്ങിയിട്ടുണ്ടെന്ന വാർത്ത ആർക്കും അജ്ഞാതമല്ലല്ലോ. വൈജ്ഞാനികമണ്ഡലത്തിലെ ഒരു വിഭാഗം ഉന്നതശീർഷങ്ങളെ മാത്രമാണവർ കണ്ടുമുട്ടുന്നതെന്നിരുന്നാലും അവരുടെ അസ്തിത്വം തന്നെ വിളിച്ചറിയിക്കുന്നതെന്താണു്? തങ്ങൾ ലോകമതങ്ങളാണെന്ന പുതിയൊരുണർവ്വും അവബോധവും ധാരണയും പ്രത്യാശയും അവരിൽ സംജാതമായിരിക്കുന്നുവെന്നല്ലേ!

ഈ സാഹചര്യത്തിൽ ലോകമതങ്ങളിലൊന്നു് എന്ന അഭിമാനം മാത്രമാണു ക്രിസ്തുമതത്തിനു സ്വന്തമായി അവകാശപ്പെടാനുള്ളതു്. നിഷ്കൃഷ്ടമായ ഒരു വിലയിരുത്തലാണിതു്. ഇതു സമ്മതിച്ചുകൊടുക്കുകയും വേണം. ഏവംവിധങ്ങളായ നിരവധിപ്രശ്നങ്ങളുണ്ടെന്നിരിക്കേ "പേഗന്മാ"രേയും "അവിശ്വാസി" കളേയുമൊക്കെ 'ഇപ്പം' മാനസാന്തരപ്പെടുത്തിക്കളയാമെന്ന അഭിലാഷത്താൽ ചാടിപ്പുറപ്പെടാറുള്ള നമ്മുടെ പഴയ മിഷൻ പ്രവർത്തനസമ്പ്രദായം മേലിൽ അസ്വീകാര്യവും അതുകൊണ്ടു

പരിവർജ്ജ്യവുമാണെന്നാണു് എനിക്കു പറയാനുള്ളതു്. അത്തരത്തിലുള്ള നമ്മുടെ പ്രവർത്തനങ്ങൾ അനഭികാമ്യമായ വൈകാരിക പ്രതികരണങ്ങളേ ഉത്ഭൂതമാക്കൂ. എന്നുതന്നെയുമല്ല, അവരുമായുള്ള സകല സമ്പർക്കങ്ങളും അസാധ്യമാക്കിത്തീർക്കുകയും ചെയ്യും. അതുകൊണ്ടു ഒരു പുതിയ മാർഗ്ഗം നാം അവലംബിക്കണം. വേർപെട്ടു നില്ക്കുന്ന ക്രിസ്തീയ സഹോദരങ്ങളുടെ കാര്യത്തിൽ നാം ആധുനികകാലത്തു കൈക്കൊണ്ടിരിക്കുന്ന എക്കുമെനിക്കൽ സമീപനരീതിതന്നെയായിരിക്കും ഇവിടെയും അനുകരണീയം. അവരുടെ അഭിമതങ്ങളെ ശകത്തുഖണ്ഡിക്കുന്നതിനോ അവരെ മതം മാററി മാനസാന്തരപ്പെടുത്തുന്നതിനോ ഉള്ള ലാക്കോടുകൂടിയായിരിക്കരുതു് നാമവരെ സമീപിക്കുന്നതു്. അവരുടെ നിലപാടു ഗ്രഹിക്കുക, നാം അവരെ കൂടുതൽ മനസ്സിലാക്കുക, പരസ്പരൈക്യത്തിനു വേണ്ടി വിനയപുരസ്സരം പരിശ്രമിക്കുക— ഇത്രയുമാണു ഉടനടി ചെയ്യേണ്ടതു്. അതുപോലെ തന്നെ, വിവിധ ജനതകളുടെ മതപരവും സാംസ്കാരികവുമായ സമുൽകൃഷ്ടപാരമ്പര്യങ്ങളോടു് അടുക്കുന്തോറും അവരെയൊക്കെപ്പിടിച്ചു ക്രിസ്തുമതത്തിൽ ചേർക്കണമെന്നതിനേക്കാൾ അവരെ ശരിയാംവണ്ണം അറിയുക എന്ന അഭിലാഷമായിരിക്കണം നമ്മെ നയിച്ചുകൊണ്ടിരിക്കേണ്ടതു്.

ഈ മതങ്ങളോരോന്നും അതതിനു സ്വായത്തമായ മതപരവും തത്വശാസ്ത്രപരവുമായ പാരമ്പര്യപൈതൃകങ്ങൾ ലോകത്തിനു കാഴ്ചവെച്ചിട്ടുണ്ടെന്ന വസ്തുത നാം അവഗണിക്കരുതു്. ക്രിസ്തുമതം ആവിർഭവിക്കുന്നതിനു് എത്രയോ നൂററാണ്ടുകൾ മുമ്പു വേരുറച്ച മതങ്ങളാണവ. ഓരോമതവും എന്തെന്തു മതാത്മകമൂല്യങ്ങൾ പുരുഷാന്തരങ്ങൾക്കു പകർന്നുകൊടുത്തിട്ടില്ല! ഓരോ മതത്തേയും അല്പമായിട്ടൊന്നു പരിശോധിച്ചു നോക്കാം. ഇസ്ലാം ദൈവത്തിൻെറ സർവ്വോന്നത വിശുദ്ധിയും സർവ്വാതിരിക്തതയും (Absolute Holiness and Transcendence) പുകഴ്ത്തുന്നു. ദൈവത്തിനു സൃഷ്ടമേഖലയുമായുള്ള സകല വേഴ്ചകളേയും അതു നിരാകരിക്കുന്നു. എന്നാൽ, സകലസൃഷ്ടവസ്തുക്കളിലുമുള്ള ഈശ്വരൻെറ അന്തര്യാമിത്വ (Immanence) ത്തെക്കുറിച്ചുള്ള അഗാധബോധം ഹൈന്ദവചിന്തയുടെ അമൂല്യകൈമുതലാണു്. ഈശ്വരനും ലോകത്തിനും തമ്മിൽ ഭേദം കല്പിക്കാൻ അസാധ്യമാകുമാറു് അത്രയ്ക്കു് അവഗാഹമാണു് ഹൈന്ദവ ചിന്തയിലെ അവബോധം,

ബുദ്ധമതചിന്തയാകട്ടെ, ഈശ്വരനെക്കുറിച്ച് ഒരാശയം പോലും സ്വരൂപിക്കാൻ വിസമ്മതിക്കുന്നു. മനുഷ്യവിഭാവനകൾക്കും ചിന്തകൾക്കും അതീതമായൊരു സർവ്വാതിശായിത്വമാണ് ആ പരംപൊരുളിൻെറ ഉൾപ്പൊരുളെന്ന അനുഭവത്തിൽ ബുദ്ധമതം എത്തിയിരിക്കുന്നു. അതിമാനുഷവും അപാരവുമായ മിസ്റ്റിക്ക് അനുഭൂതിയാണ് ബുദ്ധചിന്തയുടെ മൗലികചേതന. പ്രസ്തുത മതങ്ങൾ മൂന്നും വമ്പിച്ച ലോകസംസ്കാരങ്ങളെ വാർത്തെടുത്ത ഗഹനമായ മാനവചിന്തയുടെ ഭാവരൂപങ്ങളാണ്. നമ്മുടെ ഭക്ത്യാദരവുകൾ വളരെയധികം സമാർജ്ജിക്കേണ്ട വിധം ധാർമ്മികാവബോധത്തിൻെറനാരായവേരിനെ അനുയായികളിൽ അവ ആഴമായി പാകിയിട്ടുണ്ട്.

## ഉള്ളിൽ നിന്നു നോക്കണം

ഈ മതങ്ങളോടുള്ള സാമീപ്യത്തിൽ അവരുടെ ചൈതന്യവത്തായ ധന്യാത്മകനിക്ഷേപങ്ങളെ നിരീക്ഷിക്കാനായിരിക്കണം നാം വെമ്പൽകൊള്ളേണ്ടതു്. അവരുടെ ചിന്താരീതികളെ അനുഭാവപൂർവ്വം സമീപിക്കുക. അവയിലെ ആന്തരിക സത്യത്തിൻെറ പൊരുളുമനസ്സിലാക്കി യേശു ക്രിസ്തുവിൽ നമുക്കു വെളിപ്പെട്ടുത്തിയിട്ടുള്ള സത്യസമ്പൂർണ്ണതയുടെ കാതലിനോട്ട് ആ സത്യാംശങ്ങളെ ബന്ധിക്കുന്ന കൃത്യമാണു നമുക്കു നിർവ്വഹിക്കാനുള്ളതു്. വളരെ വളരെ സരളവും സങ്കീർണ്ണവുമായ ഒരു പദ്ധതിയാണിതു്. നമ്മുടേതായ ചിന്താസമ്പ്രദായങ്ങളിൽ നിന്നു സർവ്വത്ര വ്യത്യസ്തമായ ചിന്താസമ്പ്രദായങ്ങളെ പ്രതിഫലിപ്പിക്കുന്ന ആ മതതത്വങ്ങൾ നമ്മുടെ അങ്ങേയററത്തെ ആദരവും അനുഭാവവും അർഹിക്കണം. മതാത്മകമായ മറെറാരു ചിന്താഗതിതന്നെ നമുക്കു കൈക്കൊള്ളണം. മറെറാരു ചിന്താവ്യവസ്ഥയിൽ നാം പ്രവേശിക്കണം. അങ്ങനെ, അവരുടേതായ ദർശനകോടികളും സമീക്ഷണങ്ങളും നാം അവലംബിക്കണം. അവയായിരിക്കുന്നതുപോലെ, അകത്തുനിന്നുതന്നെ—അവയുടേതന്നെ കാഴ്ചപ്പാടിൽ—അവയെ അവലോകനം ചെയ്യാൻ നമുക്കു കഴിയണം. ഇവയെല്ലാം സാധിതമായെങ്കിൽ മാത്രമേ യേശുക്രിസ്തുവിൻെറ സനാതനസുവിശേഷവുമായി അവയ്ക്കുള്ള സജീവബന്ധം എന്തെങ്കിലും പ്രത്യക്ഷമാകുമെന്നു പ്രത്യാശിക്കാൻകൂടി നമുക്കു കഴിയൂ.

ഏതാദൃശമായ ഒരു ചിന്താവ്യവസ്ഥിതിയിൽ എത്താനൊ

ത്താൽ മാത്രമേ, പ്രസ്തുതമതങ്ങളെ വേർതിരിച്ചു വേർതിരിച്ചു നോക്കുമ്പോൾ, വിലോപങ്ങളും വിഭിന്നങ്ങളുമായി പ്രത്യക്ഷപ്പെട്ട ന്ന സത്യത്തിൻെറ വിവിധ മുഖങ്ങളെ ക്രിസ്തുമത വിശ്വാസ ത്തിൽ സമാശ്ലേഷിപ്പിക്കാൻ നമുക്കു കഴിയൂ; ഹിന്ദുമത വിശ്വാ സമായ ഈശ്വരാന്തര്യാമിത്വവും മുഹമ്മദ്മത വിശ്വാസമായ ഈ ശ്വരസർവ്വാതിശായിത്വവും ക്രിസ്തുമതവിശ്വാസമായ മനുഷ്യാവ താരമെന്ന മഹോന്നതസത്യത്തിൽ സംഗ്രഹിക്കാമോ, സമാശ്ലേഷി ക്കാമോ എന്നൊരു പരീക്ഷണം തന്നെ നടത്താൻ നമുക്കു സാധ്യ മാകൂ. അതുപോലെ, ഈശ്വരൻ നാമരൂപങ്ങളിൽ വ്യവഹരിക്ക പ്പെടുന്നതിനെത്തന്നെ നിഷേധിക്കുന്ന ബുദ്ധമതത്തിലെ "നിഷേ ധാത്മക ദൈവശാസ്ത്രവും" പുരുഷാത്മകനായ ഈശ്വരൻെറ വെ ളിപാടിൽ കേന്ദ്രീകൃതമായിരിക്കുന്ന യഹൂദമതവിശ്വാസവും ക്രി സ്തുമതത്തിലെ പരിശുദ്ധത്രീത്വമെന്ന വിശ്വാസത്തിൽ സംബ ന്ധിപ്പിക്കാമോ എന്നു പരീക്ഷിച്ചുനോക്കാനും. ഈ വക ആശയ ങ്ങളെക്കുറിച്ചോ, സാധ്യതകളെക്കുറിച്ചോ, പരീക്ഷണങ്ങളെക്കുറി ച്ചോ പര്യാലോചിക്കാൻ പോലും നാം തുടങ്ങിയിട്ടില്ലെന്നുള്ളതാ ണു വാസ്തവം, എന്നാൽ, പ്രത്യാശാപൂരിതമായ ഒരു ഭാവിയി ലേയ്ക്കു നമുക്കു നോട്ടമുണ്ടെങ്കിൽ അതിലേയ്ക്കു നീണ്ടുകിടക്കുന്ന രാജ പാതയുടെ ഉല്പത്തിസ്ഥാനം ഇവിടെയാകുന്നു എന്നുകൂടി പറയട്ടെ.

**പുതിയ വെല്ലുവിളി.**

'മതവിഭിന്നത' (Religious Pluralism) എന്നൊരു പാഷ ണ്ഡതയിൽത്തന്നെ നാം പതിച്ചിരിക്കുന്നുവെന്നാണു് മി. ഡാൻ സിംഗിൻെറ ഒരാരോപണം. ഏറെക്കുറെ വാസ്തവുമാണതു്. ഏഷ്യയിലും ആഫ്റിക്കയിലുമെന്നല്ല, യൂറോപ്പിലും അമേരിക്ക യിലും—ലോകത്തിൻെറ എല്ലാ ഭാഗത്തും—വിവിധക്രിസ്തീയസ ഭകൾതന്നെ തനിച്ചു തനിച്ചു പ്രവർത്തിക്കുകയാണിന്നു്. ചിലേ ടത്തു വെറും ന്യൂനപക്ഷമാണവർ. മററു ചിലേടത്തു് ചെറു ഗ്രൂപ്പുകൾ മാത്രം. എന്നാൽ, ഈ അസംഖ്യം വിവിധ സഭകളുടെ അസ്തിത്വം തന്നെ ഒരൊന്നിപ്പിനുള്ള സാധ്യതയുണ്ടാക്കിത്തീർക്കു കയാണെന്നു ഞാൻ വിശ്വസിക്കുന്നു. അവരോടെല്ലാം സമഭാവ ത്തോടും സഹിഷ്ണുതയോടും സമീപിക്കാൻ കത്തോലിക്കാസഭ യിന്നു നിർബന്ധിതയാകുന്നെങ്കിൽ അതിൽ നിന്നു യാതൊരു നാ ശവും അപകൃഷ്ടതയും ഉണ്ടാകാൻ പോകുന്നില്ല. ലോകമതങ്ങ

ളുമായുള്ള ഏതൽസംബന്ധമായ സൗഹാർദ്ദസംവാദങ്ങൾ നമ്മുടെ വിശ്വാസത്തിൽത്തന്നെ പുതിയ ചിന്താപഥങ്ങളെ തെളിക്കുമെന്നതു തീർച്ചയാണു്. നമ്മുടെ വിശ്വാസത്തിന്റെ ഒരു പുനർവ്വിചിന്തനത്തിനു നമുക്കവസരം ലഭിക്കുകയും ചെയ്യും. സത്യത്തിന്റെ അജ്ഞാതമായ പുതുമുഖങ്ങളുമായി പരിചയപ്പെടാനും അവയ്ക്കനുബന്ധമായി നമ്മുടെ വിശ്വാസത്തെ ഉദ്ദീപിപ്പിക്കാനും നമുക്കുത്തേജനം ലഭിക്കും. തദ്വാരാ, സഭയുടെ വിശ്വാസത്തിനുതന്നെ പൂർവ്വോൽഗതമായ ഒരു പരിപോഷണം താനെ കൈവരും.

ഗ്രീക്കുതത്വശാസ്ത്രത്തോടും ഗ്രീക്കുമതത്തോടുമുള്ള സമ്പക്കത്തിന്റെ ഫലമായിട്ടാണു, റോമാസാമ്രാജ്യത്തിൽ ക്രൈസ്തവദൈവശാസ്ത്രം കരുപ്പിടിപ്പിക്കപ്പെട്ടതു്. അതിന്റെ ബാഹ്യരൂപം നിർണ്ണയിക്കപ്പെട്ടതും ഗ്രീക്കുമാനദണ്ഡങ്ങൾ മുഖേനയാകുന്നു. ഇന്നു ദൈവശാസ്ത്രത്തിൽ പ്രയോഗിച്ചിരിക്കുന്ന നിരവധി പദങ്ങൾ—പ്രകൃതി ( Nature ), വ്യക്തി ( Person = പുരുഷൻ ), സത്ത ( Substance ), ബന്ധം ( Relation ) തുടങ്ങിയവ—ഗ്രീക്കുതത്വവിജ്ഞാനീയത്തിൽ നിന്നും കടംവാങ്ങിയിട്ടുള്ളവയാണു്. അനന്തരകാലത്തു് പ്രോട്ടസ്റ്റൻറുകാരുമായുള്ള മത്സരസംഘട്ടനങ്ങളിൽ നിന്നും ഒരു പ്രോട്ടസ്റ്റൻറുവിരുദ്ധ ദൈവശാസ്ത്രം (Counter-reformation theology) രൂപംകൊണ്ടു. ഇന്നുവരെ അങ്ങനെയൊരു ദൈവശാസ്ത്രമാണു സഭയിൽ നിലവിലിരിക്കുന്നതു്. എന്നാൽ, ഇന്നു പല വ്യത്യസ്ത വിശ്വാസങ്ങളേയും ചിന്താരീതികളേയും സഭ അനിവാര്യമായി അഭിമുഖീകരിക്കുകയാണു്. പണ്ടു് അഭിമുഖീകരിച്ചിട്ടുള്ള സകലതിനേയുംകാൾ ഗഹനവും വ്യാപകവുമാണവ. അങ്ങനെ ദൈവശാസ്ത്രമിന്നു പുതിയൊരു വെല്ലുവിളിയെ നേരിട്ടുകൊണ്ടിരിക്കുകയത്രേ.

ലോകമതങ്ങളുമായുള്ള ഏതാദൃശസംവാദങ്ങളുടെ ഫലമായി അഭിനവവും അഗാധവുമായ ഒരു പുതിയ ദൈവശാസ്ത്രം രൂപംകൊള്ളുമെന്നു ന്യായമായി നമുക്കു പ്രതീക്ഷിക്കാം. അതിനുവേണ്ട കാലദൈർഘ്യത്തെക്കുറിച്ചു നാം അശേഷം ആകുലരാകേണ്ടതില്ല. മററു മതങ്ങളുടെ പ്രബോധനങ്ങളെ ഖണ്ഡിച്ചു തച്ചുടയ്ക്കുന്നതിനുള്ള ഒരുപാധിയുണ്ടായിരിക്കണം എന്നതല്ല, അപ്രകാരമൊരു ദൈവശാസ്ത്രത്തിന്റെ ആവശ്യകത. അവരോടു ചെറുത്തുനിൽക്കാനും അവരുടെ പ്രബോധനങ്ങളെ ഖണ്ഡിക്കാനും എളുപ്പമാ

യിരിക്കാം. എന്നാൽ, നൂതനമായ ചിന്തയിൽ നിന്നും അനുഭവത്തിൽ നിന്നും ആദരപൂർവ്വം സമാരബ്ധമായ ആദ്ധ്യാത്മികാനുഭൂതിയുടെ ശാസ്ത്രസന്തതിയായിരിക്കണം പുതിയ ദൈവശാസ്ത്രം. അതായതു്, പ്രസ്തുത മതങ്ങളിൽ തിളങ്ങിവിളങ്ങുന്ന സത്യത്തിൻെറ തരികളേയും മുത്തുകളേയും അരിച്ചു്, ആകീർണ്ണം ചെയ്യുന്ന ഒരു കർമ്മപരിപാടി. പുരാതനസഭയ്ക്കു ഗ്രീക്കു തത്വശാസ്ത്രത്തേയും ഗ്രീക്കു മതങ്ങളേയും അഭിമുഖീകരിക്കേണ്ടി വന്നപ്പോൾ സഭാപിതാക്കന്മാർ എന്തു നിലപാടു സ്വീകരിച്ചോ അതാണു നമുക്കും മാർഗ്ഗദർശകം. ഇസ്ലാംമതത്തോടുള്ള സഹവാസത്തിൽ നിന്നാണു് 'Summa Contra Gentiles' എന്ന ഗ്രന്ഥരചനയ്ക്കു സെൻറു് തോമ്മസ് അക്വിനാസ് തന്നെ പ്രചോദനമുൾക്കൊണ്ടതു്. എന്നാൽ, ഇന്നു്, ഇസ്ലാംമതവുമായുള്ള സമീപനത്തിനും സൗഹാർദ്ദസംവാദത്തിനും കൊറാനെക്കുറിച്ചും ഐസ്ലാമികസൂഫികളുടെ ആദ്ധ്യാത്മികാനുഭൂതികളെക്കുറിച്ചും അക്വിനാസിനുണ്ടായിരുന്നതിനേക്കാൾ ആഴമേറിയ അറിവും പരിചയവും ആവശ്യമാണു്.

## അംഗസംഖ്യയിലല്ല സാർവത്രികത്വം

ഇതരമതങ്ങളുമായുള്ള സംബന്ധവും സഹവർത്തിത്വവും മുഖേന ക്രിസ്തുമതത്തിലേയ്ക്കു് ഒരു അനുഭാവവേലിയേററമുണ്ടാവുകയും ഇന്നത്തെ പാശ്ചാത്യ ക്രൈസ്തവസംസ്കാരം പോലെ, ആധികാരികമായ ഒരു പൗരസ്ത്യക്രൈസ്തവസംസ്കാരം ഉയിർക്കൊള്ളുകയും ചെയ്യുമോ? നമ്മുടെ അഭിലാഷം അതാണെങ്കിലും അക്കാര്യം തറച്ചുപറയാൻ വിഷമമുണ്ടു്. എന്നാൽ, ഏതാദൃശമായ ഒരു അനുഭാവവേലിയേററമായിരിക്കരുതു് നമ്മുടെ ലക്ഷ്യം. ഇതു മറക്കരുതാത്ത ഒരു പ്രമാണമായിരിക്കണം. സത്യം കണ്ടെത്തി, അതിനെ സ്വാംശീകരിക്കുക എന്നതായിരിക്കണം നമ്മുടെ ഉദ്ദേശ്യം. കാർഡിനൽ ന്യൂമാൻ പറയുന്നതുപോലെ ക്രൈസ്തവവിശ്വാസവികസനത്തിനു് അത്യന്താപേക്ഷിതമായ ഒരു മാർഗ്ഗമാണതു്. സത്യം എവിടെക്കണ്ടാലും അതിൻെറ സമസ്തഭാവവുമായി ഇഴുകിച്ചേരാനുള്ള അന്യാദൃശകഴിവു സഭയ്ക്കുണ്ടു്. സഭയുടെ സാർവ്വത്രികസ്വഭാവത്തെക്കുറിച്ചു മി. ഡാൻസിംഗിനുള്ള ഭീമമായ തെററിദ്ധാരണയുടെ ഗൗരവത്തെ ചൂണ്ടിക്കാട്ടുന്ന ഒരു പ്രശ്നമാണു് നാം കൈകാര്യം ചെയ്യുന്നതു്, സഭയുടെ ലോകമാസകലമുള്ള ബാഹ്യവികാസ

പരിധിയിൽ ഉൾപ്പെട്ടിരിക്കുന്ന ഒരു പ്രശ്നമല്ലിതു്. ഹെൻട്രി ലൂബാക്കു്. "കത്തോലിസിസം" എന്ന പുസ്തകത്തിൽ പറയുന്നതും വളരെ ശ്രദ്ധേയമാണു്. "ലോകമാസകലം പ്രചരിച്ചിരിക്കുന്നുവെന്നതിലോ അംഗസംഖ്യ വളരെ വർദ്ധമാനമായിരിക്കുന്നുവെന്നതിലോ അല്ല സഭയുടെ സാർവ്വത്രികത അടങ്ങിയിരിക്കുന്നതു്. പന്തക്കുസ്തായിലെ സുപ്രഭാതത്തിൽ സഭ മുഴുവൻ ചെറിയൊരു മുറിയിൽ കൂടിയിരുന്നപ്പോഴും സാർവ്വത്രികമായിരുന്നതുപോലെ, ആര്യനിസത്തിൻെറ പ്രളയകോളിളക്കത്തിൽ മുങ്ങിപ്പോയെന്ന പ്രതിസന്ധിഘട്ടത്തിലും സഭ സാർവ്വത്രികയായിരുന്നു. ഇനി ഭാവിയിലെങ്ങാനും വലിയൊരു വേദവിപരീതം (apostacy) ഉത്ഭവിച്ച് സഭയെ മിക്കവാറും ഒന്നാകെ വിഴുങ്ങിക്കളഞ്ഞാൽത്തന്നെ സഭ സാർവത്രികയായിരിക്കും."

മററുവാക്കുകളിൽ പറഞ്ഞാൽ സഭ സാർവത്രികത്വം—കാതോലികത്വം—അതിൻെറ അന്തസത്തയിൽ നിന്നു പ്രാദുർഭവിക്കുന്നതാണു്.

ഉപസംഹാരം

ദൈവത്തിൻെറ ജ്ഞാനവും വചനവുമാണു ക്രിസ്തു. മനുഷ്യാവതാരരഹസ്യത്തിലൂടെസകലമനുഷ്യരേയുംതന്നിൽഒന്നിപ്പിക്കാൻ അവിടുന്നു് ആഗതനായി. ക്രിസ്തുവിൻെറ മൗതികശരീരമാകുന്ന സഭയ്ക്കും സത്യത്തെക്കുറിച്ചുള്ള ജ്ഞാനത്തിൻെറ പരിവേഷത്തിനുള്ളിൽസമസ്ത ജനതതിയേയും ഏകോപിപ്പിക്കാനുള്ള കഴിവും അവകാശവുമുണ്ടു്. എല്ലാമനുഷ്യരിലും സത്യത്തിൻെറ പ്രഭാകിരണങ്ങൾ വീഴ്ത്തുകയാണു സഭയുടെ ദൗത്യം. സത്യത്തിൻെറ അറിവിലേക്കു സകലരേയും ക്ഷണിക്കുക. ഈ കർമ്മപദ്ധതിയിൽ സഭയ്ക്കു പരിശുദ്ധാത്മാവിൻെറ നിരന്തരസാന്നിദ്ധ്യമുള്ളതിൻെറ അടയാളമാണു് പരിശുദ്ധാത്മാവിൻെറ നിവേശനം. മനുഷ്യർ സമ്മതിച്ചാലും ഇല്ലെങ്കിലും സഭയുടെ സാർവ്വത്രികത പ്രസാദവരത്തിൻെറ രഹസ്യമാകുന്നു. ഈ രഹസ്യത്തിലൂടെ ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളിൽ ക്രിസ്തുമതത്തിൻെറ വമ്പിച്ച വികാസവും അഭിവൃദ്ധിയും നമുക്കു പ്രതീക്ഷിക്കാം. മദ്ധ്യയുഗകാലത്തു് പാശ്ചാത്യദേശത്തു സംജാതമായതിനോടു സാമ്യം വഹിക്കുന്ന ഒരു ക്രൈസ്തവസംസ്കാരം ഈ പൂർവ്വദേശങ്ങളിൽ ഉയിർക്കൊള്ളുന്നതു

കാണ്മാൻ നമുക്കു കാത്തിരിക്കാം. ഭാവി തികച്ചും അനിശ്ചിതമാണല്ലോ. „മനുഷ്യപുത്രൻെറ പ്രത്യാഗമനവേളയിൽ താൻ നല്കിയിട്ടുപോയ വിശ്വാസം ഈ ഭൂമിയിൽ കാണപ്പെട്ടുമോ" എന്നു് യേശുനാഥൻ ഒരിക്കൽ ചോദിച്ചില്ലേ?

ബാഹ്യമായ പരിണതഫലങ്ങളെക്കുറിച്ചുമാത്രമല്ല നമ്മുടെ പരിചിന്തനം. ഈശ്വരപ്രസാദത്തിൻെറ ഒരു രഹസ്യമാണല്ലോ സഭ. ഈ പ്രസാദവരജീവനിൽ ഉൾച്ചേർന്നു് എങ്ങനെ വളരാം എന്നതാണു് ഒരു ക്രിസ്ത്യാനിയുടെ പ്രധാന പരിഗണന. സഭ കാലത്തിൻെറ ആവശ്യങ്ങളുമായി അനുസ്യൂതം ഒത്തുപോകണം. മാനവചരിത്രത്തിൽ അനുനിമിഷമുണ്ടാകുന്ന ആഹ്വാനങ്ങൾക്കു സഭ ചെവികൊടുക്കണം. അതുകൊണ്ടത്രേ ലോകമതങ്ങളുമായുള്ള സമ്പർക്കം സഭയുടെ ആനുകാലിക പരിഗണനകളിൽ ഒന്നായിരിക്കുന്നതു്. 'മതവിഭിന്നത'യെക്കുറിച്ചുള്ള മി. ഡാൻസിംഗിൻെറ ആരോപണത്തോടു നാമും യോജിക്കുന്നു. എന്നാൽ, ഇന്നത്തെ 'മതവിഭിന്നത'— മതബാഹുല്യം—സഭയ്ക്കു് ആന്തരികക്രിയാത്മകത്വം പ്രദാനം ചെയ്യുകയത്രേ, മാത്രമല്ല, എല്ലാ ലോകമതങ്ങളുമായുള്ള ഐക്യത്തിൽ 'ഒരന്താരാഷ്ട്രീയധാർമ്മികവ്യവസ്ഥിതി' പുനഃസംവിധാനം ചെയ്യുന്നതിനു സഭയ്ക്കു് അതൊരാഹ്വാനവുമായി നിലകൊള്ളുന്നു.

---

N. B. വത്തിക്കാൻ സൂനഹദോസിനോടനുബന്ധമായി 'ക്രൈസ്തവൈക്യകാര്യാലയം' Secretariet for Christian Unity) പോലെ ഒരു 'സർവ്വമതസിക്രട്ടറിയേറു്' റോമിൽ സ്ഥാപിക്കണമെന്നുള്ള നിർദ്ദേശവും അതിനുവേണ്ടിയുള്ള ഒരുക്കങ്ങളും ഉണ്ടായിട്ടുള്ളതിനെ ഇത്തരുണത്തിൽ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കാം.

(വിവർത്തകൻ—C. M.)

# ഇസ്രായേലിന് ദൈവം കൊടുത്ത നാട്

ചരിത്രത്തിലേററം വിലപ്പെട്ട സംഭവം ദൈവത്തിൻെറ മനുഷ്യാവതാരമാണ്. തിരഞ്ഞെടുക്കപ്പെട്ട ജനത, ഗോത്രം, ക്രിസ്തു ജന്മമെടുത്ത നാട്ട്, നാടിൻെറ പ്രകൃതി, നാട്ടുകാരുടെ സ്വഭാവം, അതിൻെറ പേരുകൾ, ആ പുണ്യഭൂമിയുടെ ആധുനിക സ്ഥിതി തുടങ്ങിയവയുടെ ചരിത്രപരമായ ഒരു വിവരണം.

റവ. ഫാ. ഫ്ളോറിൻ സി. എം. ഐ.

## ആമുഖം

ദൈവം മനുഷ്യനായി അവതരിച്ചതാണ് ലോകചരിത്രത്തിലേയും ക്രിസ്തുമതത്തിലേയും ഏററം പ്രധാനപ്പെട്ട കാര്യം. ദൈവകുമാരനായ ഈശോമിശിഹാ ഏതു രാജ്യത്ത് ഏതു ജനതയിൽ, ആരുടെ മകനായി ജനിച്ചു? അഥവാ ക്രിസ്തുനാഥൻെറ 'സ്വന്തം' രാജ്യവും ജനവും കുടുംബവും ഏതാണ്? ഇക്കാര്യങ്ങൾ ഏതൊരു ക്രിസ്ത്യാനിയുടെയും ശ്രദ്ധയെ ആകർഷിക്കും. മാത്രമല്ല മിശിഹായുടെ മനുഷ്യസ്വഭാവത്തെ ശരിയായി മനസ്സിലാക്കുന്നതിന് പ്രസ്തുത വിഷയങ്ങളെക്കുറിച്ചുള്ള പഠനം ഒഴിച്ചുകൂടാത്തതുമാണ്. ഈശോയുടെ വ്യക്തിവിലാസവും അവിടത്തെ സുവിശേഷവും നന്നായി ഗ്രഹിക്കണമെങ്കിൽ അവിടന്ന് ഏതു ജനത്തിൻെറയും സംസ്ക്കാരത്തിൻെറയും സന്താനമായി ജനിക്കുകയും വളരുകയും ചെയ്തു എന്നു നാം അറിയുക തന്നെ വേണം.

## നാടിൻെറ പ്രകൃതിയും നാട്ടുകാരുടെ സ്വഭാവവും

ചരിത്രം ഇക്കാര്യങ്ങളെല്ലാം നമുക്ക വെളിപ്പെടുത്തിയിട്ടുണ്ട്. യൂദായുടെ വംശത്തിലും ദാവീദുരാജാവിൻെറ കുടുംബത്തിലും ജനിച്ച ഒരു ഇസ്രായേൽക്കാരനാണ് നസ്രസ്സിലെ ഈശോ. അവിടത്തെ ജന്മദേശമാകുവാനുള്ള ഭാഗ്യം ലഭിച്ചതു് പലസ്തീനാ നാടിനാണ്. അക്കാലത്ത് ആ നാട്ടിലെ സാധാരണ സംസാര ഭാഷ 'അറമായ' ആയിരുന്നു. യഹൂദസംസ്ക്കാരത്തിൻെറ സ്വാ

ക്ഷാൽ സന്താനമായിട്ടാണു് അവിടന്നു ജീവിക്കുകയും പഠിപ്പിക്കുകയും ചെയ്തതു്.

ഒരു നാടിന്റെ പ്രകൃതി അതിലെ ജനങ്ങളുടെ സംസ്കാരത്തിലും ചരിത്രത്തിലും വലിയ സ്വാധീനം ചെലുത്തുന്നതു നാം കണ്ടുപോരുന്നു. നാടിന്റെ കിടപ്പു്, അതിന്റെ വലിപ്പം, അതിലെ കാർഷിക വിഭവങ്ങൾ, ലോഹസമ്പത്തു്, ശീതോഷ്ണസ്ഥിതി, വ്യാപാരസൌകര്യം എന്നിവ ജനങ്ങളുടെ സ്വഭാവത്തെ രൂപാകപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിക്കാറുണ്ടു്. തുറമുഖസൌകര്യമുള്ള തീരപ്രദേശത്തോടുകൂടിയ രാജ്യത്തിലെ ആളുകൾ കപ്പലോട്ടക്കാരും മണലാരണ്യനിവാസികൾ ഒട്ടകസഞ്ചാരികളും ആയിത്തീരുക സ്വാഭാവികമാണല്ലൊ. കൃഷിക്കു പററിയ നാട്ടിലെ ആളുകൾ പ്രായേണ കർഷകരായിരിക്കും. സമ്പത്തുള്ള നാടു പിടിച്ചടക്കുവാൻ ചുററുമുള്ള രാജ്യക്കാർ യുദ്ധം ചെയ്യും. ഇതെല്ലാം ലോകചരിത്രത്തിൽ ആവർത്തിക്കുന്ന സംഭവങ്ങളാണു്. ഭൂമിയുടെ പ്രകൃതി ചരിത്രം സൃഷ്ടിക്കുന്നു എന്നു പറയാം.

കനാൻ നാട്ടും, അവിടെ കുടിയേറിയ ഇസ്രായേൽക്കാരിൽ ഇപ്രകാരമുള്ള ഒരു സ്വാധീനം ചെലുത്തിയിട്ടുണ്ടു്. ഇക്കാരണത്താൽ പ്രസ്തുതനാടിനെക്കുറിച്ചുള്ള പഠനം പഴയനിയമത്തിലേയും പുതിയനിയമത്തിലേയും ആളുകളെ മനസ്സിലാക്കുന്നതിനു നമ്മെ സഹായിക്കും.

**ആരാണു് ഇസ്രായേൽക്കാർ?**

യാക്കോബിന്റെ സന്തതിയും ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനവുമാണു് ഇസ്രായേൽ. തെററിത്തിരിഞ്ഞുപോയ മനുഷ്യവംശത്തെ വീണ്ടും തന്നിലേക്കു് അടുപ്പിക്കുന്നതിനു് ഉപകരണമായി ഒരു പ്രത്യേകകുടുംബത്തെ ദൈവം ഒരുക്കിയെടുത്തു. ആ കുടുംബത്തിന്റെ തലവനാണു് ഗോത്രപിതാവായ അബ്രാഹം. അദ്ദേഹത്തിന്റെ പൌത്രനായ യാക്കോബിന്റെ മക്കൾ ആണു് ഇസ്രായേൽക്കാർ അല്ലെങ്കിൽ യഹൂദന്മാർ എന്നു് ലോകചരിത്രത്തിൽ അറിയപ്പെടുന്നതു്.


ദൈവം അബ്രാഹത്തെ ഏകദേശം ബി. സി. 19—ാം ശതകത്തിന്റെ മദ്ധ്യകാലത്തു തിരഞ്ഞെടുത്തുവെന്നു വേദപുസ്തക പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. അദ്ദേഹത്തിനു സ്വ

ന്തമായി ഭൂമിയൊട്ടും ഇല്ലായിരുന്നവത്രെ. മെസോപ്പൊട്ടേമിയാ യെക്കുറിച്ച് 'പിതാക്കന്മാരുടെ നാട്ട്' എന്നു് ഇസ്രായേൽക്കാർ പറയാറുണ്ടു്. പക്ഷെ അബ്രാഹം എല്ലാക്കാലത്തും ഒരു തികഞ്ഞ 'എബ്രായൻ' ആയിരുന്നു എന്നതാണു് പരമാർത്ഥം. 'എബ്രായ' പദത്തിനുള്ള 'കുടിയേററക്കാരൻ, അലഞ്ഞു തിരിഞ്ഞു നടക്കുന്നവൻ, കഴുതകളെയുംകൊണ്ടുനടക്കുന്നവൻ എന്ന വാച്യാർത്ഥങ്ങളെല്ലാം പ്രഭുവായ അബ്രാഹത്തിനു് അനുയോജ്യമാണു്. വില പിടിച്ചതെങ്കിലും സൌകര്യം പോലെ സ്ഥാപിക്കാവുന്നതും ഇളക്കിയെടുത്തു ചുററിക്കെട്ടിക്കൊണ്ടുപോകാവുന്നതുമായ കൂടാരങ്ങളിലാണു് അദ്ദേഹവും അനുചരന്മാരും താമസിച്ചിരുന്നതു്. മേച്ചിൽ സ്ഥലം തിരക്കി യൂഫ്രട്ടീസ് നദിമുതൽ ഈജിപ്തിലെ നീല നദിവരെയുള്ള പ്രദേശങ്ങളിൽ ഒരു സഞ്ചാരിയായി അദ്ദേഹം ജീവിച്ചു.

**ദൈവം കൊടുത്ത നാട്ട്.**

"നീ നിൻെറ ദേശത്തുനിന്നും നിൻെറ പിതാവിൻെറ വീട്ടിൽ നിന്നും പുറപ്പെട്ട് ഞാൻ നിന്നെ കാണിക്കാനിരിക്കുന്ന നാട്ടിലേയ്ക്കു പോവുക" എന്ന ദൈവനിർദ്ദേശമനുസരിച്ചാണു് അബ്രാഹം മെസോപ്പൊട്ടേമിയായിൽ (പാദാൻ ആറാമിൽ) നിന്നും ഇറങ്ങിത്തിരിച്ചതു്. അദ്ദേഹവും പരിവാരവും കനാനിൽ വന്നു ചേർന്നു. അബ്രാഹത്തിൻെറ സഹോദരപുത്രനായ ലോത്തിൻെറ മക്കളാണു് പിന്നീട്ട് 'മോവാബ്യ' കാരും 'ആമ്മോൻ' കാരും ആയി പരിണമിച്ചതു് (അടുത്തപേജിലെ പടം കാണുക. ആമ്മോൻ' എന്നു് എഴുതിയിരിക്കുന്നിടത്തു ഒരു പട്ടണത്തിൻെറ അടയാളം (०) കാണുന്നതു് "റബ്ബസ് ആമ്മോൻ" ആണു്. നമ്മുടെ കർത്താവിൻെറ കാലത്തു് ഇതൊരു ഗ്രീക്കു പട്ടണമായിമാറി. അന്നു് അതിൻെറ പേരു് ഫിലഡെൽഫിയാ എന്നായിരുന്നു. ഇന്നു് 'അമ്മാൻ' എന്നറിയപ്പെടുന്നതും ആധുനിക ജോർദാൻരാജ്യത്തിലെ തലസ്ഥാനവുമായ നഗരം ഇതു തന്നെയാണു് 'ആമ്മോൻ' പ്രദേശത്തിനു് തെക്കു്, രണ്ടു അരുവികൾക്കു് ഇടയ്ക്കായി 'മോവാബ്യ' പ്രദേശം സ്ഥിതിചെയ്തിരുന്നു. അവരുടെ തലസ്ഥാനത്തിനു് 'കിർ ഹറേസത്ത്' എന്നായിരുന്നു പേരു്. ഇന്നത്തെ പേരു് 'കെറാക്കു്')

അബ്രാഹത്തിൻെറ കാലത്തു് യോർദാൻനദിയുടെ രണ്ടു വശത്തുമായി താമസിച്ചിരുന്ന വിഭിന്നജാതികളെയാണു് സൃഷ്ടിയ



ടെ പുസ്തകം 'കനാൻകാരെ'ന്ന വിളിക്കുന്നതു്. അവരുടെ നാട്ടിൽ വച്ചു് ദൈവം ആ ഗോത്രപിതാവിനു പ്രത്യക്ഷനായി "നീ നിൻെറ കണ്ണുകൾ ഉയർത്തി വടക്കോട്ടും തെക്കോട്ടും കിഴക്കോട്ടും പടിഞ്ഞാട്ടും നോക്കുക. നീ കാണുന്ന ഈ ഭൂമി മുഴവൻ നിനക്കും നിൻെറ സന്തതിക്കും എന്നേക്കുമായി ഞാൻ തരും" എന്നു് അവിടന്നു് വാഗ്ദാനം ചെയ്തു.

ഈ നാടാണു് ഏകദേശം ആറു നൂററാണ്ടുകൾക്കുശേഷം മൂശെയുടെ നേതൃത്വത്തിൽ ഈജിപ്തിൽ നിന്നും പുറപ്പെട്ട ഇസ്രായേൽക്കാർ യുദ്ധം ചെയ്തുകീഴടക്കിയതു്. പക്ഷെ യോഷുവായുടെ കാലത്തു് ഭൂമിക്കുവേണ്ടി ആരംഭിച്ച ഈ സമരം ഇരുനൂററമ്പതു കൊല്ലത്തോളം നീണ്ടുനിന്നു. (ബി. സി. 1250—1000) ഒടുവിൽ യുദ്ധവീരനായ ദാവീദുരാജാവിൻെറ കാലത്തു് ബി. സി. ആയിരാമാണ്ടോടുകൂടി 'വാഗ്ദാനം ചെയ്ത നാടു്' മുഴവനും ഇസ്രായേലിൻെറ കൈവശത്തിലായി, മാത്രമല്ല അയൽപ്രദേശങ്ങളിലെ രാജാക്കന്മാർ ദാവീദിനു കപ്പം കൊടുത്തു് സാമന്തന്മാരാവുകയും ചെയ്തു. ഇതാണു് ദാവീദിൻെറ മകനും പ്രതാപശാലിയുമായ ശ്ലേമ്മോൻ വാണരുളിയ 'ഇസ്രായേൽ സാമ്രാജ്യം'. അന്നായിരുന്നു ഇസ്രായേൽക്കാരുടെ സുവർണ്ണകാലം. കഷ്ടിച്ചു മുന്നൂററമ്പതു മൈൽ നീളവും ശരാശരി നൂറുമൈൽ വീതിയും വരുന്ന ഈ കൊച്ചുരാജ്യത്തെ 'സാമ്രാജ്യം' എന്നു വിളിക്കുന്നതു രസാവഹം തന്നെ. എങ്കിലും ഇസ്രായേൽക്കാക്കു് അതു വലുതായിരുന്നു. പക്ഷെ വടക്കു് 'കാദെശ്' മുതൽ തെക്കു് ചെങ്കടൽ തീരത്തുള്ള 'ഏലാത്തു' തുറമുഖം വരെ വ്യാപിച്ചുകിടന്ന പ്രസ്തുതദേശത്തിൻെറ ഒരു ഭാഗം മാത്രമായിരുന്നു സാക്ഷാൽ 'ഇസ്രായേൽ നാടു്'.

## ഇസ്രായേൽ നാടിൻെറ സ്ഥാനവും അതിരുകളും

"കനാൻകാരുടെയും ആമ്മോറായക്കാരുടേയും ഹേസായക്കാരുടേയും ഹിവ്വായക്കാരുടേയും ഗർഗസായക്കാരുടേയും പർസായക്കാരുടേയും ജെബുസായക്കാരുടെയും" നാടാണു് ഇസ്രായേൽക്കാർ യുദ്ധം ചെയ്തു കരസ്ഥമാക്കിയതു്. ഏതെല്ലാമാണു് ആ നാടിൻെറ അതിർത്തികൾ?

'ദാൻ മുതൽ ബേർശബാവരെ'യാണു് സാക്ഷാൽ 'ഇസ്രാ

യേൽ നാട്ട്". ഈ ദൂരം കഷ്ടിച്ചു നൂററിഅമ്പതു മൈൽ മാത്രമേ ഉള്ളു. യോർദാൻ നദിയ്ക്കു കിഴക്കുവശത്തുള്ള 'ഗാലാദ്' പ്രദേശവും ഇതിൽ ഉൾപ്പെട്ടും. പതിനായിരം ചതുരശ്രമൈലിൽ കവിയാത്ത ഈ ഭൂവിഭാഗമാണ് വിശ്രുതമായ 'ഇസ്രായേലിന്റെ അവകാശം',

പടിഞ്ഞാറുവശത്തെ അതിർത്തി മെഡിററേനിയൻ സമുദ്രമാണ്. കിഴക്കുവശത്ത് അമ്മോൻ—മോവാബ് പ്രദേശങ്ങളും അതിനുമപ്പുറം നീളത്തോട്ടു നീളം കിടക്കുന്ന മണൽ സമുദ്രവും അതിരുകളായി നിലകൊള്ളുന്നു. ബേർശബായ്ക്കു തെക്കുള്ള 'നെഗീബ്" എന്ന മരുഭൂമിയെ (ഗാസാ മുതൽ ഏലാത്തുവരെ നീണ്ടുകിടക്കുന്ന സ്ഥലം) തെക്കെ അതിത്തിയായി പരിഗണിക്കാം.

കാരകിൽ മരങ്ങളുടെ ആസ്ഥാനമായ ലെബാനോൻ മലയും മഞ്ഞുപുതയ്ക്കുന്ന മാമലയായ ഹെർമോനും ഉൾപ്പെട്ട ഉയന്നപ്രദേശമാണ് ഇസ്രായേലിന്റെ വടക്കെ അതിത്തി. ലെബാനോൻ മലയുടെ പടിഞ്ഞാറുവശമുള്ള നാട്ട് ഇസ്രായേലിന്റെ അവകാശത്തിനു പുറത്തായിരുന്നു. അവിടെയാണ് കച്ചവടത്തിനു ലോകമെങ്ങും പ്രസിദ്ധികേട്ട തീരുസ്, സീദോൻ ബീബ്ളോസ് എന്നീ തുറമുഖപട്ടണങ്ങൾ. അവിടത്തെ ആളുകൾ കനാൻകാരായിരുന്നുവെങ്കിലും ഇസ്രായേൽക്കാരുടെ മിത്രങ്ങളായിരുന്നു. തീരുസിലെ രാജാവായ ഹീറാം ആണ് ജറൂസലം ദൈവാലയത്തിന്റെ പണിയ്ക്ക് വിദഗ്ദ്ധന്മാരെ ആവശ്യമുള്ള സാമഗ്രികളോട്ടുകൂടി സ്ലേമ്മോൻ രാജാവിനു അയച്ചുകൊടുത്തതു്. ചെമ്പട്ടുവ്യവസായത്തിൽ സമർത്ഥന്മാരായിരുന്ന ഈ കനാൻകാരെ 'ചുവന്നപട്ടുകാർ' എന്നർത്ഥമുള്ള 'ഫിനീഷ്യന്മാർ' എന്നും അവരുടെ നാടിനെ 'ഫിനീഷ്യാ, എന്നും ഗ്രീക്കുകാർ വിളിച്ചുപോന്നു. ഈ കനാൻകാരുടെ ഭാഷതന്നെയാണ് അല്പസ്വല്പവ്യത്യാസങ്ങളോട്ടുകൂടി ഇസ്രായേൽക്കാരും സംസാരിച്ചിരുന്നതു്, ഇസ്രായേൽക്കാർ സംസാരിച്ചപ്പോൾ അതു പേരിൽ 'എബ്രായ' ആയി എന്നു മാത്രം. (ബി. സി. ആറാം ശതകത്തിലെ ബാബിലോൺ പ്രവാസം മുതൽ ഇസ്രായേൽക്കാർ 'എബ്രായ'യ്ക്കു പകരം 'അറമായ' ആണ് സംസാരിച്ചിരുന്നതു്, 'എബ്രായ' (ഹിബ്രു) വേദഭാഷയായി മാത്രം അവർ ഉപയോഗിച്ചുപോന്നു.)

ഇസ്രായേൽ നാടിൻെറ വടക്കുകിഴക്കേ അതിർത്തി ഡമാസ്കൂസ് തലസ്ഥാനമാക്കിയുള്ള സിറിയാ ആണ്.

**നാടിൻെറ പേരുകൾ**

(1) പലസ്തീനാ. (ഫെലിസ്തിയാ) ബി. സി. പതിമൂന്നാം നൂററാണ്ടിൻെറ ആരംഭകാലത്ത് കനാൻ നാട്ടിൽ കുടിയേറിയ ഒരു വർഗ്ഗമാണ് ഫെലിസ്ത്യർ. കടൽവഴിയ്ക്കു വന്നതുകൊണ്ട് ഇവരെ 'കടൽജനത' എന്നു വിളിക്കാറുണ്ട്. ഗാസാ മുതൽ യോപ്പാ വരെയുള്ള വീതി കുറഞ്ഞ ഒരു തുണ്ടുഭൂമി മാത്രമാണ് സാക്ഷാൽ ഫെലിസ്തിയാ. (പടം നോക്കുക.) പക്ഷെ ഇക്കൂട്ടരെ മാത്രം പരിചയമുള്ള ചില വിദേശികൾ മുഴവൻ നാടിനെയും പലസ്തീനാ എന്നു വിളിച്ചു. ഫെലിസ്ത്യർ തങ്ങളുടെ പരമശത്രുക്കളായതുകൊണ്ട് ഈ പേര് ഇസ്രായേൽക്കാർക്ക് ഇഷ്ടമുള്ളതല്ല. (മോവാബ്, ആമ്മോൻ, ആദോം എന്നീ പുരാതന ജനതകളെപ്പോലെ ഫെലിസ്ത്യരും ചരിത്രത്തിൽ മാത്രമേ ഇന്ന് അവശേഷിക്കുന്നുള്ളൂ. കാലത്തിൻെറ തള്ളലിൽ അവയെല്ലാം മററു ജനങ്ങളിൽ ലയിച്ചുപോയി. ഇസ്രായേൽ മാത്രം മൂവായിരം കൊല്ലങ്ങൾക്കു മുമ്പെന്നപോലെ ഇന്നും ഒരു പ്രത്യേകജനതയായി നിലകൊള്ളുന്നു. ഫെലിസ്ത്യരുടെ ഗാസാ ഇന്ന് ഈജിപ്തിൻെറ കൈവശമാണ്.)

2. കനാൻനാട്. ദാൻ മുതൽ ബേർശെബാ വരെയുള്ള നാടിനു പണ്ടുപണ്ടേയുള്ള പേരാണ് 'കനാൻ'. ഇസ്രായേൽക്കാർക്ക് കീഴടങ്ങിയ കനാൻകാർ മൂശെയുടെ നിയമം സ്വീകരിച്ച് യഹൂദന്മാരായിത്തീർന്നു. എങ്കിലും കനാൻകാർ ശത്രുക്കളും ശപിക്കപ്പെട്ടവരും ആയതുകൊണ്ട് 'കനാൻ നാട്' എന്നപേരും ഇസ്രായേൽക്കാർക്ക് ഇഷ്ടമുള്ളതല്ല.

3. ഇസ്രായേലും യൂദായും. ഇവയാണ് യഹൂദന്മാർക്കു പ്രിയമുള്ള പേരുകൾ. ശ്ലോമ്മോൻ രാജാവിൻെറ കാലശേഷം രാജ്യം രണ്ടായി വിഭജിക്കപ്പെട്ടു. ബേഥേൽ മുതൽ വടക്കോട്ടുള്ള ദേശത്തിനു 'ഇസ്രായേൽ' എന്നും തെക്കോട്ടുള്ള സ്ഥലത്തിനു 'യൂദാ' എന്നും പേരുണ്ടായി. (പടത്തിൽ ജറൂസലംപട്ടണത്തിനു വടക്കായി കാണുന്ന പട്ടണമാണ് ബേഥേൽ. 'സിക്കെം' ആയിരുന്നു വടക്കൻ രാജ്യത്തിൻെറ തലസ്ഥാനം. 'യൂദാ'യുടെ തലസ്ഥാനം ജറൂസലം തന്നെ.) മുഴവൻ രാജ്യത്തെയോ ജനങ്ങളെയോ കുറിക്കു

ന്നതിന് 'ഇസ്രായേലും യൂദായും' എന്നു പറയേണ്ടിവന്നു. പക്ഷെ പിൽക്കാലങ്ങളിൽ 'ഇസ്രായേലും' 'യൂദായും' പര്യായപദങ്ങളായി. യഹൂദന്മാരുടെ രാജ്യത്തെ 'യൂദയാ' എന്നു് റോമ്മാക്കാർ തുടങ്ങിയ വിദേശികൾ വിളിച്ചു പോരുകയും ചെയ്തു.

4. വിശുദ്ധഭൂമി. ഈ പേരും പഴയനിയമകാലത്തു തന്നെ ഉള്ളതാണു്. ദൈവം സ്വന്തം ജനത്തിനു നൽകിയ നാട്ടു വിശുദ്ധമാകാതെ നിവൃത്തിയില്ല. പോരെങ്കിൽ സത്യദൈവത്തിനു് പ്രതിഷ്ഠിക്കപ്പെട്ട പൌരാണികകാലത്തെ ഏക ദൈവാലയം—വിശുദ്ധിയുടെ വിശുദ്ധ സ്ഥലം—ഇസ്രായേൽ നാടിൻെറ തലസ്ഥാനമായ ജറുസലം പട്ടണത്തിൽ സ്ഥിതിചെയ്തിരുന്നു. സ്സുറിയാ ദീഘദശിയ്ക്കും മററും 'വിശുദ്ധ ഭൂമി' എന്ന പേരു് പ്രിയംകരമായിത്തീരുവാനുള്ള കാരണം ഇതാണു്.

### പാലും തേനും ഒഴുകുന്ന നാട്ടു്

സ്ഥിരമായ പാപ്പിടമില്ലാതെ മരുഭൂമിയിൽ അലഞ്ഞു തിരിഞ്ഞു നടന്ന തങ്ങൾക്കു് പറുദീസാ പോലെയുള്ള നാട്ടു് പൂറജാതികളുടെ പക്കൽ നിന്നും കൈവശപ്പെട്ടുത്തിക്കൊട്ടുത്ത ദൈവത്തെ സ്വ്ദ്ദാ സ്തുതിക്കുന്നതിനു് പ്രവാചകന്മാർ ഇസ്രായേൽ ജനത്തെ എല്ലാക്കാലത്തും ഉപദേശിച്ചിരുന്നു. "നിൻെറ ദൈവമായ കത്താവു് നിന്നെ ഒരു നല്ല ദേശത്തിലേയ്ക്കു് പ്രവേശിപ്പിയ്ക്കുന്നു. മൈതാനങ്ങളിലും മലകളിലും കൂടി ഒഴുകുന്ന നീർച്ചാലുകളുടെയും ഉറവകളുടെയും ആഴങ്ങളുടെയും നാടാണതു്. ഗോതമ്പും യവവും മുന്തിരിയും മാതളനാരകവും അത്തിവൃക്ഷങ്ങളും സൈത്തുമരങ്ങളും ധാരാളമുള്ള ആ നാട്ടിൽ—എണ്ണയുടെയും തേനിൻെറയും സമൃദ്ധിയുള്ള ആ ദേശത്തു്—ക്ഷാമമറിയാതെ നിനക്കു അപ്പം ഭക്ഷിക്കാം. നിനക്കു യാതൊരു പോരായ്മയും ഉണ്ടാവുകയില്ല. ആ ദേശത്തെ കല്ലുകളിൽ ഇരുമ്പു ചേന്നിരിക്കുന്നു. അവിടത്തെ മലകളിൽ നിന്നും ചെമ്പു വെട്ടിയെട്ടുക്കാം" (ആവത്തനം 8:8) ഇത്തരമാണു് പ്രവാചകന്മാരുടെ ദേശവണ്ണന.

എന്നാൽ കനാൻനാടിൻെറ എല്ലാ ഭാഗവും പാലും തേനും ഒഴുകുന്നതായിരുന്നില്ല.

### ഭൂമിയുടെ പ്രകൃതി

ഇസ്രായേൽനാട്ടിലെ പ്രധാനപ്പെട്ട നദിയായ യോർദാൻ, പ്രകൃതി നിർമ്മിച്ച ഒരു കിടങ്ങിൽക്കൂടെയാണു് ഒഴുകുന്നതു്. ലോകത്തിൽ വേറെയെങ്ങും ഇതുപോലെ ഒരു കിടങ്ങില്ലത്രെ. (നാടിനു വടക്കും തെക്കുമുള്ള പ്രദേശങ്ങളിലേയ്ക്കു കൂടി ഈ കിടങ്ങു് വ്യാപിച്ചു കിടക്കുന്നുണ്ടെങ്കിലും ഇതിന്റെ പ്രത്യേകതകൾ വിശേഷവിധിയായി പ്രത്യക്ഷപ്പെടുന്നതു് കനാൻനാട്ടിലാണു്.) നാടിന്റെ വടക്കെ അതിർത്തിയായ 'ദാൻ' എന്ന സ്ഥലത്തു നിന്നു് കുറച്ചു വടക്കായി സ്ഥിതിചെയ്യുന്ന ഹെർമോൻ മലയുടെ പിള്ളക്കുന്നുകളിൽ നിന്നാണു് യോർദാൻ നദിയുടെ ഉത്ഭവം. ദാനിൽ നിന്നും തെക്കോട്ടു വരുമ്പോൾ ആഴം കുറഞ്ഞ ഒരു ചെറിയ തടാകത്തിൽക്കൂടെ അതു കടന്നുപോകുന്നു. മേറോൻ (ഹൂലെ) തടാകമെന്നാണു് ഇതിന്റെ പേരു്. പത്തുമൈൽകൂടി തെക്കോട്ടു് ചെല്ലുമ്പോൾ നദി ഗ്ലീലാതടാകത്തിൽ പ്രവേശിക്കുന്നു. ഭംഗിയുള്ള കുന്നുകളാൽ ചുററപ്പെട്ടു കിടക്കുന്ന ഈ ശുദ്ധജലതടാകം മീൻപിടുത്തത്തിനു പ്രസിദ്ധി കേട്ടതാണു്. ഇതിലെ വെള്ളം കിടക്കുന്നതു് സമുദ്രനിരപ്പിൽ നിന്നും ഉദ്ദേശം 700 അടി താഴെയാണെന്നുള്ളതാണു് മറെറാരു പ്രത്യേകത. ഈ തടാകത്തിനു 12മൈൽ നീളവും 6 മൈൽ വീതിയും മാത്രമേയുള്ളു. തടാകത്തെ വിട്ടു് തെക്കോട്ടു് പിന്നെയും 68 മൈൽ ദൂരം യാത്ര ചെയ്തു് യോർദാൻനദി ചാവുകടലിൽ ചെന്നു വീഴുന്നു. കിടങ്ങിന്റെ അടിഭാഗത്തുകൂടി വളരെ അധികം വളഞ്ഞു പുളഞ്ഞാണു് യോർദാൻ ഒഴുകുന്നതു്. ഗ്ലീലാത്തടാകം മുതൽ ചാവുകടൽ വരെ 68 മൈൽ മാത്രമേ ദൂരമുള്ളു എങ്കിലും അവിടെ നദിയ്ക്കു് 200 മൈൽ നീളമുണ്ടു്. നദിയുടെ രണ്ടു വശത്തുമുള്ള കിടങ്ങിനു് ചില സ്ഥലങ്ങളിൽ 13 മൈൽ വരെ വീതിവരും. കുട്ടിവനമാണു് ഇവിടം. ചൂടു് അസഹ്യമാണു്. തെക്കോട്ടു ചെല്ലുന്തോറും കിടങ്ങിനു് ആഴം കൂടി വരുന്നു. ചാവുകടലിലെ വെള്ളം സമുദ്ര നിരപ്പിൽ നിന്നു് 1290 അടി താഴെയാണരു് കിടക്കുന്നതു്. സമുദ്രത്തിലെ ജലത്തേക്കാൾ അഞ്ചാറിരട്ടി ഉപ്പുള്ളതാണു് ഇതിലെ വെള്ളം. അതുകൊണ്ടു് ഉപ്പുതടാകമെന്നും ഇതിനു പേരുണ്ടു്. നീളം കഷ്ടിച്ചു 50 മൈലും കൂടുതൽ വീതി 10 മൈലും മാത്രം. ഇതിൽ മത്സ്യങ്ങൾക്കു് ജീവിക്കാൻ പററുകയില്ല. തീരത്തുള്ള മൊട്ടക്കുന്നുകളിലും ജീവജാലങ്ങളില്ല. ഭയങ്കരമായ മരുഭൂമിയാണു് ചുററും,

ചാവുകടലിൻെറ തെക്കേ അററത്തു നിന്നും ഏലാത്തു തുറ മുഖം വരെയുള്ള കിടങ്ങിനെ 'അറാബാ' എന്നു വിളിക്കുന്നു. ഇതിൽക്കൂടെ, ചിലപ്പോൾ മാത്രം വെള്ളമുള്ള ഒരു അരുവി വടക്കോട്ട് ഒഴുകി ചാവുകടലിൽ വീഴുന്നുണ്ട്. കിടങ്ങിനു് കിഴക്കുവശമാണു് 'ആദോം'. ഇവിടെ പഴയനിയമകാലത്തു് ഏസാവിൻെറ സന്തതികളായ ആദോംകാർ പാർത്തുപോന്നു. കിടങ്ങിനു് പടിഞ്ഞാറുവശം 'നെഗീബ്'' എന്നു പേരുള്ള മരുഭൂമിയാണു്, (ആദോം പ്രദേശം ഇന്നു് യോർദാൻ രാജ്യത്തിലും നെഗീബ് ആധുനിക ഇസ്രായേൽ രാജ്യത്തിലും ഉൾപ്പെട്ടു കിടക്കുന്നു.)

യോർദാൻ നദിയുടെ കിഴക്കുവശത്തുള്ള കിടങ്ങു കയറിയാൽ കാണുന്നതു് സമുദ്രനിരപ്പിൽ നിന്നും ഉദ്ദേശം 2000 അടി ഉയരമുള്ള പീഠഭൂമിയാണു്. ഇതിലുള്ള ഗാലാദ്യ് പ്രദേശം 'ഗാദ്' —മനശ്ശെ—രൂബൻ ഗോത്രങ്ങൾ കൈവശപ്പെടുത്തി. അവരുടെ കിഴക്കും തെക്കുമായി 'ആമ്മോൻ—മോവാബ്യ്'—ആദോം ജാതികൾ പാർത്തുപോന്നു.

യോർദാൻ നദിക്കും സമുദ്രതീരത്തിനും നടുക്കു് തെക്കു വടക്കായി കിടക്കുന്ന മലനാടാണു് നാടിൻെറ നട്ടെല്ലു്. താബോറും, ഗ്ലൊബോയും ഗർസീം—ഹൈബൽഗിരികളും അപ്പോം മലയും സീയോൻ കുന്നും എല്ലാം ഈ മലനാട്ടിൽ സ്ഥിതിചെയ്യുന്നു. യഹൂദന്മാരുടെ ചരിത്രത്തിൽ പ്രസിദ്ധി കേട്ട ഹെബ്രോൻ, ജറുസലം, ബേഥേൽ, സിക്കെം എന്നീ പട്ടണങ്ങൾ ഇവിടെയാണു്. ഇതാണു് കനാൻ നാടിൻെറ കണ്ണായ സ്ഥലം.

## ഗ്ലീലാ, ശമറിയാ, യൂദയാ.

രാഷ്ട്രീയമായ സാഹചര്യങ്ങളും ഭൂമിയുടെ പ്രകൃതിയും സമ്മേളിച്ചു് ഇങ്ങനെയും ഒരു വിഭജനം നിലവിലുണ്ട്. ബി. സി. 10-ാം നൂററാണ്ടിൽ ഇസ്രായേൽക്കാരുടെ രാജ്യം രണ്ടായി പിരിഞ്ഞകാര്യം മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. പത്തു ഗോത്രങ്ങളുടെ നാടായ വടക്കേ പങ്കിൽ സിക്കെം ആയിരുന്നു തലസ്ഥാനം. (പടം നോക്കുക) സിക്കെമിന്റെ വടക്കു വശത്തായി പിന്നീട്ട് ഒരു പുതിയ തലസ്ഥാനം സ്ഥാപിക്കുകയുണ്ടായി. അതാണു് 'ശമറിയാ.' പട്ടണത്തിൻെറ പേരു് കുറെ കാലങ്ങൾക്കു ശേഷം അതിനു ചുററുമുള്ള

പ്രദേശത്തിന്റെ പേരായിത്തീർന്നു-കാനാൻ നാടിന്റെ ഭൂമിശാസ്ത്ര പരമായ നടുഭാഗം ശമറിയാ ആണെന്നും പറയാം.

ശമറിയാ ദേശത്തിനു വടക്കാണു് ഗലീല. ഗലീലാത്തടാകത്തിനും സമുദ്രത്തിനും ഇടയ്ക്കുള്ള ഈ സ്ഥലം 'നൂറുകുന്നുകളുടെയും അത്രയും തന്നെ ചെറിയ സമതലങ്ങളുടെയും നാടാണെന്നു' പറയാറുണ്ടു്. നസ്രസ്സ്, നായിം, കാനാ, തിബേരിയാസ്സ്, കാഫർനാം, ബേത്സയിദാ, മഗ്ദല എന്ന പട്ടണങ്ങളും താബോർ മലയുമാണു് ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ.

ശമറിയാ ദേശത്തിനു് തെക്കു് ബേഥേൽ മുതൽ ബേർശബാ വരെയുള്ള പ്രദേശമാണു് യൂദാ അഥവാ യൂദയാ. യഹൂദന്മാരുടെ മതപരവും രാഷ്ട്രീയവുമായ കേന്ദ്രസ്ഥാനമായി ആയിരം കൊല്ലം നിലനിന്ന പ്രദേശമാണിതു്. ഗലീലാ, ശമറിയാ ദേശങ്ങളെപ്പോലെ ഫലഭൂയിഷ്ഠമല്ല ഭൂമി; ഗലീലാത്തടാകത്തിന്റെ സമീപപ്രദേശങ്ങളിലുള്ള മനോഹാരിതയും ഇവിടെയില്ല. എങ്കിലും ഒന്നാംതരം ഗോതമ്പു വയലുകളും ഒലിവുതോട്ടങ്ങളും ചില ഭാഗങ്ങളിലുണ്ടു്. മറ്റു ചില സ്ഥലങ്ങൾ മരുഭൂമിക്കു തുല്യമായി കാണപ്പെടുന്നു.

## ഇസ്രായേൽ നാടിന്റെ ഇന്നത്തെ സ്ഥിതി

ഇസ്രായേൽക്കാർ മൂശെയുടെ നേതൃത്വത്തിൽ കനാൻ നാട്ടിൽ കുടിയേറിയിട്ടു മൂവായിരത്തി ഇരുനൂറു കൊല്ലം കഴിഞ്ഞു. ബി. സി. ആറാം നൂറ്റാണ്ടിൽ നബുക്കദ്നാസർ രാജാവു് അവരെ അടിമകളായി ബാബിലോണിലേക്കു കൊണ്ടുപോയി. സയറസ് രാജാവിന്റെ കാലത്തു് അവർക്കു മോചനം ലഭിച്ചു. പക്ഷെ അവരുടെ രാജ്യം ജറൂസലമിനു ചുറ്റുമുള്ള ഒരു ചെറിയ ജില്ല മാത്രമായിത്തീർന്നിരുന്നു. നഷ്ടപ്പെട്ട സ്ഥലങ്ങൾ വീണ്ടെടുക്കുവാൻ യൂദന്മാർക്കു കഴിഞ്ഞതു പല നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടാണു്. ഹേറോദേസ് കനാൻ നാടു മുഴുവനുംതന്നെ ഭരിച്ചിരുന്നുവെന്നു പറയാം.

എ. ഡി. 70-ൽ ഉണ്ടായ ജറൂസലേമിന്റെ നാശത്തോടുകൂടി യഹൂദന്മാർക്കു പലസ്തീനായിൽ ഒരു പിടിയുമില്ലെന്നായി. അവർ ലോകമെങ്ങും ചിതറിക്കപ്പെട്ടു. കനാൻ നാടു് വീണ്ടും പുറജാതികളുടെ നാടായി. നാലാം നൂറ്റാണ്ടു മുതൽ അതു ക്രിസ്ത്യാനികളുടെ രാജ്യമായി മാറിത്തുടങ്ങി. ഏഴാം നൂറ്റാണ്ടു മുതൽ മുസ്ലീം രാജ്യമെന്ന നിലയിൽ അതു അറിയപ്പെട്ടു. അറബിസുൽത്താൻ

മാരും തുക്കിസുൽത്താന്മാരും വിശുദ്ധ ഭൂമിയിൽ രാജ്യഭാരം നടത്തി. എ.ഡി. 12-ാം നൂററാണ്ടിൽ ക്രിസ്ത്യാനികളായ കൃശുയുദ്ധക്കാർ നാട്ടു കൈവശപ്പെട്ടുത്തിയെങ്കിലും അവരുടെ ഭരണം അധികം ദീർഘിച്ചില്ല. മഹമ്മദീയ ഭരണം ഒന്നാം ലോകമഹായുദ്ധകാലംവരെ നീണ്ടുനിന്നു. ഇക്കാലത്തിനിടയ്ക്കു് നാട്ടു് വളരെ ദരിദ്രമായിപ്പോയി. യുദ്ധം കഴിഞ്ഞപ്പോൾ ബ്രിട്ടൻ പലസ്തീനായുടെ ഭരണാധികാരിയായിത്തീൎന്നു.

സ്വന്തമായി ഒരു നാടില്ലാതെ, ലോകമാസകലം ചിതറിക്കിടന്ന യഹൂദന്മാർ ബ്രിട്ടൻെറ തണൽ പററി വീണ്ടും കനാൻ നാട്ടിലേയ്ക്കു കുടിയേറുവാൻ ആരംഭിച്ചു. ഇതിനാണു് സീയോൻ പ്രസ്ഥാനം എന്നു പറയുന്നതു്. 1948 മേയ് 15 നു് ബ്രിട്ടൻ അധികാരം നാട്ടുകാർക്കു വിട്ടുകൊടുത്തു. പലസ്തീനാ യഹൂദന്മാൎക്കും അറബികൾക്കുമായി ഭാഗിച്ചുകൊടുത്തിട്ടാണു് ബ്രിട്ടൻ അധികാരം കൈമാറിയതു്. കൈമാററം നടന്ന ഉടനെ രണ്ടു കൂട്ടരും തമ്മിൽ യുദ്ധമായി. യു. എൻ. ഇടപെട്ടതുകൊണ്ടു് ഒരു വെടിനിറുത്തൽ സന്ധി നിലവിൽവന്നു. വെടിനിറുത്തൽ രേഖയ്ക്കു പടിഞ്ഞാറും കിഴക്കുമായി പലസ്തീനാ വിഭജിക്കപ്പെട്ടിരിക്കയാണു്. യോർദാൻ നദിയുടെ ഇരുവശത്തുമായി സ്ഥിതിചെയ്യുന്ന അറബി രാജ്യമാണു് യോർദാൻ. അമ്മാൻ തലസ്ഥാനമാക്കി ഹുസ്സൈൻ രാജാവു് ഇവിടെ ഭരിക്കുന്നു. 18 ലക്ഷം അറബികളാണു് ഇവിടെയുള്ളതു്. ചുരുക്കം ക്രിസ്ത്യാനികളെ ഒഴിച്ചാൽ എല്ലാവരും മുസ്ലീമങ്ങൾ തന്നെ. ബേത്‌ലഹം, ജറുസലം എന്ന തിരുസ്ഥലങ്ങൾ സ്ഥിതിചെയ്യുന്നതു് ഈ രാജ്യത്തിലാണു്.

ജോർദാൻ രാജ്യത്തിനും മെഡിററേനിയൻ കടലിനും ഇടയ്ക്കുള്ള രാജ്യമാണു് ആധുനിക ഇസ്രായേൽ. ജാഫാ—ടെൽ അവീവു് ആണു് തലസ്ഥാനം. നസ്രസ്സ്, താബോർമല, കാഫർനാം എന്നീ തിരുസ്ഥലങ്ങൾ ഇവിടെയാണു്. ആകെയുള്ള ഇരുപത്തിയഞ്ച് ലക്ഷം ജനങ്ങളിൽ ഇരുപത്തിമൂന്നും യഹൂദന്മാർ തന്നെ. യൂദമതമാണു് രാഷ്ട്രത്തിൻെറ ഔദ്യോഗിക മതം. ഹീബ്രുവാണു് രാഷ്ട്രഭാഷ. യൂറോപ്പിൽ നിന്നും അമേരിക്കയിൽ നിന്നും കുടിയേറിയ സമ്പത്തുകാരായ ഇസ്രായേൽക്കാർ ദൈവം അവരുടെ പിതാക്കന്മാർക്കു കൊടുത്ത നാടിനെ ഒരിക്കൽകൂടി പാലും തേനും ഒഴുകുന്ന നാടാക്കി മാററുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

—— —★———

# വിശുദ്ധ ലിഖിതവും പാരമ്പര്യവും

ആവിഷ്കൃത സത്യങ്ങളുടെ ഉറവിടങ്ങൾ ഏവ എന്ന വിഷയം ഒട്ടേറെ വിവാദങ്ങൾക്കു വഴി തെളിച്ചിട്ടുണ്ട്. ആധുധിക ദൈവശാസ്ത്ര ജ്ഞന്മാരുടെ ഈ വിഷയത്തിലുള്ള സമീപന രീതി വിശദമാക്കുന്നതിനു ലേഖനംവഴി ശ്രമിച്ചിരിക്കുന്നു.

ഫാ. ഡാനിയൽ തോട്ടക്കര സി.എം.ഐ.

ആമുഖം: മൗലിക സത്യങ്ങളിൽ ഒത്തുതീർപ്പു ചെയ്യാതെ തിരുസ്സഭയും പ്രോട്ടസ്റ്റൻറുകാരും ആവുന്നത്ര പരസ്പരധാരണ (rapprochement) പുലർത്തുവാൻ ശ്രമങ്ങൾ നടക്കുകയാണല്ലോ. പ്രോട്ടസ്റ്റൻറുകാരെ അകററി നിർത്തുന്ന ഒരു രംഗം വി. ലിഖിതമാണു്. അവർ വിശുദ്ധ ലിഖിതംമാത്രം എന്ന വാദം മുറുകെപ്പിടിക്കുന്നവരാണെന്നു് കത്തോലിക്കരും കത്തോലിക്കർ വി. ലിഖിതത്തിനു വേണ്ടത്ര പ്രാധാന്യം നൽകുന്നില്ലെന്നു് പ്രോട്ടസ്റ്റൻറുകാരും പരസ്പരം കുററം പറയുകയായിരുന്നു പതിവു്. ആവിഷ്കൃത സത്യങ്ങൾ ഭാഗികമായി വി. ലിഖിതത്തിലും ഭാഗികമായി പാരമ്പര്യത്തിലുമാണെന്ന ചില ദൈവശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തത്തിനു് ഉപോൽബലകമായി ട്രെന്റിൽ നടന്ന സൂനഹദോസിൻെറ നിർവചനം അവർ പൊക്കിക്കാണിക്കുകയും ചെയ്തിരുന്നു. ട്രെൻറു് സൂനഹദോസ് അങ്ങനെ പഠിപ്പിച്ചിട്ടുണ്ടോ എന്നാണിപ്പോൾ പരിശോധിക്കുവാൻ പോകുന്നതു്. പ്രോട്ടസ്റ്റൻറു ഭാഗത്തു നിന്നു് വി. ലിഖിതംമാത്രം എന്ന സിദ്ധാന്തത്തിനു് അയവു വരുത്തിക്കഴിഞ്ഞു. പ്രൊ. റ്യാക്കട്ടും എബേലിംഗും വി. ലിഖിതംമാത്രം എന്ന തത്വം പാരമ്പര്യത്തെ മാററി നിറുത്തുന്നില്ല എന്നു് അഭിപ്രായപ്പെടുന്നു. അതുകൊണ്ടു് ആവിഷ്കൃത സത്യങ്ങൾ പൂർണ്ണമായി വി. ലിഖിതത്തിലില്ല എന്നു് എപ്പോഴെങ്കിലും തിരുസ്സഭ ആധികാരികമായി പഠിപ്പിച്ചിട്ടുണ്ടോ എന്നു് പരിശോധിക്കുക അവസരോചിതമാണു്.

## ട്രിഡൻൈറൻ നിർവ്വചനത്തിൻെറ പശ്ചാത്തലം

ഈ വിഷയത്തെക്കുറിച്ചുള്ള ആധികാരികമായ ഏക നിർ

വചനം ട്രെൻറ് സൂനഹദോസിൻേറതാണ്. അതിപ്രകാരമാണ്. ആവിഷ്കൃത സത്യങ്ങൾ "എഴുതപ്പെട്ട പുസ്തകങ്ങളിലും എഴുതപ്പെടാത്ത പാരമ്പര്യത്തിലും" (in libris scriptis et sine scripto traditionibus) ഉൾക്കൊള്ളുന്നു. എന്താണിതിൻെറ അർത്ഥം? ഏതു പശ്ചാത്തലത്തിലാണ് ട്രെൻറ് സൂനഹദോസ് ഇപ്രകാരം നിർവചിച്ചതു്?

ട്രെൻറിനു് മുമ്പു് ദൈവാവിഷ്കരണത്തിൻെറ ശ്രോതസ്സുകളെക്കുറിച്ച് രണ്ടു് പ്രബലമായ അഭിപ്രായങ്ങളുണ്ടായിരുന്നു. ദൈവവചനം ഭാഗികമായി വി. ലിഖിതത്തിലും ഭാഗികമായി പാരമ്പര്യത്തിലുമാണെന്നു് ഒരു കൂട്ടരും അല്ല, നിത്യരക്ഷയ്ക്കാവശ്യമായതെല്ലാം വി. ലിഖിതത്തിലുണ്ടെന്നു മറെറക്കൂട്ടരും വാദിച്ചു. രണ്ടാമത്തെ അഭിപ്രായം സ്വീകരിച്ച് പിതാക്കന്മാർക്ക് സഭാപിതാക്കന്മാരുടെ പഠനത്തിൻെറ പ്രബലമായ പിൻബലമുണ്ടായിരുന്നു. ആറാം നൂററാണ്ടിലെ ഒരു ദൈവശാസ്ത്രജ്ഞനായ ലേർണീസിലെ വിൻസെൻറ് വി. ലിഖിതം "ധാരാളം മതി" എന്നു് വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്. ഐരണീയസിൽ നിന്നു് തുടങ്ങി മദ്ധ്യശതകം വരെയുള്ള പാരമ്പര്യം അതാണ്, പക്ഷെ ഭാഗിക സിദ്ധാന്തക്കാർക്ക് അപ്രകാരമുള്ള പാരമ്പര്യത്തിൻെറ പിൻബലമില്ലായിരുന്നു. അതുകൊണ്ടാണ് ട്രെൻറിലെ ചർച്ചാവിഷയമായ "ദൈവവചനം ഭാഗികമായി, എഴുതപ്പെട്ട പുസ്തകങ്ങളിലും ഭാഗികമായി, എഴുതപ്പെടാത്ത പാരമ്പര്യത്തിലും ഉൾക്കൊള്ളുന്നു" എന്ന നക്കൽരൂപം, നിർവചനത്തിൽ "എഴുതപ്പെട്ട പുസ്തകങ്ങളിലും എഴുതപ്പെടാത്ത പാരമ്പര്യത്തിലും" എന്നായി മാറിയതു്.

"എത്തി"ൻെറ അർത്ഥമെന്തു?

---

"In libris scriptis et sine scripto traditionibus" എന്ന വ്യാക്യത്തിലെ എത്തി (and) ൻെറ അർത്ഥമെന്തു്? കൗൺസിലിനു് മുമ്പുണ്ടായിരുന്ന രണ്ടഭിപ്രായങ്ങളിൽ ഒന്നു കൗൺസിൽ സ്വീകരിച്ചുവോ? ഇല്ല. ഭാഗികമായി വി. ലിഖിതത്തിലും ഭാഗികമായി പാരമ്പര്യത്തിലും എന്നു് അദ്ധ്യവസാനം ചെയ്തുവോ? ഒരിക്കലും ഇല്ല. വാസ്തവത്തിൽ സൂനഹദോസ് "ഭാഗികമായി" എന്ന പ്രയോഗം മാററിക്കളഞ്ഞ് തദ്വിഷയത്തെ സ്പർശിക്കാതെ സൗകര്യമായി ഒഴിഞ്ഞുമാറുകയാണ് ചെയ്തതു്.

“ഭാഗിക സിദ്ധാന്തം” മുന്നേറുന്നു

പക്ഷേ ഭാഗിക സിദ്ധാന്തം മുന്നേറുന്നതായിട്ടാണു് പിന്നീട് നാം കാണുന്നതു്. കാരണമുണ്ടു്. ഒരു വശത്തു് ഭാഗികസിദ്ധാന്തത്തെ തിരുസ്സഭ ശപിച്ചില്ല. മറുവശത്തു് അതിൻെറ പ്രചാരകരായി രണ്ടു് വലിയ ദൈവശാസ്ത്രജ്ഞന്മാർ രംഗപ്രവേശം ചെയ്തു: പിററർ കനീഷ്യസും റോബർട്ട് ബല്ലർമിനും. കനീഷ്യസ് തൻെറ വലിയ വേദോപദേശത്തിൽ ഒരു ക്രൈസ്തവൻ വളരെ കാര്യങ്ങൾ പാരമ്പര്യത്തിൽ നിന്നാണു് അറിയുന്നതെന്നും നാം വിശ്വസിക്കുന്നവ ഭാഗികമായി വി. ലിഖിതത്തിലും ഭാഗികമായി പാരമ്പ്യര്യത്തിലുമാണെന്നും പഠിപ്പിച്ചു. കനിഷ്യൻെറ പഠനത്താൽ സ്വാധീനിക്കപ്പെട്ട ബല്ലർമിൻ ആ സിദ്ധാന്തം മുറുകെപ്പിടിച്ചു. റോബർട്ട് ബല്ലർമിൻ ദൈവശാസ്ത്രത്തിലെ ഒരു തോറിട്ടിയാണെന്ന കാര്യം തർക്കമററ സംഗതിയാണു്. അതുകൊണ്ടു് പിന്നീടുവന്ന ദൈവശാസ്ത്രജ്ഞന്മാർ വിചാരിച്ചു ബല്ലർമിൻെറ പഠനം യഥാർത്ഥത്തിൽ ട്രെൻറിൻെറ പഠനമാണെന്നു്. വാസ്തവത്തിൽ അപ്രകാരമല്ലല്ലോ. ട്രെൻറിനു് മുൻപുണ്ടായിരുന്നതും ട്രെൻറിൽ അദ്ധ്യവസാനം ചെയ്യപ്പെടാത്തതുമായ ഒരു അഭിപ്രായം അവർ പിന്തുടരുകമാത്രമാണു് ചെയ്തതു്. അതേസമയം ഐരണീയസിൽ നിന്നു തുടങ്ങി മദ്ധ്യശതകം വരെയുണ്ടായിരുന്ന പാരമ്പര്യത്തെ അവർ വിസ്മരിക്കുകയും ചെയ്തു.

ഭാഗികമായും പൂർണ്ണമായും.

18-ാം നൂററാണ്ടിൻെറ ആരംഭത്തിൽ തന്നെ വി. ലിഖിതത്തേയും പാരമ്പര്യത്തേയും രണ്ടായിക്കാണുന്ന ചിന്താഗതി ഉപേക്ഷിക്കപ്പെട്ടു. അവ രണ്ടും തമ്മിലുള്ള സജീവ ഐക്യം കണ്ടെത്തുവാനും ഉദ്ഗ്രഥിക്കുവാനും പരിശ്രമങ്ങൾ നടന്നു.

പാരമ്പര്യം ദൈവവചനത്തെ പൂർണ്ണമായും ഉൾക്കൊള്ളുന്നു. വി. ഗ്രന്ഥം എഴുതപ്പെട്ടുന്നതിനു് മുമ്പു് പാരമ്പര്യം മാത്രമെ ഉണ്ടായിരുന്നുള്ളു. ആ പാരമ്പര്യത്തിൻെറ ഒരു ഭാഗമാണു് വി. ലിഖിതം. അതപൂർണ്ണമാണു്. ദൈവവചനം പൂർണ്ണമായി പാരമ്പര്യത്തിൽ. അപൂർണ്ണമായി വി. ലിഖിതത്തിൽ. അപൂർണ്ണമായ വി. ലിഖിതത്തെ പാരമ്പര്യം പൂർത്തിയാക്കുകയും വിശദീകരിക്കുകയും ചെയ്യുന്നു.

ഈ കാഴ്ചപ്പാടും വി. ലിഖിതത്തേയും പാരമ്പര്യത്തേയും ര ണ്ടായിക്കാണുകയാണ്. അതുകൊണ്ട് അവ തമ്മിലുള്ള സജീവ ഐക്യം എവിടെ? എങ്ങനെ അവയെ ഉദ്ഗ്രഥിച്ച് സങ്കലനം ചെയ്യാം എന്ന പ്രശ്നം പിന്നെയും നീണ്ടുനിന്നു.

"പൂർണ്ണമായും" "പൂർണ്ണമായും"

---

പ്രസ്തുത പ്രശ്നത്തിനു് ജോഹൻമൃളറും ജോൺ ബാപ്ടിസ്റ്റ് കുണമാണ് തൃപ്തികരമായ സമാധാനം നല്കിയതു്. അവരുടെ സിദ്ധാന്തം ഇങ്ങനെ സംഗ്രഹിക്കാം. ആവിഷ്കൃത സത്യങ്ങൾ പൂർണ്ണമായി വി. ലിഖിതത്തിലും പൂർണ്ണമായി പാരമ്പര്യലുമുണ്ട്. വിശ്വാസികളുടെ സജീവ പാരമ്പര്യം അപ്പസ്തോലന്മാരുടെ പ്രസംഗത്താൽ നിശ്ചിതമായി, ശ്ലൈഹിക സന്ദേശത്തിന്റെ സംഗ്രഹമാണ് വി. സുവിശേഷങ്ങളും ലേഖനങ്ങളും. വി. ലിഖിതം ദൈവവചനത്തെ പൂർണ്ണമായും ഉൾക്കൊള്ളുന്നു, അതു് അപൂർണ്ണമല്ലതന്നെ.

ലെർണിസിലെ വിൻസെൻറിന്റെ പാരമ്പര്യം ആധുനിക ദൈവശാസ്ത്രജ്ഞന്മാർ വീണ്ടും കണ്ടെത്തുക മാത്രമെ ചെയ്തിട്ടുള്ളു. തിരുസഭ അദ്ധ്യവസാനം ചെയ്തിട്ടുള്ള സത്യങ്ങൾ മൗലികമായെങ്കിലും വി. ലിഖിതത്തിലുണ്ടെന്നവർ വാദിക്കുന്നു. താത്വികമായി പൂർണ്ണമായ വി. ലിഖിതത്തെ വിശദീകരിക്കുകയാണ് പാരമ്പര്യത്തിന്റെ കത്തവ്യം.

ആധുനിക ദൈവശാസ്ത്രത്തിൽ അപ്രതിദ്വന്ദ്വനായ കാൾ റാനർ പ്രസ്തുത സിദ്ധാന്തത്തെ സ്വീകരിക്കുകയും പൂർണ്ണമാക്കുകയും ചെയ്യുന്നുണ്ട്. വി. ലിഖിതവും പാരമ്പര്യവും വ്യത്യസ്ഥങ്ങളായ രണ്ട് ശ്രോതസ്സുകളല്ലതന്നെ. ദൈവവചനം പൂർണ്ണമായും വി. ലിതത്തിലുണ്ട്. സുവിശേഷങ്ങളും ലേഖനങ്ങളും ഒരു വശത്തു് സജീവപാരമ്പര്യത്തിന്റെ സംഗ്രഹമായിരിക്കുമ്പോൾ മറുവശത്തു് അവ തിരുസ്സഭയുടേയും പാരമ്പര്യത്തിന്റേയും തന്നെ തോതും മാനദണ്ഡവുമാണ്.

വി. ലിഖിതം ഭാഗികമായി മാത്രമേ ആവിഷ്കൃത സത്യങ്ങൾ ഉൾക്കൊള്ളുന്നുള്ളുവെന്ന് തിരുസ്സഭ ഒരിടത്തും പഠിപ്പിച്ചിട്ടില്ല. വി. ലിഖിതവും പാരമ്പര്യവും രണ്ടു വ്യത്യസ്ഥ ശ്രോതസ്സുകളല്ല. പ്രത്യുത വി. ലിഖിതം പൂർണ്ണമായി ആവിഷ്കൃത സത്യങ്ങൾ

ഉൾക്കൊള്ളുന്ന എന്ന ആധുനിക ദൈവശാസ്ത്രജ്ഞന്മാരുടെ പഠനം ഒരു വശത്തു് ഉദ്ഗ്രഥിതമായ ഒരു കാഴ്ചപ്പാടു് പ്രദാനം ചെയ്യുകയും മറുവശത്തു് വേർപിരിഞ്ഞു നില്ക്കുന്ന നമ്മുടെ സഹോദരങ്ങളെ നമ്മിലേയ്ക്കടുപ്പിക്കുകയും ചെയ്യുന്നു. പുതിയ തിയറി മനസ്സിലാക്കാൻ അല്പം വിഷമമാണു്—ശരി. പക്ഷേ വിഷമമായതുകൊണ്ടു് തെററ് പഠിപ്പിക്കുവാനോ ശരി പഠിപ്പിക്കാതെ ഒഴിഞ്ഞുമാറുവാനോ പാടില്ലല്ലോ. പ. ത്രിത്വത്തിൻെറ രഹസ്യം വിഷമമായതുകൊണ്ടു് അതു് മരത്തിൻെറ മൂന്നു് ശിഖരങ്ങൾപോലെയാണെന്നു് കുട്ടികളെ പഠിപ്പിക്കുവാൻ പാടുണ്ടോ?

---

ഈ വിഷയത്തെക്കുറിച്ചു് കൂടുതൽ പരിജ്ഞാനം J. R. Geiselmann, Karl Rahner, Jean Danielou തുടങ്ങിയവരുടെ ലേഖനങ്ങളിൽ നിന്നു് ലഭിക്കുന്നതാണു്. അവരുടെ ലേഖനങ്ങളുടെ സംഗ്രഹം 1960 മുതലുള്ള Theology Digset എന്ന ത്രൈമാസികത്തിൻെറ ലക്കങ്ങളിൽ കാണാം.

# കത്തോലിക്കരുടെ കഥകൾ

ചെറുകഥകളുടെ ഒരു കാലഘട്ടമാണിതു്. പക്ഷേ വ്യക്തിത്വമുള്ള കഥാകൃത്തുകളിൽ എത്രപേരുണ്ടാവും കത്തോലിക്കർ? കത്തോലിക്കരുടെ കഥകളുടെ കഥയില്ലായ്മ, കഥാരചനയിൽ ദീക്ഷിക്കേണ്ട അടിസ്ഥാനതത്വങ്ങൾ തുടങ്ങി ചെറുകഥാ പ്രസ്ഥാനത്തെപ്പററി ശ്രദ്ധേയമായ ഒരു പിടി നിർദ്ദേശങ്ങൾ.

കെ. എൻ. ജെ.

## ആമുഖം

ആധുനിക മലയാളസാഹിത്യത്തിൻെറ ഒരു പ്രത്യേകത, പ്രതിനിമിഷമെന്നപോലെ പ്രസിദ്ധീകൃതമാകുന്ന ചെറുകഥാസമാഹാരങ്ങളുടെ അമിതമായ വർദ്ധനയാണെന്നു വേണമെങ്കിൽപ്പറയാം. ഈ കാലഘട്ടം ചെറുകഥകളുടേതാണു്. നീണ്ടനീണ്ട നോവലുകൾ പോയി നീണ്ട കഥകളായി. അവയും നിലച്ചുതുടങ്ങി ചെറുകഥകളായി. സൂകരപ്രസവം പോലെയാണു ചെറുകഥാകൃത്തുകളുടെ ആവിർഭാവം. ഏതു പ്രസിദ്ധീകരണത്തിലും കാണാം ചുരുങ്ങിയതു ഒരു ചെറുകഥ. അനുവാചകർക്കു ഈ പ്രസ്ഥാനത്തോടുള്ള പ്രതിപത്തിയാകാം ഈ സാഹിത്യ ശാഖയുടെ അനിതരസാധാരണമായ വളർച്ചയ്ക്കു് പ്രചോദനം നൽകുന്നതു്.

## നമ്മുടെ കഥാകൃത്തുകൾ

കത്തോലിക്കാ പത്രമാസികാ പ്രവർത്തകരും പ്രസാധകന്മാരും ഈ പ്രസ്ഥാനത്തെ കാര്യമായി ഗണിച്ചിട്ടുണ്ടെന്നതു വ്യക്തം. ഇതിൻെറ വളർച്ചയെ പോഷിപ്പിക്കുന്നുമുണ്ടു്. തത്ഫലമായി കത്തോലിക്കാചെറുകഥാ കൃത്തുകളുടെ സംഖ്യ അഭൂതപൂർവ്വമായ

തോതിൽ വർദ്ധമാനമായിട്ടുണ്ട്. ഒരു പക്ഷേ, അകത്തോലിക്കാ— അക്രൈസ്തവരെ അതിശയിച്ചുകാണും. അവരുടെ എണ്ണം ഇനി യും പെരുകുവാനാണുവഴി. ഇന്നത്തെ ഈ നില തുടരുന്ന പക്ഷം കുറച്ചു് വർഷങ്ങൾകൂടി പിന്നിട്ടാൽ എന്തായിരിക്കും സ്ഥിതി പ്രവചിക്കാൻ പററില്ല.

പക്ഷേ ഏതെങ്കിലും തരത്തിൽ പ്രത്യേകവ്യക്തിത്വം പ്ര ദർശിപ്പിച്ചിട്ടുള്ള എത്ര കാഥികരെ നമ്മുടെ നൂററുപേരിൽ ചൂ ണ്ടിക്കാണിക്കാം? വിഷയത്തിലും പ്രതിപാദനരീതിയിലും ഒറി ജിനാലിററി കാണിക്കുവാൻ കഴിഞ്ഞിട്ടുള്ളവർ എത്രപേർകാണും? പുതിയ പരീക്ഷണങ്ങൾക്കു പുറപ്പെട്ടിട്ടുള്ളവരേയും നിർദ്ദേശിക്കു വാൻ സാധിക്കുമോ? കത്തോലിക്കരല്ലാത്ത കഥാകൃത്തുകൾ ഈ കേരളത്തിൽ അനേകമുണ്ടല്ലോ. അവരോടു കിടപിടിക്കുവാൻ ക ഴിവും മിഴിവും ഒത്തിണങ്ങിയ എത്ര ചെറുകഥാകൃത്തുകൾ നമു ക്കുണ്ടു്? ഇങ്ങനെയൊക്കെ ചോദിക്കാനും ചിന്തിക്കാനും പോ യാൽ കുഴപ്പത്തിലേ അവസാനിക്കൂ. ശ്രീമാൻ മുട്ടത്തുവർക്കി, ശ്രീ. ജെയിംസ് മണിമല, ശ്രീ. ജോർജ്ജ് നെല്ലായി, വറുഗീസ്സ് കാ ഞ്ഞിരത്തുങ്കൽ, ഫാ. ജി. സി. ടീലാർ, കഴിഞ്ഞു കത്തോലിക്കാ കഥാകാരന്മാരുടെ— പറയാൻ കൊള്ളാവുന്ന— പരക്കെകേൾ ക്കപ്പെട്ടുന്നവരുടെ പട്ടിക. ഇപ്പറഞ്ഞ 'കൊള്ളാവുന്ന'വരുടെ കഥ കൾ ഉൾപ്പെടെ ഇന്നു ഈ കേരളത്തിൽ പ്രസിദ്ധീകരിക്കപ്പെ ട്ടുന്നകത്തോലിക്കാ പ്രസിദ്ധീകരണങ്ങളിലെ ചെറുകഥകൾ പരി ശോധിച്ചാൽ, അവയിൽ തൊണ്ണൂറുശതമാനവും ആവർത്തനം, ലഘുരൂപാന്തരം, അനുകരണം, അപഹരണം എന്നിങ്ങനെയുള്ള ഏതെങ്കിലും രൂപത്തിൽപ്പെട്ടുന്നവയാണെന്നു ഗ്രഹിക്കാം. എ ങ്കിൽത്തന്നെ അവയെ ഒരു ചെറുകഥയ്ക്കുവേണ്ട ഗുണഗണങ്ങ ളോടു് തട്ടിച്ചുനോക്കിയാൽ, ചെറുഥ എന്ന നാമത്തിനു അർഹ മായവ അവയിൽ അംഗുലീപരിമിതമാണെന്നുകാണാം.

ചുരുക്കത്തിൽ, കേരളസാഹിത്യരംഗത്തു് ഇതരസമുദായങ്ങ ളെപ്പോലെ ഇന്നു കത്തോലിക്കാ സമുദായത്തിനു അഭിമാനപൂർ വ്വം എടുത്തു പറയാവുന്ന—മററുള്ളവരും വിലവച്ചുതരുന്ന—ചെ റുകഥാകൃത്തുകൾ വളരെ വിരളമാണു. മലയാളസാഹിത്യചരി ത്രഗ്രന്ഥങ്ങളിൽ ചെറുകഥാപ്രസ്ഥാനത്തെപ്പററി പരാമർശി ക്കുന്നിടത്തു് കത്തോലിക്കാ ചെറുകഥാകൃത്തുകളുടെ നാമങ്ങൾ

നിർദ്ദേശിക്കപ്പെട്ടു കാണുന്നില്ലെങ്കിൽ ആരും അമ്പരക്കേണ്ട. അന്ധാളിക്കുകയുംവേണ്ട. ആരേയും പഴിയും പറയേണ്ട. ഭാവിയിലെങ്കിലും കത്തോലിക്കാ ചെറുകാഥാകൃത്തു എന്ന അഭിധാനത്തിൽത്തന്നെ മലയാളസാഹിത്യരംഗത്തു നമ്മളിൽ ചിലൎക്കു ചിരപ്രതിഷ്ഠ ലഭിക്കുവാൻ ഈ പൊള്ളുന്ന പരമാർത്ഥം നമുക്കു പ്രചോദനവും ഉത്തേജനവും പ്രദാനം ചെയ്യട്ടെ.

**അകത്തോലിക്കരുടെ കഥകൾക്കുള്ള മേന്മ**

മലയാളത്തിലെ മാതൃഭൂമി, സാഹിത്യപരിഷത്തു് മുതലായവയിൽ പ്രത്യക്ഷപ്പെടുന്ന കഥകൾക്കുള്ള മെച്ചമാണു ഇവിടെ വീവക്ഷിക്കുന്നതും വിവരിക്കുന്നതും. ഇത്തരം പ്രസിദ്ധീകരണങ്ങളിൽ സാധാരണ അകത്തോലിക്കരാണല്ലോ കഥകൾ എഴുതുന്നതു്. അപൂർവം കത്തോലിക്കരും ഇല്ലെന്നു പറയുന്നില്ല. എന്താണു അവരുടെ കഥകൾക്കുള്ള മേന്മ? അതെന്തെന്നു വ്യക്തമാക്കുന്നതിനു മുമ്പു് മൂല്യനിർണ്ണയത്തിൽ ഒരു വിവേചനം കാണിക്കേണ്ടിയിരിക്കുന്നു. ധാർമ്മികമായ മേന്മ. കലാപരമായ മെച്ചം. ധാർമ്മികദൃഷ്ട്യാ വീക്ഷിക്കുമ്പോൾ അവരുടെ കഥകളിൽ ഭൂരിഭാഗവും കൊള്ളരുതാത്തവയാണെന്നു പറയാൻ ഞാൻ ഒട്ടും മടിക്കുന്നില്ല. സദാചാരവിരുദ്ധവും സന്മാൎഗ്ഗധ്വംസകവുമായ പ്രമേയങ്ങളാണു അവയിലൂടെ പലപ്പോഴും പ്രകാശിതങ്ങളാകുന്നതെന്നു പറയാം. വിഷയലമ്പടത്വം, വിപ്ളവം, നിരീശ്വരത്വം നിർമ്മതത്വം, എന്നീ വിഷയങ്ങളെ അധികരിച്ചാണു അവയുടെ കൎത്താക്കൾക്കു കഥിക്കാനുള്ളതു്. ഉപരിപ്ളവമായ ജീവിതമാണു അവർ ചിത്രീകരിച്ചിരിക്കുന്നതു്. ചിന്തോദ്ദീപകവും സംസ്കാരോന്മുഖവുമായ ആശയങ്ങളെ അനുവാചകർക്കു പകരാൻ അവരുടെ ആത്മാവിൽ ഒന്നും തന്നെയില്ല. എങ്കിലും, അവരുടെ കഥകൾ വായിക്കാൻ എന്തുകൊണ്ടു് ആളുകൾ ആവേശം കൊള്ളുന്നു? അശ്ലീലവിഷയങ്ങൾ പ്രതിപാദിക്കുന്നതുകൊണ്ടാണെന്നു ചില നല്ല കത്തോലിക്കർ പറയും. ആ പ്രസ്താവനയിൽ അല്പം പരമാർത്ഥവുമുണ്ടു്. പക്ഷെ ചീത്തക്കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതുകൊണ്ടു മാത്രമാണെന്നു പറയുന്നതു പ്രമാദമാണു്. (മാത്രമല്ല ജീവിതത്തിന്റെ ജുഗുപ്സാവഹങ്ങളായ വശങ്ങളെ ചിത്രീകരിക്കുന്നതു അതിനാൽത്തന്നെ അശുദ്ധവും അഗണ്യവുമെന്നു ഈ ലേഖകനു അഭിപ്രായമില്ല) വാസ്തവത്തിൽ

അവർക്കു കഥിക്കാനറിയാം; അവർക്കു കഥപറഞ്ഞു് കഥയിലൂടെ കാര്യം നേടാൻ കഴിവും കരുത്തുമുണ്ടു്. തങ്ങൾക്കു പറയാനുള്ളതു്—തെറേറാ ശരിയോ ആകട്ടെ—സരസമായും സരളമായും, സാരസമ്പുഷ്ടമായും പറഞ്ഞു ഫലിപ്പിക്കുവാൻ അവർക്കു സാധിക്കുന്നു. ചുരുക്കത്തിൽ ഒരു ചെറുകഥയ്ക്കു ആവശ്യം വേണ്ട ഘടകങ്ങൾ അവരുടെ കഥകളിൽ സമഞ്ജസമായി സമ്മേളിച്ചിരിക്കുന്നു. പ്രതിപാദനം രസജനകമായിരിക്കുന്നു. ആവിഷ്ക്കരണരീതി ആശയങ്ങൾക്കുവേണ്ടി അർപ്പണം ചെയ്യിട്ടില്ലെന്നു സാരം. അകത്തോലിക്കരുടെ കഥകൾക്കുള്ളമേന്മ കലാപരമാണു്. (അപവാദങ്ങൾ കണ്ടേക്കാം അപൂർവ്വമായി) അതു് ഈയുള്ളവനു വകവെച്ചുകൊടുക്കാതെ തരമില്ല.

**കത്തോലിക്കരുടെ കഥകൾക്കുള്ള കുറവു്**

അതു് എന്താണെന്നു ഇനി വ്യക്തമാക്കണമെന്നില്ല. മേൽപ്പറഞ്ഞവയുമായി വായനക്കാരൻ തട്ടിച്ചുനോക്കിയാൽ മതി. കത്തോലിക്കാപ്രസിദ്ധീകരണങ്ങളാണോ അല്ലയോ എന്നു തീർത്തു വിധികല്പിക്കാൻ അസാധ്യമായ ചില വാരികാമാസികകളുണ്ടല്ലോ—വീക്ഷണം, ജയഭാരതം, കുട്ടികളുടെ ദീപിക, വനിതാരാമം തുടങ്ങിയവ. അവയിലെ ചെറുകഥകളുടെ തരത്തെക്കുറിച്ചു് ഇത്തരുണത്തിൽ യാതൊരു പ്രസ്താവനയും ചെയ്യുന്നില്ല. പരാമർശിക്കുന്നുപോലുമില്ല. അവ കൂടാതെ തനികത്തോലിക്കാ വാരികാമാസികകളുണ്ടല്ലോ ധാരാളം. ഇവയിൽ മികച്ച കഥകൾ കാണുന്നതു് ലേഖകൻെറ അഭിപ്രായത്തിൽ വളരെ വളരെ ചുരുക്കമായിട്ടാണു്, പൊതുവേ പറഞ്ഞാൽ. ഇവയിലെ ചെറുകഥകൾക്കുള്ള പോരായ്മ എന്താണു്? കുററവും കുറവും വിളിച്ചറിയിക്കുന്നതിനുമുൻപു് മെച്ചവും മേന്മയും ചൂണ്ടിക്കാണിക്കുകയാണല്ലോ ഉത്തമം. വിലയിരുത്തലിനു ഇവിടേയും തെവിവേചനം അനിവാര്യമാണു്.

ഒരു മോറലിസ്റ്റിൻെറ വീക്ഷണകോടിയിലൂടെ നോക്കിയാൽ നമ്മുടെ കഥകൾ ഒന്നാംതരം തന്നെ! അതിനു യാതൊരുസംശയവുമില്ല. സദാചാരത്തിൻേറയും സന്മാർഗ്ഗത്തിൻേറയും അതിർത്തിവരമ്പുകളെ അതിലംഘിക്കുന്ന ഒരു കഥപോലും അവയിൽ കാണുമെന്നു യാതൊരാളും ശങ്കിക്കേണ്ടതില്ല. നമ്മുടെ കഥകൾ ഒട്ടുമുക്കാലും ധാർമ്മിക-വിശ്വാസപ്രബോധനം പ്രത്യക്ഷത്തിൽ നട

ത്തുന്നവയാണ്. തന്മൂലം അവ വായിച്ച് മനുഷ്യർ ചീത്തയായിപ്പോകുമെന്നു വിചാരിക്കുവാൻ യാതൊരു ന്യായവുമില്ല. എന്നിട്ടും അവ വായിക്കുവാൻ എന്തുകൊണ്ടു അധികമാരും തത്രപ്പെട്ടുന്നില്ല? കഴിവും മിഴിവുമുററ ചെറുകഥാകൃത്തുകളാകാൻ കൊതിക്കുന്ന കത്തോലിക്കാകലാവിദ്യാർത്ഥികളും (കലാസാഹിത്യരംഗത്തു് ഈ ലേഖകനും ഒരു വിദ്യാത്ഥി തന്നെയാണ്) ചെറുകഥ എന്ന സാഹിത്യശാഖയ്ക്കുതിരേർറതായ നിലയും വിലയുമുണ്ടെന്നു ബോധമുള്ള പത്രാധിപന്മാരും ഉത്തരം കാണേണ്ട ചോദ്യമാണതു്. ശാസ്ത്രീയരീത്യ വിശകലനം ചെയ്തു ഒരു പോംവഴി നിർദ്ദേശിക്കുവാൻ ഇവിടെ സാദ്ധ്യമല്ല. ചെറുകഥയെക്കുറിച്ച് ശ്രീമാൻ എം. പി പോൾ നടത്തിയതുപോലുള്ള ഒരു താത്വികപഠനവും വായനക്കാരൻ പ്രതീക്ഷിക്കേണ്ട.

നമ്മുടെ പ്രസിദ്ധീകരണങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ചെറുകഥകൾ വായിക്കാറുള്ളപ്പോൾ ചിലവിചാരവികാരങ്ങൾ അനുഭവപ്പെടാറുണ്ടു്. അവയെക്കുറിക്കുകയാണ്. ചിതറിയ ചിന്താശകലങ്ങളായി അവയെ ഗണിച്ചാൽമതി. അവയെല്ലാം ഒരുമിച്ചുകൂട്ടിയാൽ അവ വായനക്കാരൻെറ പുനർവ്വിചിന്തനത്തിനു പ്രചോദനമരുളുമെങ്കിൽ ലേഖകൻെറ ലക്ഷ്യം കരഗതമാകും.

ഒരു കലാകാരൻെറ നോട്ടത്തിൽ നമ്മുടെ കഥകൾ അമ്പേ പരാജയമാണു. ഈ പ്രസ്താവനയ്ക്കും അപവാദങ്ങൾ ഇല്ലെന്നുപറയുന്നില്ല. ഭൂരിഭാഗം കഥകളുടേയും കഥയാണ് നേരത്തെ പറഞ്ഞതു്. കലയുടെ അടിസ്ഥാനപ്രമാണങ്ങൾപോലും എന്തെന്നു വ്യക്തമല്ല നമ്മുടെ കഥികർക്കു്. ആ പ്രമാണങ്ങളെക്കുറിച്ച് വിശദമായ ഒരു ചർച്ച ഇവിടെ നൽകുക അപ്രായോഗികമാണ്. അതുകൊണ്ടു് ഒന്നു രണ്ടു മൂലതത്വങ്ങൾ പറയാം. കല ഒരു ഉപാധിയല്ലെന്നു പ്രഥമതഃ ധരിക്കണം. ക്രിസ്തീയമാകുന്നതുമൂലം അതിൻെറ ആന്തരസത്തയ്ക്കു യാതൊരു മാററവും വരുന്നില്ല. ആരും മാററം വരുത്താതിരുന്നാൽ മതി. നമ്മുടെ വിശ്വാസങ്ങളേയും ധാർമ്മികതത്വങ്ങളേയും സഭാപഠനങ്ങളേയും മററും പ്രചരിപ്പിക്കാനുള്ള ഒരു മാർഗ്ഗം മാത്രമാണു കലയെന്നു നാം ധരിച്ചുവശായിരിക്കുന്നു. കത്തോലിക്കാകലാകാരന്മാർ ഏകപക്ഷീയമായ ഈ ധാരണ ആദ്യമേ മാററണം. ഇത്തരുണത്തിൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായുടെ വാക്കുകൾ സ്മർത്തവ്യമാണ്;—“ Of

themselves the liberal arts certainly do not demand direction to a moral or a religious function".

കേന്ദ്രബിന്ദു

ഇനി ചെറുകഥ സാഹിത്യത്തിന്റെ ഒരു ശാഖയാകയാലും സാഹിത്യം കലയുടെ ഒരു വിഭാഗമാവുന്നതുകൊണ്ടും കലയുടെ മൂലപ്രമാണങ്ങൾ ചെറുകഥയിൽ പരിരക്ഷിക്കപ്പെടണം. കഥാകൃത്തു അവയെ ബലികഴിക്കരുത്. അതിനുപുറമെ, ചെറുകഥയെ ചെറുകഥയാക്കുന്ന ചില വ്യതിരിക്ത ഘടകങ്ങളുമുണ്ട്. ആ ഘടകങ്ങളെല്ലാം ഒത്തിണങ്ങിയാലേ ചെറുകഥയാകൂ. ഒരേയൊരു ആശയം മാത്രമേ ചെറുകഥയിൽ പാടുള്ളൂ. വൈവിധ്യമാർന്ന ജീവിതത്തിലെ ഒരു സംഭവം, ഒരു രംഗം, അല്ലെങ്കിൽ ഒരു സ്വഭാവരീതി, അതുമല്ലെങ്കിൽ ഒരു വസ്തു. അതിനെ ഗുളികപാകത്തിൽ പ്രകാശിപ്പിക്കുക. കഥയിൽ പറയപ്പെടുന്നതെന്തും ആ ബിന്ദുവിനെ കേന്ദ്രമാക്കിയായിരിക്കണം. അതിനെ ദീപ്തിമത്താക്കുന്നതുമായിരിക്കണം. കേന്ദ്രത്തിൽ— ആശയത്തിൽ—നിന്നു തെററിമാറുന്ന, സ്വാതന്ത്ര്യം പ്രാപിക്കുന്ന രംഗമോ സംഭവമോ ഉണ്ടായാൽ കേന്ദ്രം ദുർബ്ബലമാവുകയും വായനക്കാരന്റെ ശ്രദ്ധ പതറുകയും കഥ പരാജയപ്പെടുകയും ചെയ്യും. നമ്മുടെ കഥകളിൽ മേല്പറഞ്ഞവസ്തുത എന്തുമാത്രം പാലിക്കപ്പെട്ടുവെന്നു വായനക്കാരൻ പരിശോധിച്ചു നോക്കട്ടെ.

സുഘടിതമായ ജീവിതവീക്ഷണം

ജീവിതമാകുന്ന മഹാഗ്രന്ഥത്തിലെ ഒരു താളുമാത്രമാണു ചെറുകഥയെന്നു ആരോ പറഞ്ഞിട്ടുണ്ട്. അതു അക്ഷരം പ്രതി ശരിയാണു്. ഈയൊരു ഏടിനെ അഥവാ താളിനെ സമഗ്രമായ ജീവിതത്തിന്റെ—ഇന്നലെകളുടേയും ഇന്നിന്റേയും നാളെകളുടേയും മാത്രമല്ല നിത്യതയുടെയും തന്നെ പശ്ചാത്തലത്തിൽ വേണം കത്തോലിക്കാകഥാകൃത്ത് കൈകാര്യം ചെയ്യുവാൻ. കാരണം, കത്തോലിക്കനെ സംബന്ധിച്ചിടത്തോളമെങ്കിലും, ജീവിതത്തിനു സുഘടിതമായ ഒരു വീക്ഷണമുണ്ട്, അർത്ഥവും പരമമായ ഒരു ലക്ഷ്യവും. മുൻപ്രസ്താവിത ജീവിതരംഗം ഇപ്പറഞ്ഞ ദർശനത്തിലൂടെയാണു ആവിഷ്ക്കരിക്കേണ്ടതു്. ഇതു സാധ്യമാകുവാൻ കത്തോലിക്കാ കഥാകൃത്തു സാധാരണ വേദോപദേശം പഠിച്ചാൽ

മാത്രം പോരാ. അല്പം ദൈവശാസ്ത്രവും സന്മാർഗ്ഗശാസ്ത്രവുമൊക്കെ അറിയണം. അവയ്ക്കു പുറമെ, അന്തരാത്മാവിൻെറ അഗാധതയെ സ്പർശിക്കുന്നവയും സർഗ്ഗശക്തിയേയും ഭാവനയേയും രചനാത്മകവും ക്രിയാത്മകവുമാക്കുന്നവയുമായ ധാരാളം അനുഭവങ്ങളും അനുഭൂതികളും കഥാകൃത്തിനുണ്ടായിരിക്കണം. ചുരുക്കത്തിൽ, ജീവിതം ജീവിച്ചവരേ ഈ ഏർപ്പാടിനു പോകേണ്ടതുള്ളു. പാശ്ചാത്യ നാടുകളിൽ കത്തോലിക്കാലോകത്ത് ചെറുകഥയെഴുതുന്നവരിൽ ഭൂരിഭാഗവും വൈദികരും സെമിനാരി പഠനം നടത്തിയവരും, സഭാപഠനങ്ങളിൽ പരിജ്ഞാനം സിദ്ധിച്ചവരും ഡിഗ്രിയുള്ളവരുമാകുന്നതിൻെറ പൊരുൾ ഇപ്പോൾ വ്യക്തമാണല്ലോ. കഥകളും നോവലുകളും രചിക്കുവാൻ കഴിവുററ വ്യക്തികൾ വിശുദ്ധരും വൈദികരുമെന്നു 'മാരിററയിൻ' അഭിപ്രായപ്പെട്ടതു മറെറാന്നുകൊണ്ടുമല്ല. നമ്മുടെ കഥാകൃത്തുകൾ ജീവിതത്തിൻെറ ഉപരിഭാഗത്തെ മാത്രമേ ചിത്രീകരിക്കുന്നുള്ളുവെന്നു കുററമാരോപിച്ചാൽ ആരും എന്നോട്ട് വക്കാണത്തിനു വരില്ലല്ലോ. അവർ ജീവിതാനുഭവങ്ങളിൽ മുങ്ങിത്തുടിക്കണം. എന്നിട്ടേ കഥിക്കാവൂ.

ആവിഷ്ക്കരണം

തന്മയത്വമായി ആവിഷ്ക്കരിക്കാനുള്ള കഴിവില്ലെങ്കിൽ പരിജ്ഞാനവും ജീവിതാനുഭവങ്ങളും അനുഭൂതികളും കലാകാരനു 'കാലണയുടെ' ഉപകാരം ചെയ്യുകയില്ല. അറിവിൻേറയും അനുഭവത്തിൻെറയും സംയോഗത്തിൽ നിന്നുത്ഭൂതമാകുന്ന അനുഭൂതി അന്തരാത്മാവിൽ രൂപംകൊടുക്കുന്ന ഒരു സ്വരൂപത്തെ—ആശയത്തെ-ഉചിതമായി ആവിഷ്ക്കരിക്കാനുള്ള ഉപാധിയാണു ഭാഷ. അപ്പോൾ ഭാഷാജ്ഞാനവും നല്ലൊരു ശൈലിയും കഥാകൃത്തിനു സ്വായത്തമല്ലെങ്കിൽ മനസ്സിൽ മിന്നിത്തെളിഞ്ഞ സ്വരൂപം ക്രമേണ മറവിയിൽ വിലയംകൊള്ളുകയേയുള്ളു. ചുരുക്കത്തിൽ കാഥികൻ ഒരു അമരകോശം തന്നെയായിരിക്കണം. മുഷിഞ്ഞിരുന്നു പഠിച്ചു് പയററിയാലേ ഭാഷാസ്വാധീനവും സ്വകീയമായ ഒരു ശൈലിയും ഒരുവനു കരഗതമാകൂ. ദാർശനികനായ ഡോക്ടർ രാധാകൃഷ്ണൻ ഈ വസ്തുത ആവർത്തിച്ചാവർത്തിച്ചു് വ്യക്തമാക്കിയിട്ടുള്ളതാണു് കലാകാരന്മാരോടായുള്ള തൻെറ പ്രബോധനങ്ങളിലും പ്രസംഗങ്ങളിലും. എന്നിരിക്കെ പത്താം ക്ലാസ്സ്വരെ പഠി

ക്കുകമാത്രം ചെയ്തിട്ട് കഥയെഴുതിനിരുന്നാലത്തെ കഥയെന്തായിരിക്കും? അഭ്യാസം വേണം, അഭ്യാസം. ഒരു ചെറുകഥയെഴുതുന്നതിനുമുമ്പായി മററുള്ള ചെറുകഥാകൃത്തുകളുടെ അനേകം കഥകൾ നിരീക്ഷണബുദ്ധ്യാ വായിച്ചുപഠിച്ചിരിക്കണം. അതൊടൊപ്പം മലയാളവ്യാകരണവും. ഇതെല്ലാം അനുഷ്ഠിച്ചിട്ടാണോ നമ്മുടെ കഥാകൃത്തുകൾ കഥിക്കുന്നതു്? 'ഉണ്ണിയെക്കണ്ടാലറിയാം ഊരിലെപ്പഞ്ഞം' എന്നതുപോലെ അവരുടെ കഥകൾ വായിച്ചാലറിയാം അവരുടെ ചിന്താദാരിദ്ര്യം. എന്തുചെയ്യേണ്ടുവെന്നു അവർ തന്നെ ആലോചിക്കട്ടെ.

അസാധാരണമായ പദസമ്പത്തും പ്രയോഗവൈദഗ്ദ്ധ്യവും കൈവശമുണ്ടെന്നു കരുതി എളുപ്പം ചെറുകഥ രചിക്കാമെന്നോ രചിക്കുന്നതു അവികലമായ കഥയായിരിക്കുമെന്നോ വിചാരിക്കുന്നതു വിഡ്ഢിത്തമാണു്. പ്രതിപാദനത്തിൽ ചില സാങ്കേതികരീതികൾ അവലംബിക്കേണ്ടതുണ്ടു്. ആവിഷ്ക്കരണസാമർത്ഥ്യത്തിലാണു് ചെറുകഥാകൃത്തിന്റെ വിജയമിരിക്കുന്നതു്.

സ്ഥായിയായ രസം

നവരസങ്ങളുണ്ടു്. രതി, ശോകം, ഉത്സാഹം, ശങ്ക, അസൂയ അഹന്ത തുടങ്ങിയവ. എല്ലാരസങ്ങളും ഒരു ചെറുകഥയിൽ കൊള്ളിച്ചാൽ കഥയ്ക്കു ഒരു രസവുമുണ്ടാകുകയില്ല. പ്രഥമവും പ്രധാനവുമായി ഏതെങ്കിലും ഒരു രസത്തെ മാത്രമേ ചെറുകഥവായനക്കാരനിൽ അങ്കുരിപ്പിക്കാവൂ. മററുള്ളവയെ വർജ്ജിക്കണമെന്നല്ല; പ്രത്യുത അവ സ്ഥായിരസത്തോടു് അവഗാഢം ബന്ധപ്പെട്ടിരിക്കണം. മാത്രമല്ല, അതിന്റെ ഏററക്കുറച്ചിലിനു സഹായവുമായിരിക്കണം. തന്നെയുമല്ല, വർണ്ണനയിലൂടേയും ധ്വനിയിലൂടേയും മകുടീഭൂതമായ വികാരത്തെ ഉത്തമകോടിയിൽ നിബന്ധിക്കുവാൻ കഥാകാരൻ ഒരിക്കലും വിസ്മരിക്കരുതു്. ഹൃദയത്തിലുളവാകുന്ന ആ വികാരമാണു ഉൽക്കടമായ ചിന്തകളെ വായനക്കാരനിൽ ഉണർത്തേണ്ടതു്. അല്ലാതെ കഥാകാരന്റെ പ്രബോധനമോ പ്രഭാഷണമോ അല്ല.

ജിജ്ഞാസ

മുഖ്യരസത്തോടു് അല്ലെങ്കിൽ നിർദ്ദിഷ്ട വികാരവായ്പോടു് ഒന്നിച്ചു നില്ക്കേണ്ട ഗുണമാണു ജിജ്ഞാസ. വായനക്കാരിൽ ഉളവാക്കുന്ന ഈ തിടുക്കഭാവത്തിലാണു കഥയുടെ മർമ്മം

കിടക്കുന്നതെന്നുപറയാം. കഥാഗതിയുടെ ആരംഭത്തിൽ തന്നെ വായനക്കാരൻെറ ജിജ്ഞാസയെ ഉണർത്തുകയും ക്രമേണ ഉദ്ദീപിപ്പിക്കുകയും വേണം. ഇതിൽ നിന്നു പ്രത്യേകം ശ്രദ്ധിക്കേണ്ട സംഗതി കഥയുടെ തലക്കെട്ടും പ്രഥമവാചകങ്ങളുമാണു്. നമ്മുടെ കഥാകാരന്മാരുടെ തലവാചകം വായിച്ചാൽ മതി—കഥ തുടർന്നുവായിക്കേണ്ട; വായിക്കാൻ തോന്നുകയുമില്ല—കഥാതന്തു എന്തെന്നു നിഷ്പ്രയാസം ഗ്രഹിക്കാം. ഇക്കാര്യത്തിലാണു പലരും ശ്രദ്ധിക്കാത്തതു്. കഥാപാരായണത്തിലൂടെ വികാരതീവ്രതയേറുന്നതോടൊപ്പം കൗതുകഭാവം കൂടുതൽ ഉജ്ജ്വലമാവുകയും അചിരേണ, വികാരം അത്യുച്ചകോടിയെ പ്രാപിക്കുന്നതോടെ മർമ്മം വെളിവാകുകയും കഥ അവസാനിക്കുകയും വേണം. അതോടെ കഥയുടെ കള്ളി മുഴുവനും വെളിവാകരുതു്. കഥവായിച്ചു അല്പം കഴിഞ്ഞേ കഥയുടെ വ്യക്തരൂപം അതിൻെറ നഗ്നതയിൽ വായനക്കാരൻെറ മനസ്സിൽ ഉദിക്കാവൂ.

### ഏകാഗ്രത

ചെറുകഥയുടെ മറെറാരു വിശിഷ്ടഗുണമാണു ഏകാഗ്രത. കഥയിൽ സംഭവങ്ങൾ ധാരാളം കാണും, ഈ സംഭവങ്ങളെല്ലാം കഥാമർമ്മത്തോടു് ഘടിക്കപ്പെട്ടവയായിരിക്കണമെന്നതു കൂടാതെ പരസ്പരം ബന്ധിതമായിരിക്കുകയും വേണം. അവയ്ക്കു അടുക്കും ചിട്ടയും ക്രമവും ഉണ്ടായിരിക്കണം. ആദ്യമേ, സംഭവങ്ങളിൽ ഒരു വിവേചനവും വിവേകവും കാണിച്ചു് അപ്രസക്തമായവയേയും അസംഭാവ്യമായവയേയും പുറംതള്ളുക. ശേഷമുള്ളവയെ കാലസമയമനുസരിച്ചു് യുക്തിയുടെ ചരടിൽ കോർത്തിണക്കണം. കഥ വായിച്ചു മുന്നേറുമ്പോൾ രഹസ്യത്തിൻെറ ഉള്ളറയിലേയ്ക്കു ഒരു കോവണികയറിപ്പോകുന്നതുപോലെ അനുഭവപ്പെടണം. പരസ്പരവൈരുദ്ധ്യം അറിഞ്ഞോ അറിയാതെയോ കഥാഘടനയിൽ കടന്നു കൂടരുതു്. ഇത്രയും ശ്രദ്ധിച്ചാൽ ഏകാഗ്രത താനേയുണ്ടാകും. ഇതിനു ഭംഗം വരുത്തുന്ന ഒരു ഏർപ്പാടാണു സംഭാഷണം. ചെറുകഥയിൽ സംഭാഷണം കഴിയുന്നതും ഒഴിവാക്കുകയാണു വേണ്ടതു്. കൂടിയേ കഴിയൂ എന്നാണെങ്കിൽ വിരളമാകട്ടെ. കാരണം, കഴിവും മിഴിവുമുററിയ കാഥികർക്കേ ഏകാഗ്രതയ്ക്കു് കോട്ടം തട്ടാതെ സംഭാഷണം അവതരിപ്പിക്കുവാൻ സാധ്യമാകൂ. എന്നിരിക്കിലും, സാധാരണനിലയിൽ കഥ പരാജയപ്പെടാനേ വഴിയുള്ളൂ.

### പദപ്രയോഗം

പദങ്ങളും വാചകങ്ങളും ചിന്തോദ്ദീപകമോ, ജിജ്ഞാസാഭരിതമോ, ധ്വന്യാത്മകമോ വികാരദ്യോതകമോ ആകാം, അവയെ സ്ഥാനത്തും അസ്ഥാനത്തും പ്രയോഗിച്ചാൽ, വിരസതയും അസ്വാസ്ഥതയുമായിരിക്കും ഫലം. കല്പിതങ്ങളാണെങ്കിലും കഥാപാത്രങ്ങളുടെ വിദ്യാഭ്യാസ നിലവാരമനുസരിച്ചാകണം അവർ സംസാരിക്കുവാൻ. സാധാരണഗതിയിൽ നല്ല മലയാളപദങ്ങളാണു പ്രയോഗിക്കേണ്ടതു്. അപൂർവ്വമായി ഗ്രാമ്യവും. ദുർല്ലഭം അവസരങ്ങളിൽ സംസ്കൃതവും ഉപയോഗിക്കേണ്ടിവന്നേയ്ക്കാം. വണ്ടിക്കാരൻെറ വായിൽ നിന്നു വേദാന്തസൂക്തികൾ ഒഴുകിയാൽ കല്ലുകടിച്ച അനുഭവം തോന്നും. 'അവൻ കയറെടുത്തു' എന്നതിനു പകരം 'പാശമെടുത്തു' എന്നു പറഞ്ഞാൽ എന്തായിരിക്കും രസം.? പ്രഥമത വ്യക്തമാക്കിയതുപോലെ ഒന്നിൻെറയും കൂലങ്കഷമായ പഠനം ഇവിടെ നടത്തുന്നില്ലെന്നുമാത്രം. പ്രാസത്തിനുവേണ്ടി പരക്കം പായുമ്പോഴാണു പലേ അപകടങ്ങളും കഥാകാരനു പിണയുന്നതു്. ചെറുകഥ കവിതയല്ലെന്നു നല്ല ബോധ്യം വേണം. ഓരോ കഥാകൃത്തും തന്റെ യുക്തിക്കനുസൃതമായി വിവേകത്തോടും ഔചിത്യബോധത്തോടും കൂടെ പദങ്ങളെ തിരഞ്ഞെടുക്കട്ടെ. (പ്രസിദ്ധീകരണത്തിനുമുമ്പു് പല പ്രാവശ്യം വായിച്ചു് മാററിതിരുത്തിയെഴുതേണ്ടതിൻെറ ആവശ്യകത ഇപ്പോൾ സ്പഷ്ടമാണല്ലോ) കാഥികൻ നേരിട്ടു് കഥപറയുകയാണെന്നിരിക്കട്ടെ എങ്കിൽപ്പോലും മുൻപ്രമാണം അക്ഷരശഃപാലിക്കണം.

### കഥകൾ പലതരം

ഭൂതത്തിൽ നിന്നു ആരംഭിച്ചു് വർത്തമാനത്തിലൂടെ ഭാവിയിൽ ചെന്നവസാനിക്കുന്ന കഥകളുണ്ടു്. വർത്തമാനകാലത്തിൽ നിന്നു ഭാവിയിലേയ്ക്കു കുതിക്കുന്നവയും നേരെമറിച്ചു് കഴിഞ്ഞകാലങ്ങളിലേയ്ക്കു എത്തിനോക്കുന്നവയുമുണ്ടു്. രണ്ടാമതു പറഞ്ഞതരത്തിലുള്ള കഥകൾ രചിക്കാനാണു എളുപ്പം. ചെറുകഥാ വിദ്യാർത്ഥികൾ ആ മാർഗ്ഗമാണു അവലംബിക്കേണ്ടതെന്നാണു് ഈ ലേഖകൻെറ അഭിപ്രായം. എങ്കിലും യാതൊരു മാർഗ്ഗവും നിഷ്കൃഷ്ടമായി നിർദ്ദേശിക്കുവാൻ സാധ്യമല്ല. കാഥികൻ തൻെറ വാസനയനുസരിച്ചു് ചരിക്കണം. ഉയർന്നുവരുന്ന കഥാകൃത്തിൻെറ പ്രവണത ഗ്രഹിച്ചാൽ മററുള്ളവർക്ക് അയാളെ സഹായിക്കാൻ സാ

ധിച്ചേക്കും. ഒരു കൊച്ചു കഥാകൃത്ത് വലുതാകുന്നതുവരെ പരസഹായം തേടിയേതീരൂ, വാസ്തവത്തിൽ ചെറുകഥാസാഹിത്യത്തിൽ കീർത്തിമുദ്രനേടിയവപ്പോലും തങ്ങളുടെ സ്നേഹിതരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ആരായുക പതിവുണ്ടു്; അവർക്കു അഹന്തയില്ലെങ്കിൽ. ഒരു സാഹിത്യകാരൻെറ ഏററവും വിശിഷ്ടഗുണമാണു വിനയം. എത്രത്തോളം എളിമപ്പെടുന്നുവൊ അത്രത്തോളം അവൻ ഉയർത്തപ്പെടും.

## കഥാരചന

കഥാകാരൻ ഇതര മനുഷ്യരിൽ നിന്നു വ്യത്യസ്തനാണു്. എങ്കിലും സമുദായത്തിലായിരിക്കുന്നിടത്തോളം കാലം അവൻ ഇതര അംഗങ്ങളെപ്പോലെതന്നെ വർത്തിക്കണം. കഴിയുമെങ്കിൽ മററുള്ളവരെക്കാൾ കൂടുതലായി സമുദായജീവിതത്തോടു് ഇഴുകിച്ചേരാൻ ശ്രമിക്കണം. സ്വവസതിയിൽ സ്വന്തം—എഴുത്തുമേശയ്ക്കുമുമ്പിൽ ഇരിക്കുമ്പോൾ മാത്രമേ അവൻ സ്രഷ്ടാവും രക്ഷകനും വിധിയാളനും രാജാവും പുരോഹിതനും മററും ആകാൻ പാടുള്ളു.

തൻെറ ചുററുമുള്ള ജീവിതവുമായി അവൻ തന്മയത്വം പ്രാപിക്കുമ്പോൾ അവൻെറ സർഗ്ഗശക്തിയിൽ ചലനമുണ്ടാകുകയും ഭാവനയിൽ ചില ചിത്രങ്ങൾ മായാതെ പതിയുകയും ചെയ്യും. ആ ആശയങ്ങളെ ഉടനടി വെളിപ്പാക്കരുതു്. കാരണം, അവയ്ക്കുവേണ്ടത്ര വെളിച്ചമോ തെളിച്ചമോ സ്പഷ്ടതയോ കാണുകയില്ല. വെറും ബീജം. ഗർഭോല്പാദനം നടന്നിട്ടേയുള്ളു. അതു വളരട്ടെ. നാമറിയാതെ അതു വളർന്നുകൊള്ളും. ക്ഷമയോടെ കാത്തിരിക്കുക. വാസ്തവത്തിൽ അതു വളർന്നു വികസിച്ചിട്ടുണ്ടെങ്കിൽ, ജീവിതത്തിൻെറ വിധിനിർണ്ണായകമായ ഒരു നിമിഷത്തിൽ അതിനെക്കുറിച്ചു് കലാകാരൻ ബോധവാനാകും. അന്നേരം അനുഭവപ്പെടുന്ന വികാര വിചാരങ്ങളോടെ അതിനെ കടലാസ്സിലേയ്ക്കു പകർത്തുക. കഥയുടെ മൂലരൂപമായി. ഏകദേശം ഒരാഴ്ച കഴിഞ്ഞാൽ ആ പകർത്തിയതിനെ വീണ്ടും പകർത്തുക. അപ്പോൾ ആ കഥയ്ക്കു നൂതനമായ ഉറപ്പും ചൈതന്യവും പ്രകാശവും ലഭിക്കും. വേണ്ടത്ര തിരുത്തലുകളോടും കൂട്ടിച്ചേർക്കലുകളോടും കൂടി വീണ്ടും പകർത്തുക. അതിനുശേഷം ഒരാഴ്ച കഴിഞ്ഞാൽ അതു മററുള്ളവരെ വായിച്ചു കേൾപ്പിക്കുകയോ അവർക്കു വായിക്കാൻ കൊടുക്കുകയോ വേണം. അവരുടെ നിരൂപണ നിർദ്ദേശങ്ങളെ ശ്രദ്ധിച്ചുകൊണ്ടും ചെറു

കഥയുടെ മാനദണ്ഡങ്ങളെ മനസ്സിൽ കണ്ടുകൊണ്ടും ഒരു പ്രാവശ്യം കൂടി അക്കഥ പകർത്തുക. അതിന്റെ ഒരു കോപ്പിയെടുത്തു പത്രാധിപർക്ക അയച്ചുകൊടുക്കുക. താൻ രചിച്ച കഥയുടെ തരം നോക്കി വേണം പത്രവാരികാമാസികകൾ തെരഞ്ഞെടുക്കാൻ. (ആദ്യമെ, പത്രവാരികാമാസികകൾ തെരഞ്ഞെടുത്തിട്ട് അതിനു വേണ്ടി കഥ ചമയ്ക്കരുത്) ഒരു കഥ ഒരാഫീസിൽ എത്തുമ്പോഴേയ്ക്കും മറെറാരുകഥയുടെ ബീജസങ്കലനം ചേതനയിൽ നടന്നു കഴിഞ്ഞിരിക്കും, കഥാകൃത്തു വാസനയുള്ളവനാണെങ്കിൽ.

ഇവ്വിധം തുടർന്നാൽ മൂന്നുവർഷമാകുമ്പോഴേയ്ക്കും അയാളുടെ പേർ നാട്ടിലെങ്ങും പ്രസിദ്ധമാകും. മാത്രമല്ല, രണ്ടാമത്തെ പകർപ്പ് പ്രസ്സിലേയ്ക്കു അയയ്ക്കാൻ പാകമായിരിക്കും. അയാൾ കഥാകൃത്തായെന്നു സാരം. അനുസ്യൂതം പയററിയാൽ കാലക്രമേണ കഥാകൃത്തുകളുടെ മുൻപന്തിയിലേയ്ക്കുയരാം, ഒരു സമ്രാട്ടാകാം.

**ഒരു പേടിസ്വപ്നം.**

മേല്പറഞ്ഞ നിർദ്ദേശങ്ങളനുസരിച്ച് കഥിച്ചാൽ തന്നെ കാഥികരെ അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങളുണ്ട്. അനവധി വൈതരണികൾ തരണം ചെയ്യേണ്ടതായിട്ടുണ്ട്. കാരണം, ഒരുവൻ കഥിക്കുന്നതിന്റെ തരവും മററും മുൻകൂട്ടി പ്രവചിക്കുക സാധ്യമല്ലല്ലോ.

കേരളത്തിലെ കത്തോലിക്കാ പത്രവാരികാമാസികകൾ കത്തോലിക്കാസഭയ്ക്കുവേണ്ടിയാണു് നിലകൊള്ളുന്നതു്. അതിനുപുറമെ രാജ്യത്തിനുവേണ്ടിയും, കേരളത്തിന്റെ രാഷ്ട്രീയവും സാമൂഹ്യവുംസാംസ്കാരികവുമായ ഉന്നമനത്തിനുവേണ്ടിയാണു അവ നിലകൊള്ളുന്നതെന്നും അവ ഉൽഘോഷിക്കുന്നുണ്ട്. അവയുടെ നയപ്രഖ്യാപനത്തിൽ ദർശിക്കുകയും ചെയ്യാം. അതിലുപരി, തങ്ങളുടേതായ ചില നിയതമായ ലക്ഷ്യങ്ങൾക്കും സ്ഥാപിത താല്പര്യങ്ങൾക്കും (Vested Interests) വേണ്ടിയാണവ പ്രധാനമായും നിലകൊള്ളുന്നതെന്ന യാഥാർത്ഥ്യം അവയോട് അല്പമായിട്ടെങ്കിലും ബന്ധപ്പെട്ടവർക്ക് സുതരാം ഗ്രഹിക്കാം.

ഇവയെല്ലാം കാര്യമായി കണക്കിലെടുത്തുകൊണ്ടു വേണം കഥാകൃത്തു് തന്റെ സാഹിത്യവിഭവങ്ങളുമായി പത്രാധിപന്മാരെ സമീപിക്കുവാൻ (കഥന സമയത്തു് ഈ വക പ്രശ്നങ്ങളെ

ന്നും ഒരിക്കലും അലട്ടരുതു്. അവയെ മുറിച്ചു പുറത്തു നിൎത്തണം). തങ്ങളുടെ താല്പര്യങ്ങളെ താലോലിക്കുന്നവയും അമൂല്യാദൎശങ്ങൾ പ്രതിഫലിപ്പിക്കുന്നവയുമായ കഥകൾ പത്രാധിപന്മാർ രണ്ടു കൈയ്യും നീട്ടി സ്വാഗതം ചെയ്യും. തങ്ങളുടെ ഇഷ്ടാനിഷ്ടങ്ങളെക്കുറിച്ചു് യാതൊന്നും പറഞ്ഞില്ലെങ്കിൽത്തന്നെ ഗംഭീരങ്ങളായ ആദൎശങ്ങളുടെ സംസ്ഥാപനത്തിൽ പൂൎണ്ണത വന്നിട്ടുണ്ടെങ്കിൽ തൽക്കഥകളും അവർ പ്രസിദ്ധീകരിക്കും. എന്നാൽ ജീവിതത്തിന്റെ ചീത്തവശങ്ങളെ പ്രകാശിപ്പിക്കുന്നവയാണെങ്കിൽ-സമുദായത്തിലും വ്യക്തിജീവിതത്തിലും കാണുന്ന വൃത്തികേടുകളും പുഴക്കുത്തുകളും, പ്രത്യേകിച്ചു്, ധാൎമ്മിക സാദാചാരമണ്ഡലങ്ങളിലെ മാലിന്യങ്ങളും വെളിവാക്കുന്നവയാണെങ്കിൽ—അത്തരം കഥകൾ ചവററുകൊട്ടയിൽ പോകാനേ തരമുള്ളു. അല്പം പേരും പെരുമയുമുള്ള കഥാകൃത്തുക്കളുടെ കഥയാണെങ്കിൽ ഒന്നുകിൽ തിരിച്ചയയ്ക്കും അല്ലെങ്കിൽ എന്നന്നേയ്ക്കുമായി ഫയലിൽ കയറിയെന്നും വന്നേയ്ക്കാം. ഇങ്ങനെ സംഭവിക്കുന്നതു്, പത്രാധിപന്മാർ ഒന്നുകിൽ തീവ്രമോറലിസ്റ്റുകളോ അഥവാ സാഹിത്യത്തിന്റെ സത്തിനെക്കുറിച്ചു് അല്പജ്ഞരോ ആകയാലാണു്. സെക്സ്, ക്രൈം, തിന്മ, പാപം, മലിനത മുതലായ അപൂൎണ്ണവും അവിശുദ്ധവുമായ ജീവിതവശങ്ങളെപ്പററി പ്രതിപാദിക്കുന്നതു അശ്ലീല (Pornography)വും. അനനുവദനീയവുമെന്നു എങ്ങനെയോ ധരിച്ചുവെച്ചിരിക്കുന്നു. സാഹിത്യകൃതികൾ, അസഭ്യചിത്രീകരണങ്ങൾ എന്നിവ വിവേചിച്ചറിയാൻ) സാധാരണഗതിയിൽ ഒരു പത്രാധിപർ അതിനു കഴിവുള്ളവനെന്നു വരില്ല. ധാൎമ്മിക ശാസ്ത്രത്തിലും സാഹിത്യകലാദികളിലും നൈപുണ്യം നേടിയിട്ടുള്ളവരെ സമീപിക്കുകയാണു വേണ്ടതു്) കഴിയാത്തിടത്തോളം കാലം ഇത്തരം പ്രതിഭാസം തുടൎന്നുകൊണ്ടേയിരിക്കും. അതുകൊണ്ടു കത്തോലിക്കാ ചെറുകഥാകൃത്തുക്കൾ ഇത്തരം പ്രതിഭാസങ്ങളെ അതിജീവിക്കുവാൻ ധൈൎയ്യപൂൎവ്വം മുന്നോട്ടുവരണം. ഇപ്പറഞ്ഞതു് തോന്നുന്നതെന്തും കഥിക്കാൻ കഥാകൃത്തിനു സ്വാതന്ത്ര്യമുണ്ടെന്നു ധരിപ്പിക്കാനല്ല. (കഥാരചനയിൽ യുക്തിയും ഔചിത്യബോധവും മുന്നിട്ടുനില്ക്കണമെന്നു പറഞ്ഞല്ലോ) ആദർശസ്ഥാപനം മുൻപന്തിയിലേയ്ക്കു വരികയും കഥയും പാത്രങ്ങളും പിൻപന്തിയിലേയ്ക്കു മാറിക്കൊടുക്കുകയും ചെയ്യുന്ന ദുരവസ്ഥയാണു നമ്മുടെ കഥകൾക്കുള്ളതു്. തന്മൂലം ചെറുകഥയുടെ കലാപരവും സാങ്കേതികവുമായ അംശങ്ങ

ളിൽ നാം അമ്പേ പരാജിതരാകുകയും ചെയ്യുന്നു. ഈ ദുഃഖസ്ഥിതിയിൽനിന്നു മോചനം പ്രാപിക്കാതെ, കേരള കത്തോലിക്കാ സമുദായത്തിൽ കിടയററ ഒരൊററ ചെറുകഥാകൃത്തും ഉണ്ടാകാൻ പോകുന്നില്ല. ഒരു കഥ ഏററവും ഹൃദയസ്പൃക്കായി അവതരിപ്പിക്കാനാണു കഥാകൃത്തു ശ്രദ്ധിക്കേണ്ടതു്. ആദർശം അതിൽ താരതമ്യേന വ്യംഗ്യാത്മകമായി പ്രകാശിതമാകുന്നതാണു് കൂടുതൽ പ്രയോജനകരം. ഒരു പടികടന്നു, ഈയുള്ളവൻ വാദിക്കും, കത്തോലിക്കാകഥാകൃത്തുകളുടേതായാലും ശരി, അവ പ്രബോധനപരങ്ങളാകാനേ പാടുള്ളു. ഒരിക്കലും പ്രചാരണപരങ്ങളാകരുതു്. പ്രസാധകരും പ്രസിദ്ധീകരണക്കാരും പത്രാധിപന്മാരും അതിനു കഥാകൃത്തുകളെ നിർബന്ധിക്കരുതു്. അങ്ങനെ അവർ കഥാകാരന്മാർക്കു് ഒരു പേടിസ്വപ്നമാകാതിരിക്കട്ടെ.

കത്തോലിക്കാകഥാകൃത്തുകൾ ആദ്യം തോന്നിയതുപോലെ കഥിക്കുകയും, തുടർന്നു അവയെ മാമ്മോദീസാമുക്കി കത്തോലിക്കാമയമാക്കുകയുമാണു ചെയ്യുന്നതു്. ഇതു വെറും ബാലിശമെന്നല്ലാതെ എന്തു പറയാനാണു്? ഇതിന്റെ അർത്ഥം കഥാരചനയിൽ കൊള്ളേണ്ടവയും തള്ളേണ്ടവയും ഏതെന്നു വ്യവച്ഛേദിച്ചറിയാൻ കത്തോലിക്കാ കഥാകൃത്തിനു കഴിയാതെ വരുന്നുവെന്നല്ലേ? ഇത്തരുണത്തിൽ സുപ്രസിദ്ധ കലാതത്വചിന്തകനായ ജാക് മാരിറെറയിന്റെ വാക്കുകൾ ശ്രദ്ധേയമാണു. "യഹൂദർക്കു അശുദ്ധമൃഗങ്ങളുള്ളതുപോലെ, കലക്കു വിഷയീഭവിപ്പിക്കുവാൻ പ്രകൃത്യാ നിഷിദ്ധമായ യാതൊരു സംഗതിയുമില്ല. ഈ വീക്ഷണകോടിയനുസരിച്ചു് കലാകാരനു എന്തും സൃഷ്ടിക്കാം. പക്ഷെ ഒരു നിബന്ധനയുണ്ടു്. തൽസൃഷ്ടികൾ സ്വീകരിക്കുന്നവരുടെ മനസ്സും ഹൃദയവും അവമൂലം മലിനമാക്കപ്പെടരുതെന്നുമാത്രം, ഈ നിലവെച്ചുനോക്കുമ്പോൾ തിന്മയെ അംഗീകരിക്കാതെ തന്നെ ചിത്തയായിട്ടുള്ള എന്തിനെയെങ്കിലും സ്പർശിക്കുവാൻ കലാകാരനു വിശുദ്ധിയും വിദഗ്ധതയുമില്ലെങ്കിൽ അത്തരം സംഗതികളെ പരാമർശിക്കുവാൻ പോലും അവനു അവകാശമില്ല. അവൻ കാത്തിരിക്കട്ടെ, ഒരു വിശുദ്ധനായിത്തീരുമ്പോൾ അവയെ കൈകാര്യം ചെയ്യുവാൻ അവൻ പ്രാപ്തനാകും". അതായതു് ജീവിതത്തെ അതിന്റെ സമഗ്രതയിൽ—നന്മയും തിന്മയും ഉൾപ്പെടെ—കത്തോലിക്കാ കലാകാരനു കലയിലൂടെ പ്രദർശിപ്പിക്കാം, തിന്മ

ന്ദ്യേയും പാപത്തേയും ഒരിക്കലും അംഗീകരിക്കാത്തവിധം അവയെ ആവിഷ്ക്കരിക്കുവാൻ അത്രക്കു വിശുദ്ധിയും വിജ്ഞാനവും അവനുണ്ടായിരിക്കണമെന്നു മാത്രം. അദ്ദേഹം തുടർന്നുപദേശിക്കുന്നു:— "നിങ്ങൾക്കു ഒരു ക്രിസ്തീയകൃതി (പ്രകൃതത്തിൽ ചെറുകഥ) രചിക്കണമെങ്കിൽ പ്രഥമതഃ ഒരു ക്രിസ്ത്യാനിയായിരിക്കുക (നല്ല കത്തോലിക്കനായിരിക്കുക) നിങ്ങളിൽതന്നെ കലാകാരനേയും ക്രിസ്ത്യാനിയേയും വ്യവച്ഛേദിക്കുവാൻ വൃഥാ ശ്രമിക്കരുതു്. ഒരു ഉത്തമ ക്രിസ്ത്യാനിയാണെങ്കിൽ, കലാവാസനയെ ഏതെങ്കിലും സൗന്ദര്യസിദ്ധാന്തത്തിൻെറ പേരിൽ നിങ്ങളുടെ ആത്മാവിൽ നിന്നു വേർതിരിക്കുന്നില്ലെങ്കിൽ അവ രണ്ടും ഒന്നാണു്. കലയെ നിങ്ങളുടെ വിശ്വാസത്തിൽ നിന്നു വേർപെടുത്തരുതു്. വ്യതിരിക്തമായതു് അതുപോലെ തന്നെ സ്ഥിതിചെയ്യട്ടെ. ജീവിതം സ്വാഭാവികമായി സംയോജിപ്പിച്ചവയെ ബലാല്ക്കാരേണ സംബന്ധിപ്പിക്കുവാൻ തുനിയരുതു്. കലയെ ജീവിതത്തിൻെറ വിശ്വാസപ്രമാണമാക്കുന്നുവെങ്കിൽ വിശ്വാസത്തെ നിങ്ങൾ നഷ്ടപ്പെടുത്തും. അതേ സമയം നിങ്ങളുടെ ക്രിസ്തീയജീവിതത്തെ കലാസിദ്ധാന്തങ്ങൾക്കു അടിയറവെയ്ക്കുകയാണെങ്കിൽ കലയേയും നിർമ്മൂലമാക്കും. വരപ്രസാദപൂരിതമായ നിങ്ങളുടെ ആത്മാവിൻെറ അംഗാർസത്തയിൽ നിന്നു ഉരുവാകുന്നതെങ്കിൽ നിങ്ങളുടെ കലാസൃഷ്ടി സ്വാഭാവികമായിത്തന്നെ തികച്ചും ക്രിസ്തീയമായിരിക്കും. ആന്തരികജീവൻെറ കാന്തിപ്രചുരിമയുടെ പ്രസ്ഫുടനിദർശനമായിരിക്കും അതു്. ചുരുക്കത്തിൽ കഥാകൃത്തുകൾ തങ്ങൾക്കു പൈതൃകദാനമായി ലഭിച്ചിരിക്കുന്ന ക്രിസ്തീയ വിശ്വാസത്തിനനുസൃതമായി ജീവിതത്തെ കരുപ്പിടിപ്പിക്കട്ടെ. ഉത്തമ കത്തോലിക്കരെന്നനിലയിൽ തങ്ങളുടെതന്നെയും സഹജരുടേയും സമുദായത്തിൻേറയും ജീവിതത്തെ ധന്യമാക്കട്ടെ. കഥയെഴുതാൻ തോന്നുമ്പോഴെല്ലാം സ്വയം ഉള്ളിലേയ്ക്കു വലിയുക. അകത്തു കയറുക. വാതിലടയ്ക്കുക. നിശ്ശബ്ദതയിൽ ആത്മാവിലേയ്ക്കിറങ്ങിച്ചെന്നു അതിലെ ഉൽക്കടമായ വികാരവീചികളെ പേനത്തുമ്പിലൂടെ കടലാസിലേയ്ക്കു പകർത്തു. നിങ്ങളുടെ വിശുദ്ധി, വിജ്ഞാനം, വിവേകം നിങ്ങളെ തെററിൽ വീഴാതെ കാത്തുകൊള്ളും. നിങ്ങളുടെ കൃതികൾ എല്ലാംകൊണ്ടും മേന്മയുള്ളതായിയിരിക്കുമെന്നതിൽ തെല്ലും ശങ്കിക്കേണ്ട. അവ മനുഷ്യഹൃദയങ്ങളെ സംസ്കരിക്കും. ഇതേതരുണത്തിൽ 12-ാം പീയൂസ് തിരുമേനിയുടെ

# മനുഷ്യന്റെ മൗലികാവകാശങ്ങൾ

(Fundamental Rights of Man)

മനുഷ്യന് അനിഷേധ്യമായ ചില മൗലികാവകാശങ്ങളുണ്ട്. മൗലികാവകാശങ്ങൾ, അവയുടെ ദാർശനികമായ അടിസ്ഥാനം, കുടുംബം, സമൂഹം തുടങ്ങിയ മനുഷ്യാവകാശങ്ങളുടെ കേന്ദ്രങ്ങൾ ഇവയെപ്പററി ഒരു പഠനം.

തോമസ് കണയംപ്ളാവൻ, എം. എ.

## 1. ഉപോൽഘാതം.

മനുഷ്യൻ തന്റെ അവകാശങ്ങളെപ്പററി പൂർവാധികം ബോധവാനായിത്തീർന്നിരിക്കുന്ന ഒരു കാലഘട്ടത്തിലാണു നാം ജീവിക്കുന്നത്. യു. എൻ.

---

വചസ്സുകൾ ശ്രദ്ധേയമാണ്. അദ്ദേഹം പറയുന്നു.– "But the artist who is firm in his faith and leads a life worthy of a christian, who is motivated by the love of God and reverently uses the powers the Creator has given him, expresses and manifests the truths he holds and the piety he possess so skillfully, beautifully and pleasingly in colors and lines or sounds and harmonies that this sacred labour of art is an act of worship and religion for him. It also effectively arouses and inspires people to profess the faith and cultivate piety"

തിരുമേനി ശക്തിയുക്തം ഉദ്ബോധിപ്പിക്കുന്നത് ക്രിസ്തീയ വിശ്വാസാചാരപ്രമാണങ്ങളുടെ പ്രചാരണത്തിനു കലകളെ ഉപാധിയാക്കാനല്ല: അവയെ സ്വ ജീവിതത്തിൽ പകർത്തുവാനും അവ സ്സനുഗുണമായി ജീവിതത്തെ കരുപ്പിടിപ്പിക്കാനുമാണു്. അങ്ങനെ ചെയ്താൽ കല മുൻപ്രസ്താവിത ലക്ഷ്യത്തെ പ്രമാദരഹിതം പ്രാപിക്കും.

ചാർട്ടറിലും ജനായത്തരാഷ്ട്രങ്ങളുടെ ഭരണഘടനകളിലും മനുഷ്യവകാശങ്ങൾക്ക് സംപൂജ്യമായ ഒരു സ്ഥാനം നൽകപ്പെട്ടിട്ടുണ്ട്. മനുഷ്യൻെറ മൗലികാവകാശങ്ങളെ വീർപ്പുമുട്ടിക്കുന്ന സ്വേച്ഛാധിപത്യരാഷ്ട്രങ്ങൾപോലും പ്രസ്തുത അവകാശങ്ങളുടെ സംരക്ഷകരാണെന്ന് നടിക്കാറുണ്ട്. മനുഷ്യാവകാശങ്ങളെ അംഗീകരിക്കുന്നവർ മനുഷ്യവ്യക്തിയുടെ അനശ്വരതയേയും മഹത്വത്തേയും സ്വാതന്ത്ര്യത്തേയും അംഗീകരിക്കുന്നു. നേരേമറിച്ച് അമൂല്യങ്ങളായ ഈ അവകാശങ്ങളെ നിഷേധിക്കുന്നവർ മനുഷ്യനെ വെറും ഒരു യന്ത്രമായോ മൃഗമായോ പരിഗണിക്കുന്നു. തന്മൂലം മൗലികാവകാശങ്ങളുടെ അർത്ഥവും വ്യാപ്തിയും, അവയുടെ ദാർശനികവും ആവിഷ്ക്കരണ പരവുമായ അടിസ്ഥാനം, പ്രസ്തുതാവകാശങ്ങളെപ്പററിയുള്ള മാർക്സിയൻ വീക്ഷണം, ഇന്ത്യൻ ഭരണഘടന ഉറപ്പുതരുന്ന മൗലികാവകാശങ്ങൾ എന്നിവയെപ്പററിയുള്ള ഒരു ലഘു പഠനം സമുചിതമായിരിക്കുമല്ലോ. അതിനുള്ള ഒരു വിനീത ശ്രമമാണ് ഈ ലേഖനം.

## 2. മൗലികാവകാശങ്ങൾ എന്നാൽ.

മനുഷ്യപ്രകൃതിയിൽ നിന്ന് ജനിക്കുന്നവയും മനുഷ്യവ്യക്തിത്വത്തിൻെറ പരിപൂർണ്ണമായ വികാസത്തിന് അനുപേക്ഷണീയങ്ങളുമായ അവകാശങ്ങളെയാണ് നാം മൗലികാവകാശങ്ങൾ എന്നു വിളിക്കുന്നത്. മനുഷ്യപ്രകൃതിയിൽ വേരുറപ്പിച്ചിരിക്കുന്ന അവകാശങ്ങൾ ജന്മസിദ്ധങ്ങളും അങ്ങനെ ദൈവദത്തങ്ങളും ആണെന്നു വരുന്നു. അതുകൊണ്ട് മൗലികാവകാശങ്ങൾ രാഷ്ട്രത്തിൻെറയോ ഭരണഘടനകളുടേയോ സൃഷ്ടിയല്ലെന്നുള്ള കാര്യം ആദ്യമായി നമ്മുടെ ശ്രദ്ധയെ സമാകർഷിക്കുന്നു. രാഷ്ട്രവും അതിൻെറ ഭരണഘടനയും മനുഷ്യാവകാശങ്ങളെ നിർമ്മിക്കുന്നില്ല; ജന്മസിദ്ധങ്ങളായ അവകാശങ്ങളെ അവ അംഗീകരിക്കുക മാത്രമാണു ചെയ്യുന്നത്. സ്വാഭാവികങ്ങളായ (Natural) ഈ അവകാശങ്ങൾ അതേകാരണത്താൽ തന്നെ അന്യാധീനപ്പെടുത്താൻ പാടില്ലാത്തവയും (Inalienable) ആണ്. വാസ്തവത്തിൽ, മനുഷ്യനിർമ്മിതമായ യാതൊരവകാശവും മൗലികാവകാശങ്ങളുടെ ഗണത്തിൽ ഉൾപ്പെടുന്നില്ല. മനുഷ്യാവകാശങ്ങൾ സ്വാഭാവികങ്ങളും ജന്മസിദ്ധങ്ങളുമാണെന്നുള്ള പ്രസ്താവന എത്രമാത്രം യുക്തിസഹമാണെന്നു പരിശോധിക്കേണ്ട ചുമതല നമുക്കുണ്ട്.

## 3. ദാർശനികമായ അടിസ്ഥാനം (Philosophical Foundations)

ജഡപദാർത്ഥങ്ങൾക്കും മനുഷ്യനൊഴികെയുള്ള മററുജീവികൾക്കും മൗലികാവകാശങ്ങളുള്ളതായി നാം പറയാറില്ല. മനുഷ്യന്, മനുഷ്യനു മാത്രം, എന്തുകൊണ്ടാണ് അനിഷേധ്യങ്ങളായ ചില അവകാശങ്ങൾ ഉള്ളത്.? അതിനുള്ളകാരണം മനുഷ്യനെ സചേതനങ്ങളും അചേതനങ്ങളുമായ ഇതര സൃഷ്ടികളിൽ നിന്നും വേർതിരിച്ചു നിറുത്തുന്ന പ്രത്യേക പ്രകൃതിയിൽ കണ്ടെത്തണം. അതായത് മനുഷ്യ

ൻെറ മൗലികാവകാശങ്ങളെപ്പററിയുള്ള പഠനത്തിൽ മനുഷ്യപ്രകൃതിയെപ്പററി ഒരു ഉൾക്കാഴ്ച കൂടിയേതീരൂ.

## 4. കല്ലും മരവും മൃഗവും മനുഷ്യനും

ദാർശനിക വീക്ഷണത്തിൽ എന്താണു മനുഷ്യപ്രകൃതിയുടെ പ്രത്യേകതകളെന്നും മൗലികാവകാശങ്ങളുടെ ഉറവിടമെന്നും നമുക്ക് ആരാഞ്ഞു നോക്കാം. മനുഷ്യനെപ്പററിയുള്ള പഠനത്തിൽ ആദ്യമായി നമ്മുടെ ശ്രദ്ധയിൽ പെടുന്നതു് മനുഷ്യശരീരമാണു് ശരീരം പദാർത്ഥമാണെന്നു് നമുക്ക് അനായാസേന മനസ്സിലാക്കാം. പദാർത്ഥത്തിൻെറ ഏററവും വ്യക്തമായ ഒരു ഗുണം അതിൻെറ അസ്ഥിരത (Impermanence) ആണല്ലോ. പദാർത്ഥം ഒരവസ്ഥയിൽ നിന്നു് മറെറാരവസ്ഥയിലേയ്ക്കു മാറുന്നു; ഖരം ദ്രവമാകുന്നു; ദ്രവം വാതകമാകുന്നു; വാതകം വീണ്ടും ഖരദ്രവാവസ്ഥകളെ പ്രാപിക്കുന്നു. മനുഷ്യശരീരവും ഇപ്രകാരം മാററത്തിനു വിധേയമാണു്. മരണത്തിൻെറ ആഘാതമേററ മനുഷ്യശരീരം അതിൻെറ ഘടകങ്ങളായി പിരിഞ്ഞു് മണ്ണിലേയ്ക്കു തിരിച്ചു പോകുന്നു, അതുകൊണ്ടു് നമ്മുടെ ശരീരം പദാർത്ഥമാണെന്നുള്ളതു തീർച്ച.

പക്ഷെ മനുഷ്യശരീരം വെറും ജഡപദാർത്ഥമാണോ? അല്ല. മനുഷ്യശരീരം സജീവമായ പദാർത്ഥം (Living matter) ആണു്, അചേതന വസ്തുക്കളായ കല്ല്, മണ്ണു്, മുതലായവയിൽ നിന്നും സസ്യമൃഗാദികളെ വേർതിരിച്ചു നിറുത്തുന്ന രണ്ടു പ്രധാന ഗുണങ്ങളുണ്ടു്: ഒന്നു്, ഒരു ആന്തരികത്തടത്തിൽ നിന്നും വളരാനുള്ള കഴിവു് (Power of Growth); രണ്ടു്, സ്വവർഗ്ഗോല്പാദനത്തിനുള്ള ശക്തി (Power of Reproduction). കൂടാതെ ജീവൻ നഷ്ടപ്പെട്ട ജൈവ പദാർത്ഥം ചീയുന്നു. വീണപൂവും കൊഴിഞ്ഞ ഇലകളും മണ്ണിൽ അഴുകിച്ചേരുന്നു. പക്ഷെ കല്ലും മണ്ണും ചീയുന്നില്ല. അവ വളരുകയോ പ്രസവിക്കുകയോ ചെയ്യുന്നില്ല വളർച്ച, സന്താനോല്പാദനശക്തി, ജീവനഷ്ടത്തിലുള്ള ജീർണ്ണീഭവിക്കൽ, എന്നിവ മനുഷ്യശരീരവും പ്രദർശിപ്പിക്കുന്നു.

അവിടെയും നമ്മുടെ ജിജ്ഞാസ അവസാനിക്കുന്നില്ല, മനുഷ്യൻ സജീവ പദാർത്ഥം മാത്രമാണോ? അല്ലെന്നു പറയാൻ നാം നിർബന്ധിതരാകുന്നു. സസ്യങ്ങൾക്കും പക്ഷിമൃഗാദികൾക്കും അസാദ്ധ്യമായ ചിന്താശക്തി മനുഷ്യനിൽ നാം ദർശിക്കുന്നു. മനുഷ്യനിലെ ഏററവും പ്രധാനപ്പെട്ട പ്രക്രിയയാണല്ലോ ചിന്ത (Thought). അതുകൊണ്ടായിരിക്കാം ഫ്രഞ്ചു ദാർശനികനായ ഡെക്കാർട്ട് (Descartes) പറഞ്ഞതു്, "ഞാൻ ചിന്തിക്കുന്നു, അതുകൊണ്ടു് ഞാൻ സ്ഥിതിചെയ്യുന്നു" എന്നു്. ചിന്ത ഒരു അഭൗതിക യാഥാർത്ഥ്യമാണെന്ന നിഗമനത്തിൽ നാം എത്തിച്ചേരുന്നു. കാരണം, ഭൗതിക വസ്തുവിൻെറ ഗുണങ്ങളായ നിറം (Colour), പിണ്ഡം (Mass), സാന്ദ്രത (density), രൂപം (Shape) ഇവയൊന്നും ചിന്തക്കില്ല. ഭൗതികവാദികളായ ചിന്തകന്മാരുടെ അഭിപ്രായത്തിൽ ചിന്ത മനുഷ്യമസ്തിഷ്ക്കത്തിൻെറ ഒരു പ്രവർത്തനം മാത്രമാണു്. ആശയവാദികളാവട്ടെ (Philosophers of Idealism) മനസ്സു

മാത്രമാണു് യഥാർത്ഥമെന്നും ചിന്ത മനസ്സിന്റെ പ്രക്രിയയാണെന്നും വിശ്വസിക്കുന്നു. അഭൗതിക യാഥാർത്ഥ്യമായ ചിന്ത അഭൗതികമായ മനസ്സിന്റെ സൃഷ്ടിയാണെന്നുള്ളതല്ലേ കൂട്ടുതൽ യുക്തിസഹമായിട്ടുള്ള ചിന്താഗതി? അങ്ങനെ മനുഷ്യനിൽ അഭൗതികമായ എന്തോ ഒന്നു് ഉണ്ടെന്നു സമ്മതിക്കുവാൻ നാം നിർബന്ധിതരാകുന്നു. ഈ അഭൗതികയാഥാർത്ഥ്യത്തെ നാം സാധാരണയായി ആത്മാവു് (Soul) എന്നു വിളിക്കുന്നു. ആത്മാവു് കൂട്ടിലെ കിളിയല്ല. അതുപോലെ തന്നെ ബൗദ്ധ-ജൈന-ഹൈന്ദവ ധർമ്മങ്ങൾ കരുതുന്നതുപോലെ പൂർവ്വജന്മത്തിലെ കർമ്മങ്ങൾ തുന്നിയിട്ട പാരതന്ത്ര്യത്തിന്റെ ഒരു മേലങ്കിയല്ല ശരീരം, ആത്മശരീരങ്ങൾ രണ്ടും മനുഷ്യവ്യക്തിയുടെ പൂർണ്ണതയ്ക്കു് അനുപേക്ഷണീയങ്ങളാണു്.

ഇങ്ങനെയാണെങ്കിലും ആത്മാവാണു് ശരീരത്തേക്കാൾ പ്രാധാന്യമർഹിക്കുന്നതെന്നു് സമ്മതിച്ചേതീരൂ. ശരീരം നമ്മെ സ്ഥലകാലങ്ങളുടെ അടിമകളാക്കുന്നു; മരണം ശരീരത്തെ ശിഥിലമാക്കുന്നു, ആത്മാവാകട്ടെ സ്ഥലകാലാതീതമായി വർത്തിക്കുന്നു. പദാർത്ഥത്തിന്റെ യാതൊരു ഗുണങ്ങളും അതിനില്ലാത്തതുകൊണ്ടു് പദാർത്ഥത്തിന്റെ നിയമങ്ങൾ അതിനെ ബാധിക്കുമെന്നു കരുതാൻ നിവൃത്തിയില്ല അതുകൊണ്ടു് ആത്മാവു് അനശ്വരമാണെന്നും മനുഷ്യവ്യക്തിക്കു് ശാശ്വതമായ ഒരു ജീവിതമുണ്ടെന്നും സിദ്ധിക്കുന്നു. അനശ്വരതയ്ക്കു വേണ്ടിയുള്ള ദാഹം മനുഷ്യനിൽ മാത്രമേ നാം കിണുന്നുള്ളു. അനശ്വരമായ ഒരന്ത്യം ഉള്ളതുകൊണ്ടാണു് മനുഷ്യൻ തന്നിൽ തന്നെ ഒരു ലക്ഷ്യമായിത്തീരുന്നതു്. " Each man is an end in himself He can never be made use of as ani nstru ment" എന്നുള്ള ഇമ്മാനുവൽ കാൻറിന്റെ വാക്കുകൾ ഇവിടെ പ്രത്യേകം സ്മർത്തവ്യമാണു്. അനശ്വരനായ മനുഷ്യവ്യക്തിയുടെ രണ്ടു വിശിഷ്ടശക്തികളാണു് ബുദ്ധിശക്തിയും (Intelligence) സ്വതന്ത്രമനസ്സും (Free will), ഈ ശക്തി വിശേഷങ്ങളും തന്റെ അനശ്വരപ്രകൃതിയും മൂലം സ്വജീവിതലക്ഷ്യം പ്രാപിക്കുന്നതിനുള്ള ഉത്തരവാദിത്വം മനുഷ്യനുണ്ടു്. മൗലികപ്രാധാന്യമർഹിക്കുന്ന ഈ കർത്തൃവ്യത്തിന്റെ അവശ്യഫലങ്ങളാണു് മനുഷ്യന്റെ സ്വാഭാവികങ്ങളായ അവകാശങ്ങൾ അഥവാ മൗലികാവകാശങ്ങൾ, ജീവനിലുള്ള അവകാശം (Right to Life), സ്വാതന്ത്ര്യത്തിനുള്ള അവകാശം (Right to Freedom, സ്വത്തിനുള്ള അവകാശം(Rightt o Property ), സമത്വത്തിനുള്ള അവകാശം (Right to Equality) എന്നിവയാണു് മനുഷ്യവ്യക്തിയെ കേന്ദ്രമാക്കിയുള്ള ഏററവും പ്രധാനപ്പെട്ട അവകാശങ്ങൾ, അവയെപ്പററിയുള്ള വിശദമായ പഠനത്തിനു് ഇവിടെ നാം തുനിയുന്നില്ല. ഈ അവകാശങ്ങളൊക്കെ മനുഷ്യപ്രകൃതിയിൽ രൂഢമൂലങ്ങളാണു്. അതുകൊണ്ടു് അവയെ ധ്വംസിക്കുവാൻ രാഷ്ട്രത്തിനോ സഭയ്ക്കോ മറേറതെങ്കിലും സ്ഥാപനങ്ങൾക്കോ അവകാശമില്ല, ദൈവം പോലും ഈ അവകാശങ്ങളെ മാനിക്കുന്നു.

5. കുടുംബം—മനുഷ്യാവകാശങ്ങളുടെ മറെറാരു കേന്ദ്രം

മനുഷ്യവ്യക്തി കഴിഞ്ഞാൽ പിന്നെ മനുഷ്യാവകാശങ്ങളുടെ പ്രധാ

നകേന്ദ്രം കുടുംബം (Family) ആണു്. മനുഷ്യവൎഗ്ഗത്തിൻെറ നിലനില്പിനു് പ്രകൃതിനിശ്ചയിച്ചിട്ടുള്ള വ്യവസ്ഥയാണു കുടുംബമെന്നു പറയാം. വൎഗ്ഗത്തിൻെറ വളർച്ചയ്ക്കു് സന്താനങ്ങളുടെ ഉല്പാദനവും വളൎത്തലും ആവശ്യമാണു്. സന്താനോല്പാദനത്തിനു പിന്നിലുള്ള ഘടകമാണു് സെക്സ്. മനുഷ്യൻെറ ഏററവും ഉൽക്കടമായ ഒരു വാസനയാണല്ലോ ലൈംഗികശക്തി. എന്നാൽ സന്താനങ്ങളുടെ വളൎത്തലിനെ സംബന്ധിച്ചിടത്തോളം സ്ഥിരതയും ശാന്തിയും ഉള്ള ഒരന്തരീക്ഷം ആവശമാണു്. പ്രത്യക്ഷത്തിൽ പരസ്പരവിരുദ്ധങ്ങളെന്നു തോന്നാവുന്ന വന്യമായ ലൈംഗികശക്തിയേയും കുഞ്ഞുങ്ങളുടെ വളൎത്തലിനു് ആവശ്യമായ സ്ഥിരശാന്തമായ അന്തരീക്ഷത്തെയും കൂട്ടിയിണക്കുവാനുള്ള പ്രകൃതിയുടെ മാൎഗ്ഗമാണു കുടുംബമെന്നു് എഫ്. ജെ. ഷീഡ് ചൂണ്ടിക്കാണിക്കുന്നു. സന്താനപരിപാലനകൎമ്മം സുദീൎഘമായ ഒരു കൎത്തവ്യമാകയാൽ ദമ്പതികൾ ആജീവനാന്തം ഒരുമിച്ചു കഴിയേണ്ടതും പ്രകൃതിയുടെ നിയമം ആവശ്യപ്പെടുന്നതാണു്. കുടുംബഭദ്രതയ്ക്കുവേണ്ടി പ്രകൃതിയുടെ മറെറാരു മുൻകരുതലാണു് സെക്സിൻെറ ആജ്ഞാശക്തി. ലില്ലിപ്പൂവുപോലെ പരിശുദ്ധയായ ഡസ്ഡിമോണിയുടെ ചാരിത്ര്യത്തെപ്പററിയുള്ള ഒരു സംശയം മാത്രം ഓഥെല്ലോയെ ഭ്രാന്തനും കൊലപാതകിയുമാക്കി വിശ്വോത്തരമായ ആ കഥയിലൂടെ ക്രാന്തദൎശിയായ ഷേക്സ്പിയർ ദാമ്പത്യജീവിതത്തിൽ സെക്സിനുള്ള അതുല്യമായ ആജ്ഞാശക്തി വരച്ചുകാട്ടുകയായിരുന്നു. ദാമ്പത്യത്തിലെ വിശ്വാസവഞ്ചനകൾ എത്രയെത്ര മാനസികത്തകൎച്ചകൾക്കും കൊലപാതകങ്ങൾക്കും വഴിതെളിച്ചിട്ടില്ല! കുടുംബഭദ്രതയെ കാത്തു സൂക്ഷിക്കുവാനുള്ള പ്രകൃതിയുടെ ക്രമത്തോടുള്ള വെല്ലുവിളിയുടെ ദുരന്തഫലങ്ങളാണവ. അങ്ങനെ വിത്തിൽ നിന്നു വൃക്ഷം പോലെ മനുഷ്യപ്രകൃതിയിൽ നിന്നു വികസിച്ച കുടുംബത്തിനും അതിൻേറതായ ചില ധൎമ്മങ്ങളും തന്മൂലം അതിൻേറതായ ചില അവകാശങ്ങളും ഉണ്ടു്. യാതൊരു കുടുംബത്തിനും അതിൻെറ അംഗങ്ങൾക്കെതിരായ അവകാശങ്ങളൊന്നുമില്ല. കാരണം, അവരുടെ അവകാശങ്ങൾക്കും പൂൎണ്ണതയ്ക്കും വേണ്ടിയാണല്ലോ കുടുംബം നിലകൊള്ളുന്നതു്. പക്ഷെ കുടുംബത്തിൻെറ മൗലികാവകാശങ്ങളിൽ കൈകടത്തുവാൻ മററു കുടുംബങ്ങൾക്കോ, വ്യക്തികൾക്കോ, സഭയ്ക്കോ, രാഷ്ട്രത്തിനോ അവകാശമില്ല.

6. സമൂഹം (Society) മനുഷ്യാവകാശങ്ങളുടെ മൂന്നാമത്തെ കേന്ദ്രം

വ്യക്തികളുടെ കാര്യത്തിലെന്നപോലെതന്നെ കുടുംബങ്ങൾക്കു് ഒററപ്പെട്ടുനിന്നുകൊണ്ടു നേടാൻ കഴിയാത്ത ആവശ്യങ്ങളും പ്രയോഗിക്കാനരുതാത്ത കഴിവുകളുമുണ്ടു്. മററുള്ളവരുടെ ആക്രമണത്തിൽ നിന്നുള്ള സംരക്ഷണം, ധാൎമ്മികവും കലാപരവുമായ കഴിവുകളുടെ വികാസം എന്നിവയെല്ലാം സംഘടിതമായ സാമൂഹ്യജീവിതം ഒഴിച്ചുകൂടാൻ പാടില്ലാത്തതാണു്. ചുരുക്കത്തിൽ, മനുഷ്യവ്യക്തിത്വത്തിൻെറ പരിപൂൎണ്ണമായ വികാസം സാമൂഹ്യജീവിതം കൂടാതെ സാദ്ധ്യമല്ല. ഇങ്ങനൊരു സമൂഹ

ത്തിൽ ക്രമസമാധാനപാലനത്തിനും വ്യക്തികളുടെയും കുടുംബങ്ങളുടെയും അവകാശങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങൾ ഒഴിവാക്കുന്നതിനും ഏററവും കൂടുതൽ ആവശ്യമുള്ളതു് അധികാരം (Authority) ആണെന്നുള്ളതു വ്യക്തമാണല്ലോ. അതുകൊണ്ടു് സമൂഹത്തിലെ അധികാരവും മനുഷ്യന്റെ പ്രകൃതിയിൽ നിന്നാണുദയം ചെയ്യുന്നതെന്നു് സ്പഷ്ടം. യാതൊരാളാണോ മനുഷ്യനു് അവന്റേതായ പ്രകൃതി നൽകിയതു് അതേ ആൾ തന്നെയാണു് സമൂഹത്തിൽ അധികാരം സ്ഥാപിച്ചതും. അധികാരത്തോടുകൂടിയ സംഘടിത സമൂഹത്തിന്റെ ഉത്തമോദാഹരണം രാഷ്ട്രം (State) തന്നെ. അതുകൊണ്ടു് രാഷ്ട്രവും മനുഷ്യപ്രകൃതിയിൽ നിന്നാണു് രൂപം കൊണ്ടതെന്നു പറയാം. തന്നിമിത്തം രാഷ്ട്രത്തിനും അതിന്റേതായ ധർമ്മങ്ങളും അവ നിറവേററുവാനാവശ്യമായ മൗലികാവകാശങ്ങളും ഉണ്ടു്. എങ്കിലും ഒരു കാര്യം നാം പ്രത്യേകം ഓർത്തിരിക്കണം; വ്യക്തികൾക്കും കുടുംബങ്ങൾക്കും അസാദ്ധ്യമായ കാര്യങ്ങളുടെ നിർവഹണത്തിനു വേണ്ടിയാണു രാഷ്ട്രം നിലകൊള്ളുന്നതു്. അതിനാൽ വ്യക്തിയുടെയും കുടുംബത്തിന്റെയും മൗലികാവകാശങ്ങൾക്കെതിരായ യാതൊരവകാശവും സമൂഹത്തിനോ രാഷ്ട്രത്തിനോ ഇല്ല.

### 7. ഉപസംഹാരം

ഇങ്ങനെ വ്യക്തി, കുടുംബം, സമൂഹം എന്നു മൂന്നു കേന്ദ്രങ്ങളെ ചുററി മനുഷ്യന്റെ മൗലികാവകാശങ്ങൾ ഭ്രമണം ചെയ്യുന്നു. കുടുംബവും രാഷ്ട്രവും വ്യക്തിക്കുവേണ്ടി നിലകൊള്ളുന്നു. വ്യക്തിയുടെയും കുടുംബത്തിന്റേയും രാഷ്ട്രത്തിന്റെയും അവകാശങ്ങളും പ്രവർത്തനമേഖലകളും തമ്മിലുള്ള അതിരുതിരിക്കാൻ പ്രയാസമുള്ള ചില സന്ദർഭങ്ങളുണ്ടു്. ഓരോ മൗലികാവകാശത്തെപ്പററിയുമുള്ള പഠനത്തിൽ ഈ പ്രശ്നത്തിനുള്ള പരിഹാരം ആലോചിക്കാം. ഏതായാലും ഒരു പൊതുതത്വം നമുക്കു മാർഗ്ഗദർശനം നൽകും; വ്യക്തിക്കും കുടുംബത്തിനും അസാധ്യമായ ധർമ്മങ്ങളുടെ നിർവഹണത്തിനാണു് രാഷ്ട്രം നില കൊള്ളുന്നതു്. അടുത്ത ലേഖനത്തിൽ ആവിഷ്ക്കരണത്തിന്റെ വെളിച്ചത്തിൽ മഷ്യപ്രകൃതിയെപ്പററിയും മനുഷ്യന്റെ മൗലികാവകാശങ്ങളെപ്പററിയും നമുക്കു പഠിക്കാം.

**അടുത്തലേഖനം:- ബൈബിളും മൗലികാവകാശങ്ങളും**

---

Cum Permissu Superiorum
Printed at the St. Joseph's Orphanage Press, Changanacherry
*Edited, Printed and Published by* Rev. Fr. Mathew Nadakal.

# കതിരൊളി

1 ഒരു വർഷത്തെ വരിസംഖ്യ 2 രൂപാ

ഒററക്കോപ്പിയ്ക്കു് 62 ന. പ.

2 വരിസംഖ്യ എപ്പോഴും മുൻകൂർ

3 പഴയലക്കങ്ങൾ

ഒന്നും രണ്ടും പുസ്തകങ്ങൾ 2 രൂ. വീതം

ടി പോസ്റ്റേജ് 60. ന. പ. വീതം

ആവശ്യപ്പെട്ടുക:-

Manager,
St Joseph's Orphanage Press
Changanacherry